**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 493** **23-02-2022 - ൽ മറുപടിയ്ക്ക്**

**ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനയുടെ തുടർനടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനകളിൽ ഗുരുതര ക്രമക്കേടുകൾ ഉണ്ടെന്ന് കണ്ടെത്തിയ ഓഫീസുകൾ ഏതൊക്കെയാണെന്നും പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (എ) | 2016 മേയ് മാസം മുതൽ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനകളിൽ **264**ഓഫീസുകളിൽ ഗുരുതരക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിലെ പ്രധാന കണ്ടെത്തലുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കണ്ടെത്തലുകളിന്മേൽ ബന്ധപ്പെട്ട ഭരണ വകുപ്പുകൾ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ബി) | ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനകളിലെ കണ്ടെത്തലുകളിന്മേൽ ബന്ധപ്പെട്ട ഭരണ വകുപ്പുകൾ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

2016 മെയ് മാസം മുതൽ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനയിൽ ഗുരുതര ക്രമക്കേടുകൾ കണ്ടെത്തിയ ഓഫീസുകളുടെ വിവരങ്ങൾ

**അനുബന്ധം**

| ക്രമ നമ്പർ | 2016 മേയ് മാസം മുതലുള്ള പരിശോധനയിൽ ഗുരുതര ക്രമക്കേടുകൾ കണ്ടെത്തിയ ഓഫീസുകൾ | പരിശോധനയിലെ പ്രധാന കണ്ടെത്തലുകൾ | റിപ്പോർട്ടിന്മേൽ ഭരണ വകുപ്പ് സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | പത്മനാഭപുരം കൊട്ടാരം, തക്കല | ആഭ്യന്തര പരിശോധന റിപ്പോർട്ട് ലഭ്യമായതിനു ശേഷവും വരുമാനം പൂർണ്ണമായും ട്രഷറിയിലൊടുക്കാതെയും, ക്യാഷ് ബുക്ക് എഴുതി പൂർത്തിയാക്കാതെയും ചട്ടവിരുദ്ധമായി 2,26,023/- രൂപ ട്രഷറിയിലൊടുക്കാതെ കൈവശം വച്ചതായി കണ്ടെത്തി. | പത്മനാഭപുരം കൊട്ടാരത്തിലെ ചാർജ്ജ് ഓഫീസറായിരുന്ന ശ്രീ. രാജേഷ് കുമാറിനെ 02.06.2017-ൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതായും ആഭ്യന്തര റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അടിയന്തിരമായി നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുവാനും പത്മനാഭപുരം കൊട്ടാരത്തിലെ ക്യാഷ് ബുക്ക്, ക്യാഷ് ചെസ്റ്റ് എന്നിവ കൈകാര്യം ചെയ്യുന്നതിനായി പുരാവസ്തു അദ്ധ്യക്ഷ കാര്യാലയത്തിലെ ഒരു UD ക്ലാർക്കിനെയും, ഒരു |

| | | | |
|---|---|---|---|
| | | | LD ക്ലാർക്കിനെയും, പത്മനാഭപുരം കൊട്ടാരത്തിൽ നിയമിക്കുന്നതിന് തസ്തിക ഷിഫ്റ്റ് ചെയ്യുന്നതിനും പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും 24-10-2017 ലെ അനൗദ്യോഗികകുറിപ്പ് മുഖേന ഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്. അന്തിമനടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. |
| **2** | പൊതുമരാമത്ത് (റോഡ്സ്) ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ഇടുക്കി | 11.12.2011-ലെ 11/2011-ാം നമ്പർ പരിപത്രത്തിന് വിരുദ്ധമായി ടെണ്ടർ ഒഴിവാക്കി ക്വട്ടേഷൻ ക്ഷണിച്ച് പ്രവൃത്തികൾ ചെയ്ത് സർക്കാർ ഖജനാവിന് നഷ്ടം ഉണ്ടാക്കി. | അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| **3** | കേരള കയർ തൊഴിലാളിക്ഷേമനിധി ബോർഡ് ആസ്ഥാന കാര്യാലയം, ആലപ്പുഴ | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്ന നിലയിലുള്ള ചുമതലകളും, കർത്തവ്യങ്ങളും കൃത്യമായി നിർവ്വഹിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തുക, നിലവിലുള്ള ഉത്തരവുകളും നിർദ്ദേശങ്ങളും, ചട്ടങ്ങളും മറികടന്ന് കൊണ്ടുള്ള തീരുമാനങ്ങൾ കൈക്കൊള്ളുക, പെൻഷൻ വിതരണത്തിനായി സർക്കാർ അനുവദിച്ച തുകയിൽ നിന്നും **5,72,96,287/-** രൂപ വകമാറ്റി എസ്.ബി.റ്റി.യിലും, ഇന്ത്യൻ ഓവർസീസ് ബാങ്കിലുമായി സ്ഥിരനിക്ഷേപമാക്കുക തുടങ്ങിയ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. | അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| 4 | പൊതുമരാമത്ത് (കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ഇടപ്പള്ളി, എറണാകുളം | കേസ് സംബന്ധമായ ഫയൽ കൈകാര്യം ചെയ്യുന്നതിലും, കോടതി വിധിപ്പകർപ്പ് യഥാസമയം നേടിയെടുക്കുന്നതിലും, സത്യവാങ്മൂലം സമർപ്പിക്കുന്നതിലും, വിധിന്യായം സംബന്ധിച്ച വിവരങ്ങൾ സർക്കാരിലേക്ക് അറിയിക്കുന്നതിലടക്കമുള്ള ഗുരുതരമായ വീഴ്ച കാരണം **4,17,15,446/-** രൂപ സർക്കാർ ഖജനാവിന് നഷ്ടപ്പെടുന്ന സാഹചര്യം ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ സമയോചിതമായ ഇടപെടൽ മൂലം ഒഴിവായി. | 12.12.2017 ലെ സ.ഉ(സാധാ)നം.9263/17/ധന പ്രകാരം 3 ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു. അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 5 | പ്രാഥമികോരോഗ്യ കേന്ദ്രം, കാരോട് | എച്ച്.എം.സി. ഫണ്ടിൽ നിന്നും പണാപഹരണം നടത്തുക, ക്യാഷ് ബുക്ക്, കണ്ടിജന്റ്, എസ്റ്റാബ്ലിഷ്മെന്റ് ബില്ലുകൾ, വൗച്ചറുകൾ അടക്കമുള്ള ഓഫീസ് രേഖകൾ അനധികൃതമായി കടത്തിക്കൊണ്ടു പോവുക, അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുക, കാരോട് പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഇൻചാർജ്ജിന്റെ യൂസർ ഐ.ഡി. യും പാസ് വേഡും ഉപയോഗിച്ച് SPARK -ൽ തെറ്റായ രേഖപ്പെടുത്തലുകൾ നടത്തുക തുടങ്ങിയ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തി. | കാരോട് പ്രാഥമികാരോഗ്യ കേന്ദ്രം മുൻ സീനിയർ ക്ലാർക്ക് ശ്രീമതി ലൗലി ചന്ദ്ര. വി.ആർ. നെ 7.3.2018 ലെ സ.ഉ(സാധാ) നം. 779/18/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു. അന്തിമ നടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല. |
| 6 | അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ കാര്യാലയം, പൂജപ്പുര തിരുവനന്തപുരം | മുൻകൂറായി പിൻവലിച്ച തുക യഥാസമയം ക്രമീകരിക്കാതിരിക്കുക, സ്വകാര്യ വാഹനം വാടകയ്ക്കെടുത്ത് സ്വകാര്യ യാത്രകൾക്ക് ഉപയോഗിച്ച് വ്യാജ ടൂർ ടാക്സി രസീതുകൾ മുഖേന വാടകയിനത്തിൽ തുക മാറിയെടുക്കുക, കമ്മീഷണറുടെ അറിവോ അംഗീകാരമോ ഇല്ലാതെയും, ആവശ്യകത പരിഗണിക്കാതെയും ഉയർന്ന നിരക്കിൽ സ്റ്റേഷനറി സാധനങ്ങൾ വാങ്ങി തീയതി രേഖപ്പെടുത്താത്ത invoice കളിന്മേൽ തുക മാറിയെടുക്കുക, ഔദ്യോഗിക വാഹനം | അന്തിമനടപടി റിപ്പോർട്ട്. ഭരണ വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | സ്വകാര്യ ആവശ്യങ്ങൾക്ക് ദുരുപയോഗം ചെയ്യുക, ചട്ടവിരുദ്ധമായി ചികിത്സയ്ക്കായി തുക മാറിയെടുക്കുക തുടങ്ങി നിരവധി ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. | |
| 7 | പൊതുമരാമത്ത് (നിരത്ത് വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, എറണാകുളം | EMLI സോഫ്റ്റ് വെയറിൽ വ്യാജ ബില്ല് ഐ.ഡി കൾ സൃഷ്ടിച്ചതിനു ശേഷം ആയതിനു മാറ്റം വരുത്തി സീനിയോറിറ്റി അട്ടിമറിക്കുകയും ഒരു പ്രവൃത്തിക്ക് തന്നെ വ്യത്യസ്ത വർക്ക് ഐ.ഡി കൾ സൃഷ്ടിക്കുകയും ചെയ്തു. | ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസറായ ശ്രീമതി.ബി.എസ്. ദീപയെ 27.06.2019 ലെ സ.ഉ(സാധാ) നം. 4929/19/ധന പ്രകാരവും ക്ലർക്കുമാരായ ശ്രീ.ജയകുമാർ.വി, ശ്രീ.പ്രസാദ്.എസ്.പൈ എന്നിവരെ 30.10.2019 ലെ സ.ഉ (സാധാ) നം. 1259/19/പൊ..മ.വ പ്രകാരവും സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു. അന്തിമ നടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമായിട്ടില്ല. |
| 8 | എ.എം .എം.ഹൈസ്കൂൾ, പുളിക്കൽ, മലപ്പുറം | യു.പി.എസ്.എ. മാരായി ജോലി ചെയ്തുവരുന്ന ശ്രീമതി സുൾസില. എം.വി, ശ്രീമതി ഷിജി. പി, അറബിക് ലാംഗ്വേജ് ടീച്ചറായി ജോലി ചെയ്തുവരുന്ന ശ്രീ. വാഹിദ്. കെ എന്നിവരുടെ നിയമനം സംബന്ധിച്ച നടപടികളിൽ ക്രമക്കേടുകളും, ദുരൂഹതയും ഉള്ളതായും, ആറാം പ്രവൃത്തി ദിവസം കുട്ടികളുടെ എണ്ണം പെരുപ്പിച്ച് കാണിക്കുന്നതിനു വേണ്ടി ക്രമക്കേടുകൾ നടത്തിയതായും ശ്രദ്ധയിൽപ്പെട്ടു. | അന്തിമ നടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| 9 | ഗവ. ഡെന്റൽ കോളേജ്, തിരുവനന്തപുരം | തിരുവനന്തപുരം ഗവ. ഡെന്റൽ കോളേജിലെ വിവിധ ഫീസ് ഇനങ്ങളിലായി ലഭിച്ച തുക യഥാസമയം സർക്കാർ അക്കൗണ്ടിലേക്ക് ഒടുക്കാതിരിക്കുക, ക്യാഷ് ബുക്ക് കാലികമാക്കാതിരിക്കുക, തെറ്റായ കണക്കുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുക എന്നീ ക്രമക്കേടുകൾ കണ്ടെത്തി. | റിപ്പോർട്ടിൽ ശുപാർശ ചെയ്തതിൻ പ്രകാരം അധികമായി ക്ലെയിം ചെയ്ത 70640/- രൂപ തിരുവനന്തപുരം ഡെന്റൽ കോളേജിന്റെ അക്കൗണ്ടിലേക്ക് തിരിച്ചടച്ചതായി ഭരണ വകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട് .അന്തിമ നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 10 | താലൂക്കാഫീസ്, ദേവികുളം | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി യുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ. | അന്തിമ നടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമായിട്ടില്ല |
| 11 | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, കോഴിക്കോട് | ഫ്ലാറ്റ് വാടകയിനത്തിൽ ചട്ടവിരുദ്ധമായി 4,22,000/- രൂപ അനുവദിച്ച നൽകിയതിനും, മാനദണ്ഡങ്ങൾക്ക വിരുദ്ധമായി സ്വയം തൊഴിൽ വായ്പ കരസ്ഥമാക്കിയതിനും, ചട്ടങ്ങൾ ലംഘിച്ച കൊണ്ട് വായ്പ അനുവദിച്ച നൽകിയതിനും ഉത്തരവാദിയായ മുൻ KSMDFC മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരിയെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും, ചട്ടവിരുദ്ധമായി കൈപ്പറ്റിയ തുക 18% പലിശ സഹിതം തിരികെ ഈടാക്കുന്നതിനും ശിപാർശ ചെയ്തു. | മുൻ എം.ഡി.ആയിരുന്ന ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരിയെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തതായും ടിയാൾക്കെതിരെ വിജിലൻസ് നടപടി സ്വീകരിച്ച വരുന്നതായും സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്ന നടപടികൾ സ്വീകരിച്ച വരുന്നതായും ഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്. അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 12 | പി.ഡബ്ല്യൂ.ഡി (റോഡ്സ് & ബ്രിഡ്ജസ്) മധ്യമേഖല സർക്കിൾ ഓഫീസ്, ആലുവ. | പ്രവൃത്തികളിൽ അധികമായി തുക അനുവദിച്ചുനൽകുക ,ചെക് മെഷർ ചെയ്യാതെ തുക അനുവദിച്ച നൽകുക, പ്രവർത്തികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിക്കാതിരിക്കുക കരാറുകാരൻ നടപ്പിലാക്കാത്ത പ്രവൃത്തികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് ക്രമവിരുദ്ധമായി അനുവദിച്ച നല്കുക തുടങ്ങിയ സാമ്പത്തിക ക്രമക്കേടുകളാണ് കണ്ടെത്തിയത് . | നടപടിയുടെ ഭാഗമായി 1/11/2019 ലെ സ.ഉ(സാധാ)നം. 1274/2019/പൊ.മ.വ. പ്രകാരം 3 ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി. അന്തിമ നടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല. |
| 13 | പൊതുമരാമത്ത് (R & B) വകുപ്പ്, ഡിവിഷൻ ഓഫീസ്, തൃശ്ശൂർ | പ്രവർത്തി നടപ്പിലാക്കാതെ തുക അനുവദിച്ച നൽകുക, മെഷർമെൻറ് ബുക്കിൽ ക്രമക്കേടുനടത്തി തുക അനുവദിക്കുക,ബിറ്റുമിനിൽ ക്രമക്കേട് നടത്തുക, മെറ്റിരിയലിന്റെ അളവിൽ ക്രമക്കേട് നടത്തുക തുടങ്ങിയ സാമ്പത്തിക ക്രമക്കേടുകളാണ് കണ്ടെത്തിയത് . | നടപടിയുടെ ഭാഗമായി 4.5.2020 ലെ സ.ഉ. (സാധാ)നം.425/ 2020/പൊ.മ.വ. ഉത്തരവ് പ്രകാരം 6 ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി. അന്തിമ നടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമായിട്ടില്ല. |
| 14 | പൊതുമരാമത്ത് (Roads) ഡിവിഷൻ ഓഫീസ്, കൊല്ലം | പ്രവൃത്തി നടപ്പിലാക്കാതെ പ്രവൃത്തി ചെയ്തതായി രേഖകൾ സൃഷ്ടിച്ച് ബിൽ അനുവദിച്ച നല്കിയതിലൂടെ സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടായി. | നടപടി റിപ്പോർട്ട് ഭണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല |
| 15 | KSRTC ചീഫ് ഓഫീസ് *കിഴക്കേക്കോട്ട , തിരുവനന്തപുരം* | KSRTC എറണാകുളം ഡിപ്പോയിലെ (കാരിക്കാമുറി) അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും 12 -ബേ ഗ്യാരേജിന്റെയും നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തി പ്രദേശം പരിശോധിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കുക, നിർമ്മാണത്തിലുള്ള കെട്ടിടത്തിന്റെ ബേസ്മെന്റിന് ഗുരുതരമായ അപാകതയുണ്ടെന്ന് ചീഫ് എഞ്ചിനീയർക്ക് നല്ല ബോദ്ധ്യമുണ്ടായിട്ടും, രണ്ടാം പാർട്ട് ബില്ല് | വിജിലൻസ് അന്വേഷണം നടത്തുവാൻ ശുപാർശ ചെയ്തതായി ഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | തുകയായ 80,01,862/- രൂപയ്ക്ക് വേണ്ടി സർക്കാരിലേക്ക് കത്ത് അയക്കുവാൻ ശുപാർശ ചെയ്യുക, തുടർന്ന് 22.04.2017 ലെ G.O(Rt) നം.195/2017/Trans ഉത്തരവ് പ്രകാരം അനുവദിച്ച 7951862/-രൂപയിൽ കരാറുകാരന് 62,41,471/- രൂപ അനുവദിച്ച് നൽകുക, 2-ാം പാർട്ട് ബില്ലിൽ നിന്നും ഈടാക്കിയ അഡീഷണൽ സെക്യൂരിറ്റി തുക(8,00,186/-) നൽകണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടതിൻ പ്രകാരം ടി തുക അനുവദിക്കുവാൻ ശുപാർശ നൽകുക തുടങ്ങിയ ചീഫ് എഞ്ചിനീയറുടെ നടപടി കരാറുകാരനെ സഹായിക്കുവാൻ വേണ്ടിയുള്ളതും അഴിമതിക്ക് കൂട്ട് നിൽക്കുന്നതുമാണ്. എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് പൊതുജനങ്ങളുടെ ആവശ്യത്തിലേക്കായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണത്തിലെ സാങ്കേതിക പിഴവുകളും ഗുണനിലവാരം ഉറപ്പവരുത്തുന്നതിൽ KSRTC സിവിൽ വിഭാഗം മേധാവി എന്ന നിലയിൽ ശ്രീമതി. ആർ ഇന്ദു.ന്റെ ഭാഗത്തുനിന്നും ഗുരുതരമായ കൃത്യവിലോപവും വീഴ്ചയും ഉണ്ടായതു കാരണം ഉപയോഗ ശൂന്യമായ കെട്ടിടം നിർമ്മിച്ചതിലൂടെ സർക്കാരിന്റെ 1,39,53,244/- രൂപ പാഴാകാൻ ഇടയാക്കി. കൂടാതെ ഹരിപ്പാട് ഡിപ്പോയിൽ യാത്രക്കാർക്കുള്ള കാത്തിരിപ്പ് കേന്ദ്രവും ഗ്യാരേജും നിർമ്മിക്കുന്ന പ്രവൃത്തി, ഹരിപ്പാട് ഡിപ്പോയിൽ ബസ് ടെർമിനലിന്റെയും ഷോപ്പിംഗ് കോംപ്ലക്സിന്റെയും നിർമ്മാണം,തൊടുപുഴ ഡിപ്പോയിൽ യാർഡ് നിർമ്മാണം, കണ്ണൂർ ഡിപ്പോയിൽ ജീവനക്കാരുടെ വിശ്രമ മുറികളുടെയും ഓഫീസ് കെട്ടിടത്തിന്റെയും നിർമ്മാണം,ചെങ്ങന്നൂർ ഡിപ്പോയിൽ 10 ബേകളുള്ള ഗാരേജിന്റെയും ഓഫീസ് കെട്ടിടത്തിന്റെയും നിർമ്മാണം,മൂവാറ്റുപുഴ ബസ് സ്റ്റേഷൻ യാർഡ് നവീകരണവുമായി ബന്ധപ്പെട്ട പ്രവർത്തി,മൂവാറ്റുപുഴ ഡിപ്പോയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (STP) നിർമ്മാണം | |

| | | | |
|---|---|---|---|
| | | തുടങ്ങിയ പ്രവർത്തികളിലും നിരവധി ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി . | |
| **16** | കേരള സ്റ്റേറ്റ് കാഷ്യു വർക്കേഴ്സ് അപെക്സ് ഇൻഡസ്ട്രിയൽ കൊ-ഓപറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (CAPEX), കൊല്ലം | തോട്ടണ്ടി വാങ്ങിയതിലെ ക്രമക്കേടുകാരണവും, മാനേജിങ് ഡയറക്ടർ സസ് പെൻഷൻ കാലയളവിൽ ഉപജീവന ബത്ത അധികമായി കൈപ്പറ്റിയതുകാരണവും കാപ്പക്സിന് നഷ്ടമുണ്ടായി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 17 | ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് & പുറക്കാട് ഗ്രാമപഞ്ചായത്ത് | ലോ കോസ്റ്റ് സാനിട്ടേഷൻ പദ്ധതി ക്രമക്കേടുകൾ സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കുന്നതിനാൽ വീഴ്ച വരുത്തിയ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലേയും പുറക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടിയ്ക്ക് ശുപാർശ ചെയ്തു | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 18 | കോർപ്പറേഷൻ ഓഫീസ്, കൊല്ലം | 02.06.2015 ലെ കത്ത് മുഖാന്തിരം 10 ദിവസത്തിനകം വാഹനം കൈമാറാൻ ഡീലർ തയ്യാറായിരുന്നെങ്കിലും നാളിതുവരെ മതിയായ കാരണങ്ങളില്ലാതെ വാഹനം ഏറ്റെടുക്കാത്തത് സംബന്ധിച്ച് ഉത്തരവാദികളായ ഉദ്യാഗസ്ഥർക്ക് എതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തു | നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 19 | പരീക്ഷാ ഭവൻ പൂജപ്പുര, തിരുവനന്തപുരം | അഡ്വാൻസ് തുക കൈപ്പറ്റിയ ശേഷം സെറ്റിൽ ചെയ്യാത്ത സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ.റ്റി.കെ.ബാഹുലേയൻ എന്നയാളിൽ നിന്നും 2,47,000/- രൂപയും ആയതിന്റെ 18% പലിശയും അടിയന്തിരമായി തിരിച്ചു പിടിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുവാൻ ശുപാർശ ചെയ്തു. | നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 20 | ഗവ. അനലിസ്റ്റ് | പ്ലാറ്റിനം ഉപകരണങ്ങൾ നഷ്ടപ്പെട്ടതു മൂലം | നടപടി റിപ്പോർട്ട് |

| | | | |
|---|---|---|---|
| | ലബോറട്ടറി, തിരുവനന്തപുരം | സർക്കാരിന് ഉണ്ടായ നഷ്ടം (305717/- രൂപ) ബന്ധപ്പെട്ട ഉദ്യാഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് ശുപാർശ ചെയ്തു | ലഭിച്ചിട്ടില്ല |
| 21 | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം പൊതുമരാമത്ത് (കെട്ടിട വിഭാഗം) സബ് ഡിവിഷൻ, തിരുവനന്തപുരം | പി.ഡബ്ല്യൂ.ഡി മാന്വലിലെ ചട്ടങ്ങൾക്ക് വിരുദ്ധമായി 2013-14, 2014-15 ൽ ക്രമാതീതമായി ക്വട്ടേഷൻ വർക്കുകൾ അടിയന്തിര സാഹചര്യ ശ്രേണിയിൽപ്പെടുത്തി ചെയ്യുകയും ധന (IW-T) വിഭാഗത്തിന്റെ 11.2.2011-ലെ 11/2011/ധന നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുകയും വർക്കുകൾ സ്പ്ലിറ്റ് ചെയ്ത് നടപ്പിലാക്കുകയും ചെയ്തതായി കണ്ടെത്തി. ഇതിന് ഉത്തരവാദിയായ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.മനോമോഹന് എതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തു. | നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 22 | കേരള ഹെൽത്ത് റിസർച്ച് വെൽഫയർ സൊസൈറ്റി, തിരുവനന്തപുരം | ജൂനിയർ ലാബ് അസിസ്റ്റന്റായി നിയമിതയായ ശ്രീമതി.ടി.ജയശ്രീയെ കമ്പ്യൂട്ടർ ഓപ്പറേറ്ററുടെ തസ്തികയിലേക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ മത്സര പരീക്ഷയോ ഇന്റർവ്യൂവോ നടത്താതെ നിയമിച്ചിട്ടുള്ള നടപടി ക്രമവിരുദ്ധമായതിനാൽ ടിയാളെ കമ്പ്യൂട്ടർ ഓപ്പറേറ്ററുടെ തസ്തികയിൽ നിന്നും നീക്കം ചെയ്യാൻ ശുപാർശ ചെയ്തു | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 23 | കായിക യുവജനകാര്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം | പരിശീലകർക്കുള്ള വേതനം, താമസം, യാത്രാ സൗകര്യം എന്നിവയ്ക്ക് 2014-15 വർഷം 3 മാസത്തെ ചെലവായി അധികം അനുവദിച്ച 4,18,500/- രൂപയും പരിശീലകരുടെ വേതനം, താമസം, യാത്രാബത്ത എന്നീയിനങ്ങളിൽ 2015 ഏപ്രിൽ,മെയ് മാസങ്ങളിലെ ചെലവായി അനുവദിച്ച 2,55,000/- രൂപയും മഹേഷ് ഭൂപതി ടെന്നീസ് ട്രെയിനിംഗ് അക്കാദമിയിൽ നിന്നും തിരിച്ച് പിടിച്ച് സർക്കാരിൽ അടയ്ക്കാനുള്ള നടപടി സ്വീകരിയ്ക്കുവാൻ ശുപാർശ ചെയ്തു | നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| 24 | പൊഴിയൂർ യു.പി.എസ്, തിരുവനന്തപുരം. | 1. ഫർണിച്ചർ വാങ്ങി നൽകുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി നേരിട്ട് നടപടി സ്വീകരിക്കുന്നതിന് പകരം സ്കൂൾ പ്രഥമാധ്യാപകൻ ഹാജരാക്കിയ ക്വട്ടേഷൻ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പ്രകാരം പര്യാപ്തമാണോയെന്ന് പരിശോധിക്കാതെയും തുക ചെലവഴിക്കുന്നത് സംബന്ധിച്ച് യാതൊരു മാർഗ്ഗ നിർദ്ദേശവും പ്രഥമാധ്യാപകന് നൽകാതെയും 17,85,788/- രൂപ അനുവദിച്ച് നൽകിയത് തീരദേശ വികസന കോർപ്പറേഷൻ മുൻ എം.ഡിയായിരുന്ന ഡോ: കെ.അമ്പാടി ഐ.ഐ.എസ് -ന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. ആയതിനാൽ ഇക്കാര്യത്തിൽ ടിയാനെതിരെ ഉചിതമായ നടപടി ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്.<br>2. സ്റ്റോർസ് പർച്ചേസ് ചട്ടങ്ങൾ പാലിക്കാതെ ടെണ്ടർ രേഖകളിൽ കൃത്രിമത്വം നടത്തിയതും ഫർണിച്ചർ ലഭിക്കാതെ തന്നെ മുഴുവൻ തുകയും കരാറുകാരന് മുൻകൂറായി നൽകിയ നടപടിയും ധനതത്വങ്ങൾക്ക് വിരുദ്ധമാകയാൽ, പൊഴിയൂർ ഗവ. യു.പി സ്കൂൾ പ്രഥമാധ്യാപകനെതിരെ ഭരണ വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്. | നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 25 | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം. | 2016-17 -ലെ റാബി കൃഷിയിലെ 494 -ഓളം ക്ലെയിമുകൾ (ഇൻഷുറൻസ് കമ്പനിയുടെ രേഖകൾ പ്രകാരം) കർഷകരുടെ അക്കൗണ്ടുകളിൽ എത്തിയിട്ടില്ല. ആയതിനാൽ ഇക്കാര്യം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് അടിയന്തിരമായി പരിശോധിക്കുകയും കമ്പനി തെറ്റായ കർഷക വിവരം നൽകി സബ്സിഡി (38,20,334/- രൂപ) നേടിയെടുത്തിട്ടുണ്ടെങ്കിൽ ഇൻഷുറൻസ് | നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | കമ്പനിയെ കരിമ്പട്ടികയിൽ പെടുത്തുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്യു. | |
| 26 | IIITM - K തിരുവനന്തപുരം | 1. സർക്കാർ അനുമതിയില്ലാതെ നടത്തിയ റഗുലർ, പെർമനന്റ് രീതിയിലുള്ള നിയമനങ്ങൾ പുനഃപരിശോധിക്കേണ്ടതാണ്.<br><br>2. IIITM-K- യിൽ നിന്നും മാനേജർ തസ്തികയിൽ 31/08/2017 -ൽ വിരമിച്ച പി.സി.ഡേവിഡിനെ ടെക്നോസിറ്റിയിൽ പ്രവർത്തനം ആരംഭിക്കുന്ന സർവ്വകലാശാല സമുച്ചയത്തിന്റെ സ്പെഷ്യൽ ഓഫീസറായി 30,000/- രൂപ ശമ്പളത്തിൽ വ്യക്തമായ തീരുമാനങ്ങളോ മറ്റ് നടപടി ക്രമങ്ങളോ ഇല്ലാതെ നിയമിച്ചു. പ്രസ്തുത നിയമനം റദ്ദാക്കേണ്ടതാണ്.<br><br>3. ആനന്ദ്. കെ (റിസർച്ച് ആന്റ് ഡവലപ്മെന്റ് എഞ്ചിനീയർ), ശ്രീ.പ്രവീൺ.എസ് (റിസർച്ച് ആന്റ് ഡവലപ്മെന്റ് എഞ്ചിനീയർ), ശ്രീ.റോഹൻ കലാനി (ഡയറക്ടർ ഓപ്പറേഷൻസ്) എന്നിവരുടെ നിയമനങ്ങൾക്ക് ഡയറക്ടർ ബോർഡിന്റെയും സർക്കാരിന്റെയും സാധൂകരണം നേടേണ്ടതാണ്.<br><br>4. നിശ്ചിത യോഗ്യത ആർജ്ജിക്കാത്തവരെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയത് പുനഃപരിശോധിക്കേണ്ടതാണ്. | നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 27 | ഇൻഫോ പാർക്ക്, കൊച്ചി | 1. സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന തസ്തികകളിൽ Organisational Structure ൽ ഇല്ലാത്ത | നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | സൈറ്റ് എഞ്ചിനിയർ, സൈറ്റ് അസിസ്റ്റന്റ് എന്നീ തസ്തികകൾ കൂടി ക്രമവിരുദ്ധമായി ഉൾപ്പെടുത്തി നിയമനം നടത്തി. ഇത് ഭരണ വകുപ്പ് പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.<br><br>2. സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാത ശമ്പള പരിഷ്കരണം അനുവദിച്ചു. ആയതിന് ഉത്തരവാദികളായവർക്കെതിരെ ഭരണ വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്. | |
| 28 | ഐ.സി.ഡി.എസ്, വൈക്കം. | അടിയന്തിര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിലേക്കായി സി.ഡി.പി.ഒ, വൈക്കം 2015 -16 ൽ ഐ .സി .ഡി .എസ് സൂപ്പർവൈസർമാർക്ക് അനുവദിച്ച 1,41,000/- രൂപ സൂപ്പർവൈസർമാർ സെറ്റിൽ ചെയ്തിട്ടില്ല. ആയതിനാൽ ടി തുക 18% പലിശ സഹിതം തിരിച്ചു പിടിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. (തിരിച്ചുപിടിയ്ക്കാനുള്ള തുക — (1,41,000 രൂപയും ആയതിന്റെ 18%പലിശയും) | നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 29 | മീനടം ഗവൺമെന്റ് ഹൈസ്കൂളിലെ പ്രഥമാദ്ധ്യാപകനെതിരെ ലഭിച്ച പരാതി. | മീനടം ഗവൺമെന്റ് ഹൈസ്കൂളിലെ പ്രഥമാദ്ധ്യാപകനായ ശ്രീ. പി. പി. മോഹനൻ സ്കൂളിലെ വിവിധ അക്കൗണ്ടുകളിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുകകളിൽ ബില്ലുകൾ, വൗച്ചറുകൾ എന്നിവ ഹാജരാക്കാൻ സാധിക്കാതെ വന്നത് പരിശോധന വിഭാഗം കണ്ടെത്തിയതുമായ തുക 4,81,364/- രൂപയിൽ ഓരോ തുകയും അതാത് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും പിൻവലിച്ച തീയതി മുതൽ തുക അടയ്ക്കുന്നതുവരെ 18% പലിശ സഹിതം ശ്രീ. പി. പി. മോഹനിൽ നിന്നും ഈടാക്കുവാനും കൂടാതെ ടിയാനെതിരെയുള്ള വകുപ്പുതല അച്ചടക്ക നടപടികൾ എത്രയും വേഗം പൂർത്തിയാക്കാനും ശുപാർശ ചെയ്യു. (തിരിച്ചു പിടിയ്ക്കാനുള്ള തുക 3,61,364/-രൂപയും ആയതിന്റെ പലിശയും). | നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| 30 | മുനിസിപ്പൽ ഓഫീസ്, ആലുവ | സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടമായ 1,12,630/- രൂപ ആലുവ മുനിസിപ്പാലിറ്റിയിലെ കെ ടി രാജേന്ദ്രൻ നായർ, ഹെൽത്ത് സൂപ്പർവൈസർ, അജിത് പ്രസാദ് പി എസ്,ചീഫ് അക്കൗണ്ടൻറ്, ടി ജി വസന്തകുമാരി, സീനിയർ ക്ലാർക്ക് അക്കൗണ്ട്സ് വിഭാഗം, കെ കൃഷ്ണകുമാർ, സീനിയർ ക്ലാർക്ക്, ഹെൽത്ത് വിഭാഗംഎന്നിവരിൽ നിന്നും തുല്യമായി ഈടാക്കാവുന്നതാണ്. | നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 31 | എൻ എച്ച് ഡിവിഷൻ (PWD) മൂവാറ്റുപുഴ | അകാരണമായി ഇ-ടെണ്ടർ നടപടികൾ ഒഴിവാക്കി എൻ എച്ച് 49 ലെ കോതമംഗലം ടൗണിലുള്ള കലുങ്കു നിർമ്മാണം (10 ലക്ഷം) കുരൂർ പാലത്തിലെ സ്റ്റീൽ നടപാത പുനസ്ഥാപനം (25 ലക്ഷം) എന്നീ വേലകൾ ക്വട്ടേഷൻ വഴി നൽകിയ മൂവാറ്റുപുഴ PWD എൻ എച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഐസക്ക് വർഗ്ഗീസിന്റെ നടപടി PWD മാനുവൽ പ്രകാരം ക്രമവിരുദ്ധമാണ്. ഈ സാഹചര്യത്തിൽ ഇതു സംബന്ധിച്ച് മൂവാറ്റുപുഴ PWD എൻ എച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഐസക്ക് വർഗ്ഗീസിൽ നിന്ന് വിശദീകരണം വാങ്ങിയശേഷം ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകാവുന്നതാണ് | നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 32 | വാഹന പരിശോധന ആർ ഡി ഒ, ഫോർട്ടുകൊച്ചി | 1. മുൻകൂർ അനുമതിയില്ലാതെ ഔദ്യോഗിക വാഹനം ആഡംബരത്തിനുവേണ്ടി മോടി പിടിപ്പിക്കുന്നതിനായി ചെലവഴിച്ച 77,500/- രൂപ സംബന്ധിച്ച് ശ്രീ. സുഹാസ് എസ്, ഐ എ എസിൽ നിന്നും വിശദീകരണം ലഭ്യമാക്കി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.<br><br>2. ഡൽഹി ട്രെയിനിംഗിന് പോയിരുന്ന | നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | | ദിവസങ്ങളിൽ അനധികൃതമായി 834 കിലോ മീറ്റർ സഞ്ചരിച്ചതായി ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈയിനത്തിൽ ചെലവായ 4,956/- രൂപ ടിയാനിൽ നിന്നും ഈടാക്കേണ്ടതാണ്.<br><br>3. വിദേശ യാത്രയുടെ യാത്രബത്ത വാങ്ങിയതുമായി ബന്ധപ്പെട്ട് ടിയാനിൽ നിന്നും വിശദീകരണം വാങ്ങി ആവശ്യമെങ്കിൽ മേൽ നടപടികൾ കൈക്കൊള്ളാവുന്നതാണ്.<br><br>4. മെക്കാനിക്കൽ എഞ്ചിനീയർ, ഭരണവകുപ്പ്, ധനവകുപ്പ് എന്നിവയുടെ അനുമതിയില്ലാതെ എറണാകുളം ജില്ലയ്ക്ക് ആർ എം എഫ് ഫണ്ടിൽ നിന്നും വാങ്ങിയ വാഹനങ്ങൾ മോടി പിടിപ്പിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർ ക്രമരഹിതമായി 4,24,474/- രൂപ ചെലവഴിച്ചത് സംബന്ധിച്ച് ഭരണ വകുപ്പ് വിശദീകരണം ലഭ്യമാക്കി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.<br><br>5. ഡൽഹിയിൽ ട്രെയിനിങ്ങിലായിരുന്ന സമയത്തു തന്നെ ഇവിടെ ഔദ്യോഗിക യാത്രകൾ നടത്തിയെന്ന് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇത് വാഹന ദുരുപയോഗത്തിന് ഉദാഹരണമാണ്. കൂടാതെ 2016 – മെയ്, ജൂൺ, ആഗസ്റ്റ് മാസങ്ങളിൽ വാഹനത്തിന്റെ ടാങ്ക് കപ്പാസിറ്റിയെക്കാൾ കൂടുതൽ ഇന്ധനം ടാങ്കിൽ നിലനിർത്തിയിരിക്കുന്നതായി ലോഗ് ബുക്കിൽ കാണിച്ചിരിക്കുന്നു. ഔദ്യോഗിക വാഹന ദുരുപയോഗം വ്യാപകമായി ടിയാൻ നടത്തിയിട്ടുണ്ട്. ഈ നടപടിയ്ക്ക് മാതൃകാപരമായ നടപടി എടുക്കുന്നതിന് ഭരണവകുപ്പിനോട് നിർദ്ദേശിക്കുന്നു. | |
| 33 | ഗവൺമെൻറ് ഹൈസ്കൂൾ പെരുമ്പാവൂർ | സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി വാങ്ങലുകൾ/കരാർ പ്രവൃത്തികൾ എന്നിവ | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | | നടത്തുക, സാധുവായ വൗച്ചറുകൾ സൂക്ഷിക്കാതിരിക്കുക, ടെണ്ടറുകൾ/ക്വട്ടേഷൻ ക്ഷണിക്കാതെ നിർമ്മാണ പ്രവൃത്തികൾ നടത്തുക, സ്ഥലം മാറി പോയി മാസങ്ങൾ കഴിഞ്ഞിട്ടും സ്കൂളിലെ ചെലവിന്റെ വൗച്ചറുകളും രസീതുകളും കൈവശം സൂക്ഷിക്കുക എന്നീ അപാകതകൾക്ക് മുൻ പ്രധാനാദ്ധ്യാപിക ശ്രീമതി. രമണി പി.വി. (ഇപ്പോൾ ഡി ഇ ഒ കോതമംഗലം) ത്തിനെതിരെ വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.<br><br>സാധുവായ വൗച്ചറുകൾ /ബില്ലുകൾ ഇല്ലാതെ നൽകിയ 30,670/- രൂപ മുൻ പ്രധാന അദ്ധ്യാപിക ശ്രീമതി. രമണി പി വി യിൽ നിന്നും ഈടാക്കാവുന്നതാണ്. | |
| 34 | ജലഗതാഗത വകുപ്പ് മേഖലാ കാര്യാലയം, എറണാകുളം | ഹാജർ പുസ്തകത്തിൽ ഒപ്പിടാതെ ശമ്പളം വാങ്ങുക, പഞ്ചിംഗ് രേഖപ്പെടുത്താതിരിക്കുക. ഓഫീസിൽ താമസിച്ച് ഹാജരാവുക. ക്യാഷ് ബുക്ക് കൃത്യമായി ശരിയായ മാതൃകയിൽ എഴുതി സൂക്ഷിക്കാതിരിക്കുക. ഓഫീസ് കുത്തഴിഞ്ഞ രീതിയിൽ പ്രവർത്തിക്കുക. എന്നീ അപാകതകൾക്ക് ശ്രീമതി. ബാർബറ, സീനിയർ സൂപ്രണ്ടിനെതിരെ വകുപ്പ് തല അച്ചടക്ക നടപടിക്ക് ജലഗതാഗത വകുപ്പിനോട് ശുപാർശ ചെയ്യാവുന്നതാണ്.<br><br>2. ക്യാഷ് ബുക്ക് ശരിയായ മാതൃകയിൽ എഴുതി സൂക്ഷിക്കുന്നതിന് വീഴ്ച വരുത്തിയ ക്ലാർക്കിനെതിരെ വകുപ്പ് തല അച്ചടക്കനടപടിക്ക് ശുപാർശ ചെയ്യാവുന്നതാണ്.<br><br>3. പഞ്ചിംഗ് സ്റ്റേറ്റ്മെൻറിൽ ആബ്സെൻറ് രേഖപ്പെടുത്തിയിട്ടും ഹാജർ പുസ്തകത്തിൽ ഒപ്പിട്ട് ശമ്പളം വാങ്ങിയ ജീവനക്കാരിൽ നിന്നുംഅന്യായമായി വാങ്ങിയ ശമ്പളം തിരിച്ച് പിടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ജലഗതാഗത വകുപ്പ് | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | | ഡയറക്ടർക്ക് നിർദ്ദേശം നൽകാവുന്നതാണ്.<br><br>4. കൃത്യനിഷ്ഠയില്ലാതെ ജോലിക്ക് ഹാജരാകുന്ന ജീവനക്കാർക്കെതിരെ കെ എസ് ആർ വോളിയം 1 ചട്ടം 14 കുറിപ്പ് 1,2 പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്. | |
| 35 | ജില്ലാ മെഡിക്കൽ ഓഫീസറുടെ കാര്യാലയം, ഹോമിയോപ്പതി, എറണാകുളം | ഡോ. രാമചന്ദ്രവാര്യർ, ഡി എം ഒ അനധികൃതമായി എടുത്തിട്ടുള്ള കോമ്പൻസേറ്ററി ഓഫ് റദ്ദ് ചെയ്ത് ആയതിന് നൽകിയ ശമ്പളം കേരളസർവ്വീസ് ചട്ടം ഭാഗം 3 ചട്ടം 3 ലെ കുറിപ്പ് 2,3 പ്രകാരം ടിയാന്റെ ഡി സി ആർ ജി യിൽ നിന്നും ഈടാക്കാവുന്നതാണ്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 36 | എം കെ എം എച്ച്എസ്എസ്, പിറവം | അദ്ധ്യാപക തസ്തിക നിലനിർത്തുന്നതിനുവേണ്ടി നാല് കുട്ടികളെ വ്യാജമായി കാഞ്ഞിരമറ്റം, സെൻറ് ഇഗ്നേഷ്യസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ നിന്നും പിറവം എം കെ എം എച്ച് എസ് എസി ലേക്ക് പ്രവേശനം നൽകിയതായി കാണിച്ച എം കെ എം എച്ച് എസ് എസ് സ്കൂൾ അധികൃതർക്കും മാനേജ്മെൻറിനും എതിരേ വകുപ്പ് തല നടപടി സ്വീകരിക്കേണ്ടതാണ്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 37 | എ ഇ ഒ ഓഫീസ്, എറണാകുളം | 1. യാത്രാ ബത്ത ഇനത്തിൽ അനധികൃതമായി കൈപ്പറ്റിയ തുക 1320/-രൂപ ക്ലാർക്കുമാരിൽ നിന്നും ഈടാക്കാവുന്നതാണ്<br><br>2. സ്ഥലം മാറ്റം ലഭിച്ചതിന് ശേഷം ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് കൈപ്പറ്റിയ 32,191/- രൂപ മുൻ എ ഇ ഒ ശ്രീമതി ആർ ശ്രീകലയിൽ നിന്നും ഈടാക്കുന്നതിന് എറണാകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകാവുന്നതാണ്.<br><br>3. ശരിയായ മാതൃകയിലുള്ള ബില്ലുകൾ /വൗച്ചറുകൾ ഇല്ലാതെ ചെലവഴിച്ച തുക | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | | 57434/- രൂപ മുൻ എ ഇ ഒ ശ്രീമതി. ആർ ശ്രീകലയിൽ നിന്നും ഈടാക്കുന്നതിന് എറണാകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകാവുന്നതാണ്.<br><br>4. 2013 -14 ൽ സ്പോർട്ട്സിനും, ഗെയിംസിനും അക്വിറ്റൻസിൽ ഒപ്പ് രേഖപ്പെടുത്താതെ അദ്ധ്യാപകർക്ക് നൽകിയ തുക 6000/- രൂപ മുൻ എ ഇ ഒ ശ്രീമതി. ആർ ശ്രീകലയിൽ നിന്നും ഈടാക്കുന്നതിന് എറണാകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകാവുന്നതാണ്.<br><br>5. 2013 ലെ കായികമേളയുടെ ചിലവായി 2013 ജൂൺ 23, 25 തീയതികളിലെ ബില്ല് ഹാജരാക്കി കൈപ്പറ്റിയ 4369/- രൂപ മുൻ എ ഇ ഒ ശ്രീമതി. ആർ ശ്രീകലയിൽ നിന്നും ഈടാക്കുന്നതിന് എറണാകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകാവുന്നതാണ്.<br><br>6. ഡി പി ഐ യുടെ കേരള കലോൽസവ മാനുവലിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മേള നടത്തുകയും കേരള ഫിനാൻസ് കോഡ്, സ്റ്റോർ പർച്ചേസ് മാനുവൽ എന്നിവയിലെ ചട്ടങ്ങൾ പാലിക്കാതെ കലാ, കായിക, ശാസ്ത്ര മേളകളുമായി ബന്ധപ്പെട്ട വരവ് ചെലവുകൾ നടത്തുകയും ചെയ്ത മുൻ എ ഇ ഒ ശ്രീമതി. ആർ ശ്രീകലക്കെതിരെ വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിനോട് ശുപാർശ ചെയ്യാവുന്നതാണ്. | |
| 38 | കർഷകരുടെ ഓൺ ലൈൻ രജിസ്ട്രേഷൻ അപ്ഡേഷൻ ഫണ്ട് പരിശോധന (എറണാകുളം ജില്ലയിലെ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ | 1. കർഷക രജിസ്ട്രേഷൻ അപ്ഡേഷനുമായി ബന്ധപ്പെട്ട് നിർവ്വഹിക്കാത്ത പ്രവൃത്തി പൂർത്തീകരിച്ചുവെന്ന വ്യാജരേഖയുണ്ടാക്കി ക്ലെയിം സമർപ്പിച്ച് എ ഡി എ മാരിൽ നിന്നും തുക കൈപ്പറ്റിയ കൃഷി ഓഫീസുകളിലെ ഓഫീസർമാർക്കെതിരെ വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ഭരണവകുപ്പിന് | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | ഓഫീസറുടെ കാര്യാലയത്തിലും 14 എ ഡി എ ഓഫീസുകളിലും ഏതാനും കൃഷി ഭവനുകളിലും) | നിർദ്ദേശം നൽകുന്നു.<br><br>2. തുക തിരിച്ചടക്കാത്ത കൃഷി ഓഫീസർമാരിൽ നിന്നും ടി തുക 18% പലിശ സഹിതം ഈടാക്കി സർക്കാരിലേക്ക് ഒടുക്കുന്നതിനും എറണാകുളം പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർക്ക് നിർദ്ദേശം നൽകാവുന്നതാണ്.<br><br>3. യഥാർത്ഥത്തിൽ രജിസ്റ്റർ ചെയ്ത കർഷകരുടെ എണ്ണത്തേക്കാൾ കൂടുതൽ കർഷകർ രജിസ്റ്റർ ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തി അധിക തുക ക്ലെയിം ചെയ്ത ഞാറയ്ക്കൽ കൃഷി ഉപഡയറക്ടർക്ക് കീഴിലുള്ള 4 കൃഷി ഓഫീസർമാർക്കെതിരെ വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.<br><br>4. വേണ്ടത്ര സമയം ലഭ്യമായിട്ടും രജിസ്ട്രേഷൻ-അപ്ഡേഷൻ പൂർത്തിയാക്കുന്നതിന് നേതൃത്വപരമായ വീഴ്ച വരുത്തിയ എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസറെ താക്കീത് ചെയ്യുന്നതിന് കൃഷി ഡയറക്ടർക്ക് നിർദ്ദേശം നൽകാവുന്നതാണ്. | |
| 39 | ഗ്രാമപഞ്ചായത്ത് മഴുവന്നൂർ (പദ്ധതികളുടെ പരിശോധന) | 1. 37/17 വയോജനങ്ങൾക്കുള്ള പകൽ വീട്, ഭൗതിക സാഹചര്യം ഒരുക്കൽ എന്ന പദ്ധതിയിൽ കെ പി എം സ്റ്റോർ, ചെറുപ്പുള്ളശ്ശേരി, പാലക്കാട് എന്ന സ്ഥാപനത്തിന് നൽകിയ അധിക തുക 19800/-രൂപ നിർവ്വഹണോദ്യോഗസ്ഥനായിരുന്ന മുൻ സെക്രട്ടറി ശ്രീ. എം എൻ മോഹനനിൽ നിന്നും ഈടാക്കുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത്, എറണാകുളത്തിന് നിർദ്ദേശം നൽകാവുന്നതാണ്.<br><br>2. 16.11.2013 ലെ ജി ഒ (എം എസ്) 362/2013/തസ്വഭവ യിലെ സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി നൽകിയ 56,880/-രൂപ നിർവ്വഹണോദ്യോഗസ്ഥനായിരുന്ന ശ്രീ. യു.കെ. സുരേന്ദ്രൻ, അസി. സെക്രട്ടറിയിൽ | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | | (നിലവിൽ സെക്രട്ടറി, മണീട് ഗ്രാമപഞ്ചായത്ത്) നിന്നും ഈടാക്കുന്നതിനും, വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത്, എറണാകുളത്തിന് നിർദ്ദേശം നൽകാവുന്നതാണ്.<br><br>3. 20/17 പട്ടികജാതി പെൺകുട്ടികളുടെ വിവാഹധനസഹായമെന്ന പദ്ധതിയിൽ ശ്രീമതി. മായാ മാത്യുവിന് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നൽകിയ തുക 50,000/-രൂപ തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ മഴുവന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകാവുന്നതാണ്. | |
| 40 | ഡി റ്റി പി സി, എറണാകുളം | 1. 29.08.2009 ലെ 75/09/Fin സർക്കാർ ഉത്തരവിന് വിരുദ്ധമായി സർക്കാർ പണം തന്നിഷ്ടപ്രകാരം ക്രയവിക്രയം നടത്തിയ എറണാകുളം ഡി റ്റി പി സി സെക്രട്ടറി, ചെയർമാൻ എന്നിവരോട് വിശദീകരണം ആവശ്യപ്പെടുന്നതിനും, ഖണ്ഡിക 4 പ്രകാരം സർക്കാർ പണം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച ബന്ധപ്പെട്ടവരിൽ നിന്നും പലിശയായി 18% തുക ഈടാക്കുന്നതിനും ടൂറിസം വകുപ്പിന് നിർദ്ദേശം നൽകുന്നു.<br><br>2. പൂർത്തിയാക്കിയ പദ്ധതികളിലെ നീക്കിയിരിപ്പ് തുക, ഭൂമി സംബന്ധമായ അനുമതി ലഭിക്കാത്തതിനാൽ നാളിതുവരെ തുടങ്ങാനാവാത്തവയ്ക്കുള്ള തുക, ബി ഒ ടി വ്യവസ്ഥയിൽ പൂർത്തീകരിച്ച പദ്ധതിക്കനുവദിച്ച തുക എന്നിങ്ങനെ **3,19,19,382/-രൂപ** സർക്കാരിലേക്ക് തിരികെ ഒടുക്കുന്നതിന് സെക്രട്ടറി ഡി റ്റി പി സി എറണാകുളത്തിന് നിർദ്ദേശം നൽകേണ്ടതാണ്.<br><br>3. UBI യിലെ അക്കൗണ്ട് ക്ലോസ് ചെയ്ത് ഈ അക്കൗണ്ടിൽ നിലവിൽ ബാക്കിയുള്ള | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | | 1,63,01,610/- രൂപ. ധനകാര്യവകുപ്പിൻെറ അനുമതിയോടെ ട്രഷറിയിൽ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്<br><br>4. പദ്ധതികളുടെ തുക നിക്ഷേപിച്ച് യു ബി ഐ യിലെ അക്കൗണ്ടിൽ പലിശയിനത്തിൽ ലഭിച്ച തുക 1,28,99,029/- രൂപ സർക്കാരിലേക്ക് നിശ്ചിത അക്കൗണ്ട് ശീർഷകത്തിൽ ഒടുക്കുന്നതിന് സെക്രട്ടറി ഡി റ്റി പി സി എറണാകുളത്തിന് നിർദ്ദേശം നൽകേണ്ടതാണ്.<br>5. പദ്ധതികൾക്ക് അനുവദിച്ച തുകയിൽ നിന്നും സർക്കാർ അനുമതിയില്ലാതെ തുകകൾ ചെലവഴിച്ചതും, പദ്ധതികളിൽ ഭരണാനുമതി തുകയെ അധികരിച്ച് തുക ചെലവാക്കിയതും സംബന്ധിച്ച് എറണാകുളം ഡി റ്റി പി സി സെക്രട്ടറി, ചെയർമാൻ എന്നിവരോട് വിശദീകരണം ആവശ്യപ്പെട്ട് ടൂറിസം വകുപ്പ് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | |
| 41 | ഊർജ്ജിത കന്നുകാലി വികസന പദ്ധതി, ആലുവ | 1. വർഷങ്ങളായി ഉറവിടം കണ്ടെത്താനാവാതെ/ഏത് ഉദ്ദേശ്യത്തിനാണ് ലഭിച്ചതെന്നറിയാതെ എസ് ടി എസ് ബി അക്കൗണ്ടിൽ (STSB 799011400003312) നീക്കിയിരിപ്പുള്ള 3,43,264/- രൂപ സർക്കാരിലേക്ക് അടിയന്തിരമായി തിരികെ ഒടുക്കുന്നതിന് ആലുവ ഊർജ്ജിത കന്നുകാലി വികസന പദ്ധതി പ്രോജക്ട് ഓഫീസർക്ക് നിർദ്ദേശം നൽകാവുന്നതാണ്.<br><br>2. സ്ക്വാഡിന്റെ പരിശോധനാ സമയം സ്റ്റോക്കിൽ കുറവ് ഉണ്ടായിരുന്ന 4 ചാക്ക് 3 കിലോഗ്രാം കാലിത്തീറ്റയുടെ വിലയായ 4161/- രൂപ എടവനക്കാട് നോർത്ത് ക്ഷീരോൽപാദക സഹകരണസംഘം സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിന് ആലുവ ഊർജ്ജിത കന്നുകാലി വികസന പദ്ധതി പ്രോജക്ട് ഓഫീസർക്ക് നിർദ്ദേശം നൽകാവുന്നതാണ്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| 42 | സാമൂഹ്യാരോഗ്യ കേന്ദ്രം, രാമമംഗലം | HMC അക്കൗണ്ട് കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 02.01.2015 തീയതിയിലെ AC5/30023/14/DHS നമ്പർ പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ ക്ലാർക്കിനെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും, ഭാവിയിൽ ഇത്തരത്തിലുള്ള നടപടികൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്താനും എറണാകുളം ജില്ലാ മെഡിക്കൽ ആഫീസർക്ക് (ആരോഗ്യം) നിർദ്ദേശം നൽകാവുന്നതാണ്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 43 | ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, മത്സ്യവകുപ്പ്, എറണാകുളം | 1. ഫെഡറൽ ബാങ്ക് ശാഖയിലെ അക്കൗണ്ട് ക്ലോസ് ചെയ്ത് പദ്ധതിയിനത്തിൽ നീക്കിയിരിപ്പുള്ള തുക ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനും, പലിശയിനത്തിൽ നീക്കിയിരിപ്പുള്ള 7,98,495/- രൂപ നിശ്ചിത അക്കൗണ്ട് ശീർഷകത്തിൽ (0049-04-800-80 miscellaneous receipts) ഒടുക്കി ചെലാന്റെ പകർപ്പ് സമർപ്പിക്കുന്നതിനും എറണാകുളം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകേണ്ടതാണ്.<br><br>2.കോതമംഗലം എം എ കോളേജ്, മരട് ഗവ. ഐ റ്റി ഐ എന്നിവയ്ക്ക് ക്രമവിരുദ്ധമായി ആനുകൂല്യം നൽകിയതിന്റെ സാധുത ഫിഷറീസ് ഡയറക്ടർ പരിശോധിക്കേണ്ടതും സാധൂകരിക്കാനാവാത്തതാ ണെങ്കിൽ പ്രസ്തുത തുക ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ഈടാക്കി സർക്കാർ ഖജനാവിലേക്ക് അടച്ച് അക്കാര്യം റിപ്പോർട്ട് ചെയ്യേണ്ടതാണ്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 44 | ഭക്ഷ്യ സുരക്ഷാ വകുപ്പ് അസിസ്റ്റൻറ് കമ്മീഷണറുടെ കാര്യാലയം എറണാകുളം | 1.Safe and Nutritious Food @ School (SNF @ School) പദ്ധതി കുന്നത്തുനാട് സർക്കിളിൽ നടപ്പിലാക്കിയ ഭക്ഷ്യ സുരക്ഷാ ഓഫീസർ ശ്രീ. മുരളി എൻ ബി യിൽ നിന്നും വ്യാജ ബില്ല് ഉപയോഗിച്ച് അധികമായി മാറിയെടുത്ത 1150/- രൂപ ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്. കൂടാതെ ടിയാനെതിരെ | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | | യുക്തമായ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.<br><br>2. സുരക്ഷിതാഹാരം ആരോഗ്യത്തിന് ആധാരം ഭക്ഷ്യ സുരക്ഷാ ഗ്രാമപഞ്ചായത്ത് പദ്ധതി വൈപ്പിൻ സർക്കിളിൽ (2017-18) നടപ്പിലാക്കിയ വേളയിൽ ചായക്കും ലഘുഭക്ഷണത്തിനുമായി അധികമായി 4,370/- രൂപ മാറിയെടുത്ത വൈപ്പിൻ സർക്കിൾ ഭക്ഷ്യ സുരക്ഷാ ഓഫീസർ ശ്രീമതി. സിന്ധ്യ ജോസിൽ നിന്നും ടി തുക ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്. ടിയാൾക്കെതിരെ വകുപ്പ തല അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.<br><br>3- എറണാകുളം ഭക്ഷ്യ സുരക്ഷാ അസിസ്റ്റൻറ് കമ്മീഷണറുടെ കാര്യാലയത്തിനു കീഴിൽ സുരക്ഷിതാഹാരം ആരോഗ്യത്തിന് ആധാരം ഭക്ഷ്യ സുരക്ഷാ ഗ്രാമപഞ്ചായത്ത് (2017-18) എന്ന പദ്ധതി നടപ്പിലാക്കിയ കൊച്ചി, വൈപ്പിൻ, പെരുമ്പാവൂർ, മൂവാറ്റുപുഴ, അങ്കമാലി, കളമശ്ശേരി, ആലുവ എന്നീ ഏഴ് ഭക്ഷ്യ സുരക്ഷാ സർക്കിൾ ഓഫീസുകളിലെ ഭക്ഷ്യ സുരക്ഷാ ഓഫീസർമാരിൽ നിന്നും അധികമായി ചെലവഴിച്ച 69,000/- രൂപ തുല്യമായി ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതും അവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ്. | |
| 45 | ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയം, എറണാകുളം, അസിസ്റ്റൻറ് ലേബർ ഓഫീസറുടെ കാര്യാലയങ്ങളായ പെരുമ്പാവൂർ, ആലുവ, എറണാകുളം 1st, 2nd | 71011400000026 നമ്പർ അക്കൗണ്ടിൽ ഉറവിടം കണ്ടെത്താനാകാതെ നീക്കിയിരിപ്പുള്ള 14,91,087/-രൂപ സർക്കാരിലേക്ക് തിരിച്ചടച്ച് അക്കാര്യം ജില്ലാ ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്യേണ്ടതാണ്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | സർക്കിളുകളും അവയുടെ അധികാരപരിധിയിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും. | | |
| 46 | ഗ്രാമപഞ്ചായത്ത്, ഈറവൂർ | 1 - ഈറവൂർ ഗ്രാമപഞ്ചായത്തിൽ 2018 ലെ പ്രളയത്തിൽ വെള്ളംകയറി മലിനമായ 2, 11 വാർഡുകളിലെ കിണറുകൾ ശുചീകരിച്ച ഇനത്തിലെ ചെലവിൻെറ രേഖകൾ ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകേണ്ടതാണ്.<br><br>ശുപാർശ 2- 2016-17 വാർഷിക പദ്ധതിയിൽ അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 79901140000139 നമ്പർ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 3,60,000/- രൂപ തിരിച്ചടച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഈറവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകേണ്ടതാണ്.<br><br>3. തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ഉത്തരവ് പ്രകാരമുള്ള രജിസ്റ്ററുകൾ രേഖപ്പെടുത്തലുകൾ വരുത്തി ആയത് റിപ്പോർട്ട് ചെയ്യുന്നതിന് ഈറവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകേണ്ടതാണ്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 47 | സപ്ലൈകോ ഹെഡ് ഓഫീസ്,എറണാകുളം<br><br>കൊച്ചി, എറണാകുളം, നോർത്ത് പറവൂർ സപ്ലൈകോ ഗോഡൗണുകൾ | ഭക്ഷ്യ ധാന്യങ്ങളുടെ വിലയായി സർക്കാരിലേക്ക് ലഭിക്കേണ്ട 201,54,81,530 രൂപ സപ്ലൈകോ സർക്കാരിലേക്ക് അടക്കേണ്ടതാണ്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | (NFSA യുമായി ബന്ധപ്പെട്ട പരിശോധന) | | |
| 48 | കേരളസ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, വൈറ്റില | 14.03.2013 ലെ (സ.ഉ)നം.29/13/പൊ.മ.വ, 04.02.2015-ലെ സ.ഉ.(കൈ)നം.07/15/പൊ.മ.വ എന്നീ ഉത്തരവുകൾ പ്രകാരം സ്ഥിരപ്പെടുത്തിയ സൈറ്റ് അസിസ്റ്റന്റ്, ടൈപ്പിസ്റ്റ് ക്ലാർക്ക്, ജൂനിയർ അക്കൗണ്ടന്റ്, അറ്റൻഡർ/വാച്ച്മാൻ, അക്കൗണ്ടന്റ് എന്നീ തസ്തികളിലെ 50 ജീവനക്കാരുടെ 1997-ലെ ശമ്പള പരിഷ്കരണ പ്രകാരമുള്ള ശമ്പളം 06.10.2000 ലെ സ.ഉ.(കൈ )നം.63/2000/PWD ഉത്തരവ് പ്രകാരം റീഫിക്സ്ചെയ്യ്ത്, ടി ജീവനക്കാരുടെ തുടർന്നുള്ള ഗ്രേഡ്, ശമ്പള പരിഷ്കരണ ഫിക്സേഷനുകൾ അതിനനുസരിച്ച് ക്രമപ്പെടുത്തുന്നതിനും അധികമായി നൽകിയ തുക തിരിച്ച് പിടിക്കുന്നതിനും കെ.എസ്.സി.സി മാനേജിംഗ് ഡയറക്ടർക്ക് ഭരണവകുപ്പ് നിർദ്ദേശം നൽകേണ്ടതാണ്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 49 | കളക്ടറേറ്റ്, എറണാകുളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ലഭിച്ച സംഭാവന സംബന്ധിച്ച പരിശോധന | 01/04/2018 മുതൽ 03/02/2020 വരെ സി.എം.ഡി.ആർ.എഫ് -ലേക്ക് ലഭിച്ച സംഭാവനകളുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിലും 28/08/2018 -ലെ ഫണ്ട്സ് 2/50/2018/ധന സർക്കുലറിലെ നിർദേശങ്ങൾ പാലിക്കുന്നതിലും വീഴ്ച വരുത്തിയ എറണാകുളം കളക്ടറേറ്റിലെ ഉദ്യോഗസ്ഥരായ കെ.ചന്ദ്രശേഖരൻ നായർ- ഡെപ്യൂട്ടി കലക്ടർ, മീനാകുമാരി എ.എസ് -ജൂനിയർ സൂപ്രണ്ട്, വിഷ്ണുപ്രസാദ് -ക്ലാർക്ക് എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.<br><br>കുന്നത്തുനാട് താലൂക്ക് ഓഫീസിൽ നിന്നും സി.എം.ഡി.ആർ.എഫ് -ലേക്ക് ലഭിച്ച ചെക്ക് ( 30000 /-രൂപ) കൃത്യമായി വരവ് | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | | വെക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതും ധനകാര്യ പരിശോധന വിഭാഗത്തിന്റെ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയ കുന്നത്തുനാട് തഹസിൽദാരെ താക്കീത് ചെയ്യുന്നതിന് ജില്ലാ കലക്ടർക്ക് നിർദേശം നൽകേണ്ടതാണ്. | |
| 50 | കളക്ടറേറ്റ്, എറണാകുളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ലഭിച്ച സംഭാവനഫണ്ട് ധനവിനിയോഗം സംബന്ധിച്ച് | 1. എറണാകുളം കളക്ടറേറ്റിൽ CMDRF കൈകാര്യം ചെയ്തിരുന്ന സെക്ഷനിൽ 1.4.2018 മുതൽ 31.01.2020 വരെ അലോട്ട്മെൻറ് രജിസ്റ്റർ, ചെക്ക് ഇഷ്യു രജിസ്റ്റർ , ചെക്ക് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവ എഴുതി സൂക്ഷിച്ചിരുന്നില്ല.<br><br>2.പ്രളയധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവായ നടപടിക്രമങ്ങളിൽ യഥാർത്ഥത്തിൽ അനുവദിക്കേണ്ടതിനേക്കാൾ കൂടുതൽ തുക അനധികൃതമായി അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>3.പ്രളയധനസഹായം അനുവദിച്ചുകൊണ്ടുള്ള 23 പേയ്മെൻറുകൾ അനധികൃതമായി ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയാണ് നടത്തിയിട്ടുള്ളത്. ഈ ഇനത്തിൽ ആകെ 27,73,500/- രൂപയുടെ ക്രമക്കേട് നടത്തി. 10,54,000/- രൂപ തിരികെ ഈടാക്കിയിട്ടുണ്ട്. ബാക്കി 17,19,500/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കാനുണ്ട്..<br><br>. 4 പ്രളയധനസഹായം ഗുണഭോക്താക്കൾക്ക് ഒന്നിലധികം തവണ വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു. 13 ഗുണഭോക്താക്കൾക്ക് നാല് തവണ വീതവും 43 ഗുണഭോക്താക്കൾക്ക് മൂന്ന് തവണ വീതവും 2586 ഗുണഭോക്താക്കൾക്ക് രണ്ട് തവണ വീതവും എറണാകുളം കളക്ടറേറ്റിൽ നിന്നും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ധനസഹായം അനുവദിച്ചതിലൂടെ 4,45,77,500/- രൂപ | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | | അധികമായി നൽകിയിട്ടുണ്ട്.<br><br>5.2019 മാർച്ചിൽ 325 ഗുണഭോക്താക്കൾക്ക് തുക തെറ്റായി ട്രാൻസ്ഫർ ചെയ്തതുവഴി 713,70,000/- രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. | |
| 51 | കെ എസ് ബി സി വെയർ ഹൗസ് ആലുവ | മാനേജിംഗ് ഡയറക്ടറുടെ 07.07.2018 ലെ HV/MD/KSBC/TSCL/MDL/Per/2018 നമ്പർ കുറിപ്പിലെ ഉത്തരവിന് വിരുദ്ധമായി സുജിത് സുധാകർ, സ്നേഹ.സി.അനിൽ എന്നിവരെ അനധികൃതമായി ജോലിയിൽ തുടരാൻ അനുവദിച്ചതുവഴി ബിവറേജസ് കോർപ്പറേഷനുണ്ടായ സാമ്പത്തിക നഷ്ടം മാനേജർമാരായിരുന്ന ഗോപി.കെ.കെ(36,878/- രൂപ), ഇ.എം.റോക്കി (95,360/- രൂപ) എന്നിവരുടെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ചട്ടപ്രകാരം തിരിച്ച് പിടിക്കുന്നതിനും, 65,274/- രൂപ രാജേഷ്.ടി (നിലവിൽ മാനേജർ, കെ എസ് ബി സി വെയർ ഹൗസ്, തൃപ്പൂണിത്തുറ)-യിൽ നിന്നും തിരിച്ച് പിടിക്കുന്നതിനും മാനേജിംഗ് ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 52 | മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ കൂത്താട്ടുകുളം | 1 അധികാര ദുർവിനിയോഗം നടത്തി ടെണ്ടർ നിബന്ധനങ്ങളിൽ ഇളവ് ചെയ്യുക, ഉയർന്ന വിലയ്ക്ക് കരാർ നൽകുക, കരാർ ലംഘനത്തിന് നടപടി സ്വീകരിക്കാതിരിക്കുക, നടപടിക്രമങ്ങൾ പാലിക്കാതിരിക്കുക എന്നീ നടപടികളിലൂടെ കരാറുകാരനെ വഴി വിട്ട് സഹായിക്കുകയും, അടിസ്ഥാന രഹിതമായി വിലനിർണ്ണയം നടത്തി എം പി ഐ യ്ക്ക് ഭാരിച്ച നഷ്ടമുണ്ടാക്കുകയും, ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ ദുരൂഹമായി വർഷ ഫ്രെഷ് മീറ്റ് പ്രൊഡക്റ്റ്സ് എന്ന കമ്പനിക്ക് കരാർ നൽകുക, എ ജി ആഡിറ്റ് | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | | റിപ്പോർട്ടിന് യഥാസമയം മറുപടി നൽകാതിരിക്കുക, ക്രമവിരുദ്ധമായി ഫിനാൻസ് കൺസൾട്ടൻറിനെ നിയമിക്കുക, ധനകാര്യ പരിശോധനാ വിഭാഗത്തിന് വാസ്തവ വിരുദ്ധമായ മറുപടി നൽകുക എന്നീ ഗുരുതര വീഴ്ചകൾക്ക് ഉത്തരവാദിയായ ശ്രീ എ എസ് ബിജുലാലിനെ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ നിന്ന് നീക്കം ചെയ്ത് ടിയാനെതിരെ കർശനമായ വകുപ്പ്തല അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് മൃഗസംരക്ഷണവകുപ്പിന് നിർദ്ദേശം നൽകേണ്ടതാണ്.<br><br>2 ദർഘാസ് നിബന്ധനയിൽ ഇളവ് വരുത്തി ബഫല്ലോ വാങ്ങിയതിൽ കരാറുകാരന് അധികമായി നൽകേണ്ടി വന്ന 6,74,883/- രൂപ എം ഡി ശ്രീ. എ.എസ് ബിജുലാൽ, ജനറൽ മാനേജർ ഇൻചാർജ്ജ് ശ്രീ. സജി ഈശോ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കി കമ്പനി അക്കൗണ്ടിൽ അടവാക്കുന്നതിന് മൃഗസംരക്ഷണവകുപ്പിന് നിർദ്ദേശം നൽകേണ്ടതാണ്. | |
| 53 | ക്ഷീര വികസന ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, ഇടുക്കി | ക്ഷീരവികസന വകുപ്പിൽ 2016-17 സാമ്പത്തിക വർഷം നടപ്പാക്കിയ കടാശ്വാസ പദ്ധതിയുടെ ഇടുക്കി ജില്ലയിലെ നടത്തിപ്പ് സംബന്ധിച്ച ആരോപണങ്ങളിന്മേൽ ധനകാര്യ പരിശോധന (എൻ.ടി.ഡി) വിഭാഗവും ഇടുക്കി ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡും സംയുക്ത പരിശോധന നടത്തുകയും ഇതുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ നഷ്ടം (8,38,078/- രൂപ) അന്നത്തെ ഡെപ്യൂട്ടി ഡയറക്ടറും പിന്നീട് ക്ഷീരവികസന വകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജുമായ ശ്രീ.ശ്രീകുമാർ എസ്-ൽ നിന്നും, ജില്ലാതല സെക്ഷൻ കമ്മിറ്റി അംഗങ്ങൾ ആയിരുന്ന മറ്റ് 6 ഉദ്യോഗസ്ഥരിൽ നിന്നും തുല്യമായി ടി തുക അനുവദിച്ച തീയതി മുതൽ തിരിച്ചടയ്ക്കുന്ന തീയതി വരെയുള്ള 18 % പലിശ സഹിതം | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | ഈടാക്കാനും ഇവർക്കെതിരെ വകുപ്പ്തല അച്ചടക്ക നടപടികൾ സ്വീകരിക്കുവാനും പരിശോധനാ റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു. | |
| 54 | കേരള സംസ്ഥാന ശുചിത്വ മിഷൻ | 1.ഉറവിട മാലിന്യ സംസ്കരണത്തിനുള്ള വിവിധ പദ്ധതികൾക്കായി സംസ്ഥാന ശുചിത്വ മിഷനിൽ നിന്നും 2011-12, 2012-13 വർഷങ്ങൾ മുതൽ അനുവദിച്ച തുകകൾ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ചെലവഴിക്കാതെയും, തിരിച്ചടക്കാതെയും, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാതെയും ഏകദേശം 46 കോടിയോളം രൂപ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശം സൂക്ഷിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാന ശുചിത്വ മിഷന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത തുകകൾ, നാളിതു വരെ ലഭിച്ച പലിശയടക്കം തിരിച്ച് പിടിച്ച് അടിയന്തരമായി സർക്കാരിലേയ്ക്ക് മുതൽ കൂട്ടേണ്ട നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്. കൂടാതെ ടി തുകകൾ ചെലവഴിക്കാതെയും, തിരിച്ചടക്കാതെയും, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാതെയിരുന്ന ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.<br><br>2. 2012-13 സാമ്പത്തികവർഷം ഉറവിട മാലിന്യ സംസ്കരണത്തിനായി പത്തനംതിട്ട ജില്ലയിലെ 39 ഗ്രാമപഞ്ചായത്തുകൾക്കായി 2,46,90,255/- രൂപ അനുവദിക്കുകയുണ്ടായി. ടി തുക 5 വർഷത്തോളം വിനി യോഗിക്കാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിച്ചതിനാൽ ശുചിത്വമിഷൻ ആവർത്തിച്ചാവശ്യപ്പെടുകയും, അതിൽ 12 ഗ്രാമപഞ്ചായത്തുകൾ പലിശ ഇല്ലാതെ തുക തിരിച്ചടക്കുകയും ചെയ്തു. ടി സ്ഥാപനങ്ങളിൽ നിന്നും നാളിതു വരെ ലഭ്യമായ പലിശ ഈടാക്കേണ്ടതും ബാക്കിയുള്ള 27 | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | ഗ്രാമപഞ്ചായത്തുകളിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക. നാളിതു വരെ ലഭിച്ച പലിശയടക്കം തിരിച്ചു പിടിക്കേണ്ടതാണ്.<br><br>3.വനിതാ സാനിറ്ററി കോംപ്ലക്സ് പദ്ധതിക്കായി 2008-09, 2009-10, 2010-11 വർഷങ്ങളിലായി 16 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി 1 കോടി രൂപ അനുവദിച്ചു കൈമാറുകയുണ്ടായി. ആയതിൻ പ്രകാരം ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈമാറിയ വിഹിതം 6.25 ലക്ഷം (50%) രൂപയാണ്. എന്നാൽ തുക അനുവദിച്ച് 7-9 വർഷങ്ങൾക്കിപ്പുറവും 13 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുവദിച്ച തുക വിനിയോഗിക്കുകയോ, തിരിച്ചടയ്ക്കുകയോ ചെയ്യാതെ അതാതു സ്ഥാപനങ്ങൾ കൈവശം സൂക്ഷിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇപ്രകാരം സൂക്ഷിക്കുന്ന 81.25 ലക്ഷം രൂപ നാളിതു വരെ ലഭിച്ച പലിശയടക്കം ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തിരിച്ചു പിടിക്കേണ്ടതും, അതാതു നിർവ്വഹണ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതുമാണ്.<br><br>4.സംസ്ഥാന ശുചിത്വ മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്താൻ ഫീൽഡ് തലത്തിൽ പദ്ധതികളുടെ പ്രവർത്തനം പരിശോധിച്ച് ഭൗതിക നേട്ടങ്ങൾ ഉറപ്പു വരുത്തിയതിനുശേഷം മാത്രം തുടർ തുകകൾ ഗഡുക്കളായി അനുവദിക്കേണ്ടതുമാണ്. കൂടാതെ പെർഫോമൻസ് ഓഡിറ്റ് കൂടി സംസ്ഥാന ശുചിത്വ മിഷനിൽ നടപ്പിലാക്കേണ്ടതാണ്.<br><br>5.സംസ്ഥാന ശുചിത്വ മിഷനിലെ മുൻ ഡയറക്ടർ (ഓപ്പറേഷൻസ്) ആയിരുന്ന ശ്രീ. അശോക് കുമാറിന് (അഡീ. ഡവലപ്പ്മെന്റ് കമ്മീഷണർ, ഗ്രാമ വികസന കമ്മീഷണറേറ്റ്) അവധി യാത്രാ ആനുകൂല്യമായി അധികമായി അനുവദിച്ച് നൽകിയ 46,456/- രൂപ തിരിച്ചു | |

| | | | |
|---|---|---|---|
| | | പിടിക്കുന്നതിനായി അടിയന്തിരമായി തുടർ നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ് .<br><br>6.ഇടുക്കി ജില്ലാ ശുചിത്വ മിഷനിൽ നിന്നും ലഭിച്ച 4,51,276/- രൂപയുടെ ഡി.ഡി. സംസ്ഥാന ശുചിത്വ മിഷന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടോ എന്ന കാര്യം ഭരണ വകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.<br><br>7.സംസ്ഥാന ശുചിത്വ മിഷനിൽ ഡി.ഡി.എഫ്.എസ്. സോഫ്റ്റ് വെയർ കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ ഭരണ വകുപ്പ് നൽകേണ്ടതാണ്.<br><br>8.ഇടുക്കി ജില്ലയിലെ 53 ഗ്രാമപഞ്ചായത്തുകളിൽ ശുചിത്വ സന്ദേശ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഗുരുതരമായ വീഴ്ചകൾ വരുത്തിയ അന്നത്തെ ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്ററായിരുന്ന ശ്രീ.വി.കെ ചന്ദ്രശേഖരന്റെയും, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രൊജക്റ്റ് ഡയറക്ട റായിരുന്ന ശ്രീ.പി.കെ.മോഹനന്റെയും നടപടികളിൽ ഗുരുതരമായ നടപടിക്രമ വീഴ്ചകളും അധികാര ദുർവിനിയോഗവും നടന്നിട്ടുണ്ട്. ടെണ്ടർ ഫോമിന്റെ വില ഈടാക്കിയതിൽ വീഴ്ച വന്നതിനാൽ 1,85,000/- രൂപ സർക്കാരിനു ലഭിച്ചില്ല. ഇത് ഗുരുതരമായി കാണേണ്ടതും, ടി തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരി ൽ നിന്നും ഈടാക്കേണ്ടതുമാണ്. ആദ്യം ടെണ്ടർ ലഭിച്ച ഹൈടെക് കോൺക്രീറ്റ് ഇൻഡസ്ട്രീസ്, തടിയമ്പാട്ട് എന്ന സ്ഥാപനം പിന്നീട് പിൻമാറിയപ്പോൾ ടി സ്ഥാപനത്തിന്റെ ഇ.എം.ഡി.യായ 1,25,000/ കണ്ടുകെട്ടി ജില്ലാ ശുചിത്വ മിഷന്റെ അക്കൗണ്ടിൽ വരവും വച്ചിട്ടില്ല. ഇത് ഗുരുതരമായ വീഴ്ചയാണ്. ടി തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. ടെണ്ടർ സേവിംഗ്സ് | |

| | | | |
|---|---|---|---|
| | | പ്രകാരം ലഭ്യമായ 18,54,841/- രൂപയ്ക്ക് കൂടി ഭരണാനുമതി ഇല്ലാതെയും, സാങ്കേതികാനുമതി ഇല്ലാതെയും, ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെയും നിലവിലുള്ള കരാറുകാരന് കൈമാറിയത് ഗുരുതരമായ ക്രമക്കേടാണ്. ആയതിനാൽ ഈ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. ശ്രീ.പി.കെ.മോഹനനെ അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കി കുറ്റവിമുക്തനാക്കിയ തദ്ദേശ സ്വയം ഭരണ ( ഇ ആർ ബി) വകുപ്പിന്റെ സ.ഉ(ആർ.റ്റി)നം.1170/2017/തസ്വഭവ തീയതി 17.04.2017 ഉത്തരവ് ഭരണ വകുപ്പ് പുനഃപരിശോധിക്കേണ്ടതാണ്. കൂടാതെ അന്നത്തെ ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്ററായ ശ്രീ.വി.കെ. ചന്ദ്രശേഖരനെതിരെ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അടിയന്തരമായി അറിയിക്കേണ്ടതുമാണ്.<br><br>9. ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ പോബ്സ് എന്റർപ്രൈസസ് ട്രാവൻകൂർ ടീ എസ്റ്റേറ്റിന് സാനിട്ടറി കോംപ്ലക്സ് (65 യൂണിറ്റ് ശുചിത്വസമുച്ചയങ്ങൾ) നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 21,12,500/- രൂപ പോബ്സ് എന്റർപ്രൈസസ് ട്രാവൻകൂർ ടീ എസ്റ്റേറ്റ് മാനേജരുടെ പേർക്ക് അനുവദിച്ചതിൽ അന്നത്തെ ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്ററായിരുന്ന ശ്രീ.വി.കെ ചന്ദ്രശേഖരന്റെയും, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രൊജക്റ്റ് ഡയറക്ടറായ ശ്രീ.പി.കെ.മോഹനന്റെയും നടപടികളിൽ ഗുരുതരമായ നടപടിക്രമ വീഴ്ചകളും അധികാര ദുർവിനിയോഗവും നടന്നിട്ടുണ്ട്. സർക്കാർ ഫണ്ട് അനധികൃതമായി സ്വകാര്യ കമ്പനിക്ക് അനുവദിച്ചു നൽകിയ ടി ഉദ്യോഗസ്ഥർക്കെതിരെ ഭരണ വകുപ്പ് അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതും, സർക്കാരിനുണ്ടായ ധനനഷ്ടം ടി | |

| | | | |
|---|---|---|---|
| | | ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതുമാണ്.<br><br>10. താൽകാലിക. കരാർ ജീവനക്കാർക്ക് അനധികൃതമായി അധിക ദിവസത്തേക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചതിലൂടെ 2,69,001/-രൂപ സംസ്ഥാന ശുചിത്വ മിഷന് നഷ്ടമായിട്ടുണ്ട്. കരാർ/താൽകാലിക ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ ഇനത്തിൽ അനർഹമായി അധികമായി അനുവദിച്ച മുഴുവൻ തുകയും ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ ഭരണ വകുപ്പ് കൈക്കൊള്ളേണ്ടതാണ്.<br><br>11. സർക്കാർ മുൻകൂർ അനുമതിയില്ലാതെ ശമ്പളം അനുവദിക്കുകയും ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാരെ സ്ഥിരപ്പെടുത്തിയ നടപടി ക്രമവിരുദ്ധവും സർക്കാർ ഉത്തരവുകളുടെ ലംഘന വുമാണ്. ആയതിനാൽ മേൽ നടപടിക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ഭരണ വകുപ്പ് അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതും, കൂടാതെ നിലവിൽ സർവ്വീസിൽ തുടരുന്ന ശ്രീ.രാജേഷ്, ശ്രീമതി.ബീനാകുമാരി എന്നിവരെ സർവ്വീസിൽ തുടരാൻ അനുവദിക്കുന്നതിന് ആവശ്യമായ സർക്കാർ അനുമതി ഉടനടി തേടേണ്ടതും ആയതിൻപ്രകാരം തുടർ നടപടികൾ ഉണ്ടാകേണ്ടതുമാണ്.<br><br>12.സംസ്ഥാന ശുചിത്വ മിഷനിൽ സീനിയർ കൺസൾട്ടന്റായ ശ്രീമതി. ശരണ്യാ.വി.രാജിന്റെ 21/04/2016 മുതൽ 10/05/2016 വരെയുള്ള കാലയളവ് അനധികൃത ഹാജരില്ലായ്മയായി കണക്കാക്കപ്പെടുന്നു. ആയത് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സംസ്ഥാന ശുചിത്വ മിഷന് ഭരണ വകുപ്പ് നിർദേശം നൽകേണ്ടതാണ് . | |
| 55 | അടിമാലി കൃഷി | അടിമാലി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആയി | ഭരണ വകുപ്പ് നടപടി |

| | | | |
|---|---|---|---|
| | അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം ഇടുക്കി | സേവനമനുഷ്ഠിച്ച ശ്രീമതി.കെ.പി. വത്സലകുമാരി, ഇടുക്കി ജില്ലാ കൃഷി ഓഫീസർ ശ്രീമതി.ഉഷാകുമാരി പി.ജി എന്നിവർക്കെതിരെ വിവിധ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനയിൽ ശ്രീമതി. വത്സലകുമാരിയുടെ കാലയളവിൽ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. മുൻകൂർ തുകകൾ ക്രമപ്പെടുത്താതിരിക്കുക (26,63,686/- രൂപ), സർക്കാർ തുകകൾ സ്വന്തം വ്യക്തിഗത അക്കൗണ്ടിൽ നിക്ഷേപിക്കുക വഴി ധനാപഹരണം നടത്തുക (50000/- + 34550/-). വ്യാജ ട്രിപ്പ് ഷീറ്റുകളുടെ അടിസ്ഥാനത്തിൽ തുകകൾ മാറിയെടുക്കുക (33,600/- രൂപ), ചെയ്യാത്ത പ്രവൃത്തികൾക്ക് തുക പൂർണമായും മാറി നൽകുക (49,75,000/-രൂപ) എന്നിങ്ങനെ വിവിധ ക്രമക്കേടുകൾ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 56 | കേരള സ്റ്റാർട്ടപ്പ് മിഷൻ | MOA, Rules & Bye- laws എന്നിവ ആധാരമാക്കിയാണ് കേരള സ്റ്റാർട്ടപ്പ് മിഷനിലെ ഭരണപരമായ കാര്യങ്ങൾ നടത്തപ്പെടുന്നത്. എന്നാൽ MOA Rules & By laws എന്നിവയ്ക്ക് സർക്കാർ അനുമതി നേടുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ ഇത് പ്രകാരം നടത്തുന്ന പ്രവർത്തികൾ നിയമ പരിരക്ഷ ഇല്ലാത്തതാണ്.<br><br>ക്രമപ്രകാരമല്ലാതെയും മാനദണ്ഡങ്ങൾ പാലിക്കാതെയും 11 നിയമനങ്ങൾ കേരള സ്റ്റാർട്ടപ്പ് മിഷനിൽ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടു<br><br>കരാർ നിയമനം സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള G.O(P) No. 28/2016/TD dated 26/02/2016 ഉത്തരവ് പാലിച്ചില്ല. നിയമനങ്ങൾ നടത്തപ്പെട്ടത് എന്നുള്ളത് | ഭരണ വകുപ്പിൽ നിന്ന് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | ഗൗരവമായി കാണേണ്ട വിഷയമാണ്. കൂടാതെ കരാർ നിയമനങ്ങൾക്കൊന്നും കരാർ ഉടമ്പടി വയ്ക്കാറില്ല.<br><br>ഇന്റർവ്യൂ ഫയൽ, വ്യക്തിഗത ഫയൽ എന്നീ രണ്ട് രീതികളിലാണ് ഫയൽ കൈകാര്യം ചെയ്തിരിക്കുന്നത്. എന്നാൽ വ്യക്തിഗത ഫയലുകൾ എല്ലാം സൂക്ഷിക്കപ്പെട്ടിട്ടില്ല. തസ്തിക രൂപീകരണം നിയമനങ്ങൾ മറ്റ് സേവന വേതന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് മുഴുവൻ രേഖകളും ക്രമപ്രകാരമല്ലാതെയും അപൂർണ്ണമായും ആണ് കൈകാര്യം ചെയ്തിട്ടുള്ളതെന്ന് പരിശോധനയിൽനിന്നും വ്യക്തമാക്കപ്പെട്ടു.<br><br>ഫിനാൻഷ്യൽ കൺസൾട്ടന്റായിരുന്ന ശ്രീ.പി.വി.രാജനെ കരാർ കാലാവധി പൂർത്തിയാകുന്നതിന് മുൻപേ തന്നെ 60 വയസ്സ് എന്ന പ്രായ പരിധി കഴിഞ്ഞതിനാൽ പിരിച്ചുവിടുകയും അതേ സമയം സെക്രട്ടറിയായ ശ്രീ.ശ്രീകുമാരൻ നായരെ 60 വയസ്സ് കഴിഞ്ഞിട്ടും കരാർ പുതുക്കി തുടരാൻ അനുവദിച്ചത് തികച്ചും ക്രമവിരുദ്ധമാണ്. കൂടാതെ വിരമിച്ച സർക്കാർ ജീവനക്കാരനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ 09/07/2019-ലെ സ.ഉ (അച്ചടി) നം. 8/2019/ധന ഉത്തരവ് പ്രകാരമായിരിക്കണം ശമ്പളം നിജപ്പെടുത്തേണ്ടത്. ടിയാന്റെ നിയമന കാര്യത്തിൽ മേൽ ഉത്തരവ് പാലിക്കപ്പെട്ടിട്ടില്ല.<br><br>സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ആയി 31-05-2015 ൽ വിരമിച്ച ശ്രീ. ബി. ശ്രീകുമാരൻ നായർ 15-06-2015 മുതൽ 14-06-2020 വരെ 30,000/- രൂപ കൺസോളിഡേറ്റഡ് പേയിൽ (കൺവേയൻസ് അലവൻസ്, മൊബൈൽ അലവൻസ് എന്നിവയ്ക്ക് പുറമെ) സെക്രട്ടറി & രജിസ്ട്രാർ ആയി കേരള സ്റ്റാർട്ടപ്പ് മിഷനിൽ നിയമിക്കപ്പെട്ടു. തുടർന്ന് 15-08-2016 മുതൽ 14-06-2017 വരെ 40,000/- രൂപ | |

| | | | |
|---|---|---|---|
| | | കൺസോളിഡേറ്റഡ് പേയിലും, 15-06-2017 മുതൽ 14-06-2019 വരെ 2 വർഷ കരാർ നിയമനം 55,000/- രൂപ കൺസോളിഡേറ്റഡ് പേയിലും പുതുക്കി നൽകപ്പെടുകയുണ്ടായി. എന്നാൽ കാലാവധി ഒരു വർഷമായപ്പോഴേക്കും 15-06-2018 മുതൽ കൺസോളിഡേറ്റഡ് പേ 55,000/- ൽ നിന്നും 62,500/- രൂപയായി വർദ്ധിപ്പിച്ചു നൽകപ്പെട്ടു. ടി കാലാവധി അവസാനിക്കുന്ന വേളയിൽ ടിയാന് 60 വയസ് (ജനന തീയതി : 25-05-1959) കഴിഞ്ഞെങ്കിലും 15-06-2019 മുതൽ 14-06-2020 വരെ കരാർ കാലാവധി പുതുക്കുകയും കൺസോളിഡേറ്റഡ് പേ 67,000/ രൂപയായി ഉയർത്തുകയും ചെയ്തു. ഇക്കാലയളവിലാണ് 09/07/2019-ലെ സ.ഉ(അച്ചടി) നം.81/2019/ധന ഉത്തരവ് നിലവിൽ വന്നത്. ടി ഉത്തരവ് ഖണ്ഡിക 5 പ്രകാരം "വിരമിച്ച സർക്കാർ ജീവനക്കാരനെ കരാറടിസ്ഥാനത്തിൽ നിയമിക്കേണ്ടി വരുന്ന പക്ഷം, 09/07/2019-ലെ സ.ഉ(അച്ചടി) നം.81/2019 ധന ഉത്തരവ് പ്രകാരം നൽകേണ്ടത് വിരമിച്ച ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ച് തുക; അതാത് കാലത്തുള്ള കരാർ വേതനം/ ദിവസവേതനം മാസ കണക്കിൽ ഇവയിൽ ഏതാണോ കുറഞ്ഞ തുക ആ തുക വിരമിച്ച സർക്കാർ ജീവനക്കാരന്റെ കരാർ വേതനമായി നിജപ്പെടുത്തി കെ.എസ്.ആർ ഭാഗം 1 ചട്ടം 8 പ്രകാരമുള്ള agreement execute ചെയ്യുന്നതിനു ശേഷം മാത്രമേ നിയമനം നൽകാൻ പാടുള്ളൂ. " ഉത്തരവ് നിലവിൽ വന്ന ശേഷമാണ് ശ്രീ. ബി ശ്രീകുമാരൻ നായരുടെ നിയമന കരാർ 16-06-2020 മുതൽ 15-12-2020 വരെ 6 മാസത്തേയ്ക്ക് 72,000/- രൂപയായി വീണ്ടും വർദ്ധിപ്പിച്ച് പുതുക്കി നല്കപ്പെട്ടത്.<br><br>മേൽ ഉത്തരവ് പാലിക്കാതെ അധികമായ കരാർ വേതനം നൽകപ്പെട്ടത് അത്യന്തം ഗുരുതരമായ ചട്ടലംഘനമാണ്. | |

| | | | |
|---|---|---|---|
| | | ഓരോ തസ്തികകളിലേയ്ക്കുമുള്ള ഇന്റർവ്യൂ നടത്തുന്നത് മാനേജർമാരും സെക്രട്ടറിയും ഐ.ടി വകുപ്പിന് കീഴിലെ മറ്റേതെങ്കിലും സ്ഥാപനത്തിലെ വിഷയവിദഗ്ധനും ചേർന്നാണ്. സ്ഥിരം ജീവനക്കാർ ആരും തന്നെയില്ലാത്തതുകൊണ്ട് കരാർ ജീവനക്കാർ തന്നെയാണ് കരാർ ജീവനക്കാരെ ഇന്റർവ്യൂ ചെയ്യുന്നതും നിയമന, സേവനവേതന പരിഷ്കരണ ശുപാർശ, കരാർ കാലയളവ് സംബന്ധിച്ച വ്യവസ്ഥ തുടങ്ങിയവ നടത്തുന്നത്.<br><br>സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ലാത്ത തസ്തികകളിൽ കൺസോളിഡേറ്റഡിലും ശമ്പളസ്കെയിലിലും നിയമനം നടത്തിവരുന്നു. കൺസോളിഡേറ്റ് പേ വ്യവസ്ഥയിൽ നിയമിച്ചയാൾക്കു പിന്നീട് ശമ്പളസ്കെയിൽ അനുവദിച്ചതായും കാണുന്നു. മിഷന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ മാത്രമാണ് ഇപ്രകാരം നിയമിച്ചിട്ടുള്ളതെന്നാണ് അന്വേഷണത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞത്. എന്നിരുന്നാലും, സർക്കാർ അംഗീകാരം ഇല്ലാതെ തസ്തികകൾ രൂപീകരിച്ച് നിയമനം നടത്തിയിട്ടുള്ളതും അംഗീകാരം ലഭിക്കാത്ത തസ്തികകളിൽ ശമ്പളസ്കെയിലിൽ നിയമനം നടത്തി സർക്കാർ ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണം അനുവദിച്ചിട്ടുള്ളതും ഗൗരവമായി കാണേണ്ടതാണ്.<br><br>കൂടാതെ നിയമനം പുതുക്കി നൽകുമ്പോൾ പെർഫോമൻസിന്റെ അടിസ്ഥാനത്തിൽ വേതനത്തിന്റെ 10 ശതമാനത്തിൽ അധികരിക്കാത്ത തുക Lum sum Grant ആയി നൽകി വരുന്നു.<br><br>പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിലേക്ക് നടന്ന ഇന്റർവ്യൂവിൽ നിർദ്ദിഷ്ട യോഗ്യതയുള്ള ഉദ്യോഗാർഥികളെ മറികടന്നാണ് വിജ്ഞാപനത്തിൽ ആവശ്യപ്പെടാത്ത | |

| | | | |
|---|---|---|---|
| | | യോഗ്യതയുള്ളവരെ നിയമിച്ചത്. | |
| 57 | ജില്ലാ വെറ്റിനറി സെന്റർ, തൊടുപുഴ | 1. ജില്ലാ വെറ്റിനറി സെന്ററിലെ സീനിയർ വെറ്റിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ തൊടുപുഴ നഗരസഭയുടെ 2016-17 വാർഷിക പദ്ധതിയിൽപ്പെട്ട വനിതകൾക്ക് കറവ പശു വാങ്ങൽ പദ്ധതിയിൻ കീഴിൽ 89 ഗുണഭാക്താക്കൾക്ക് 13,35,000/- രൂപ വിതരണം ചെയ്യുകയുണ്ടായി. ആയതിൽ 15 ഗുണഭോക്താക്കൾ വീട്ടിൽ ജനിച്ച് വളർന്ന പശുവിന്റെയോ അല്ലെങ്കിൽ അപേക്ഷ ക്ഷണിക്കുന്നതിന് വർഷങ്ങൾക്ക് മുൻപ് വാങ്ങിയ പശുവിന്റെയോ ഫോട്ടോയും വ്യാജ വില ചീട്ടും സമർപ്പിച്ചാണ് ആനുകൂല്യം കൈപ്പറ്റിയത് എന്ന് കണ്ടെത്തുകയും 2,25,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുവാൻ ശുപാർശ നൽകുകയും ചെയ്തു.<br><br>2. പദ്ധതി മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 28 ഗുണഭോക്താക്കൾ പശുവിനെ ഒരു വർഷത്തിനുള്ളിൽ വിൽപ്പന നടത്തിയിട്ടുള്ളതായി കണ്ടെത്തുകയും പദ്ധതി ആനുകൂല്യമായി കൈപ്പറ്റിയിട്ടുള്ള 4,20,000/- രൂപ തിരിച്ചു പിടിക്കുന്നതിനും ശുപാർശ ചെയ്തു. | ഭരണ വകുപ്പിൽ നിന്ന് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 58 | വണ്ടൻമേട് ഗ്രാമപഞ്ചായത്ത്, പുറ്റടി മൃഗാശുപത്രി | വണ്ടൻമേട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽപ്പെട്ട ആട്ടുവാങ്ങൽ (വനിതാ), ആട്ടുവാങ്ങൽ (SCP), ആട്ടുവാങ്ങൽ ജനറൽ,കിടാരി വാങ്ങൽ, കറവ പശു വാങ്ങൽ എന്നീ 5 പദ്ധതികളുടെ ചെലവ് ഇനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ പുറ്റടി വെറ്റിനറി സർജ്ജൻ ഡോക്ടർ.തിനകരൻ ട്രഷറി ഉദ്യോഗസ്ഥരെ കബളിപ്പിച്ച് കട്ടപ്പന സബ്ട്രഷറിയിൽ നിന്ന് 24/03/2018 ന് 18,96,000/- രൂപ മാറി ആട് വാങ്ങൽ പദ്ധതിയുടെ സപ്ലൈയറായ ശ്രീ.വിൽസൺ തോമസിന്റെ മകനായ ശ്രീ.ജെയിംസ് നിൽസൺ ന്റെ അക്കൗണ്ടിലേക്ക് 9,06,000/- രൂപയും കിടാരി വാങ്ങൽ കറവ പശു | ഭരണ വകുപ്പിൽ നിന്ന് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | വളർത്തൽ എന്നീ പദ്ധതികളുടെ സപ്ലൈയറായ ശ്രീ.എൻ.പി ചാക്കോ എന്നയാളുടെ അക്കൗണ്ടിലേക്ക് 9,90,000/- രൂപയും ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിരുന്നു. ട്രഷറിയിൽ ബിൽ സമർപ്പിച്ച തീയതിയായ 24/03/2018 നുള്ളിൽ ഒരു ഗുണഭോക്താവിന് പോലും പദ്ധതി ആനുകൂല്യം നൽകിയിട്ടില്ലാത്തതാണ്. ക്രമ വിരുദ്ധമായി പിൻവലിച്ച 18,96,000/- രൂപയുടെ 18% പലിശ (24/03/2018 മുതൽ അവസാന ഗുണഭോക്താവിനും പദ്ധതി ആനുകൂല്യം നൽകുന്ന തീയതി വരെയുള്ളത് കണക്കാക്കി നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുവാൻ ശുപാർശ ചെയ്തു. | |
| 59 | കുമളി കൃഷി ഭവൻ | കുമളി ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട ജൈവവളം വിതരണം എന്ന പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാതെ ഗുണഭോക്താക്കളുടെ പേരിൽ വ്യാജമായി അപേക്ഷകൾ സമർപ്പിച്ച്, ഗുണഭോക്തൃ വിഹിതം അടച്ച്, വിതരണ രജിസ്റ്ററിൽ വ്യാജ ഒപ്പുകൾ രേഖപ്പെടുത്തി തുകകൾ തട്ടിയെടുത്തതായി കണ്ടെത്തുകയും ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരായ അസിസ്റ്റന്റ് കൃഷി ഓഫീസർമാരായ ശ്രീ. ദേവസ്യ ഇ ഡി, കൃഷി അസിസ്റ്റന്റ് ശ്രീമതി.പ്രിൻസി ജോൺ, അസിസ്റ്റന്റ് കൃഷി ഓഫീസർ ശ്രീ. നെജീബ് ഖാൻ എന്നീ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാനും വിജിലൻസ് അന്വേഷണം നടത്തുവാനും ശുപാർശ ചെയ്തു. | ഭരണ വകുപ്പിൽ നിന്ന് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 60 | ജില്ലാ നിർമ്മിതി കേന്ദ്രം ഇടുക്കി | 1. പെരുവന്താനം കുടിവെള്ള പദ്ധതിക്കായി ഹിന്ദുസ്ഥാൻ പൈപ്പ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ 20992.17 മീ GI പൈപ്പിൽ എം ബുക്ക് പ്രകാരം ആകെ 18094 മീ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. എം ബുക്കിൽ രേഖപ്പെടുത്തിയ പൈപ്പുകളുടെ അളവുകളെ അധികരിച്ച് ഹിന്ദുസ്ഥാൻ പൈപ്പ് എന്ന സ്ഥാപനം 1028069.36 രൂപയുടെ ബിൽ പ്രകാരം അധികമായി നൽകിയിട്ടുണ്ടെന്ന് | ഭരണ വകുപ്പിൽ നിന്ന് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | കണ്ടെത്തുകയും ടി തുക തിരികെ ഈടാക്കുവാൻ ശുപാർശ ചെയ്യുകയും ചെയ്തു.<br><br>2. ജില്ലാ നിർമ്മിതി കേന്ദ്രത്തിലെ ബില്ലുകൾ പ്രകാരം പൈപ്പ് ലൈനുകൾ സ്ഥാപിച്ച ഇനത്തിൽ മാത്രം കരാറുകാരന് 7,68,180/- രൂപ അധികം നൽകിയിട്ടുണ്ട് എന്ന് കണ്ടെത്തുകയും ടി തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് തിരികെ ഈടാക്കുവാൻ ശുപാർശ ചെയ്യുകയും ചെയ്തു.<br><br>3. അംബേദ്കർ ഗ്രാമ വികസന പദ്ധതി ജില്ലാ നിർമ്മിതി കേന്ദ്രം കരാർ പ്രകാരം 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകയോ അനുബന്ധ കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. പദ്ധതി തുകയുടെ 50 ശതമാനം (50,00,000/- രൂപ) മുൻകൂറായി അനുവദിച്ച കൊട്ടംക്കാംപൂരിൽ പ്രവർത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. കൂടാതെ 20,00,000/- രൂപ വീതം അനുവദിച്ച ഗാന്ധി നഗർ കോളനി, കടുക്കാസിറ്റി കോളനി തുടങ്ങിയ കോളനികളിലും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. മേൽ കോളനിയിലെ പ്രവൃത്തികൾ നടപ്പിലാക്കാൻ സാധിക്കാത്ത പക്ഷം ജില്ലാ നിർമ്മിതി കേന്ദ്രത്തിൽ നിന്ന് പ്രസ്തുത തുക പലിശ സഹിതം ഈടക്കുവാൻ ശുപാർശ ചെയ്തു. | |
| 61 | കുടുംബശ്രീ ജില്ലാ മിഷൻ ഇടുക്കി | കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17/05/2017 ലെ 9051-D-2016-KSHO നമ്പർ സർക്കുലർ പ്രകാരം കുടുംബശ്രീ രൂപീകരിക്കുന്ന എ ബി സി എം ഇ യൂണിറ്റുകൾക്ക് പ്രവർത്തനക്ഷമമാകുന്നതിന് വേണ്ട സ്റ്റാർട്ടപ്പ് ഫണ്ട് 50,000/- രൂപ അനുവദിക്കാവുന്നതാണെന്നും സ്റ്റാർട്ടപ്പ് ഫണ്ട് വിനിയോഗം ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ നടത്തേണ്ടതാണന്ന് നിർദ്ദേശിച്ചിട്ടുണ്ട്. | ഭരണ വകുപ്പിൽ നിന്ന് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | സർക്കാർ/ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അനുമതി ഇല്ലാതെ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി എ ബി സി സംരംഭക യൂണിറ്റിന് 6,00,000/- രൂപ അനുവദിച്ച് നൽകുകയുണ്ടായി. ടി തുക തിരികെ ഈടാക്കുവാൻ ശുപാർശ ചെയ്യു. | |
| 62 | ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | 1. ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 8/12/2017 ൽ ചേർന്ന ജനറൽ കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനം എന്ന പേരിൽ വ്യാജ രേഖ തയ്യാറാക്കുകയും ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കാതെയും കേരള പി ഡബ്ല്യു ഡി മാന്വലിലെയും 1997 ലെ കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെയും നിർദ്ദേശങ്ങൾ പാലിക്കാതെയും എസ്റ്റിമേറ്റ് പുതുക്കിയതായി രേഖകൾ ഉണ്ടാക്കി കരാറുകാർക്ക് അധികമായി 5,23,331/- രൂപ അനുവദിക്കുകയും ചെയ്യു. ടി തുക തിരികെ ഈടാക്കുവാൻ ശുപാർശ ചെയ്യു.<br>**2.** കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴയായി ഈടാക്കുന്നതിനുള്ള 1,35,010/- രൂപ ഈടാക്കിയിട്ടില്ല. ടി തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കുവാൻ ശുപാർശ ചെയ്യു. | ഭരണ വകുപ്പിൽ നിന്ന് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 63 | മൂന്നാർ ഗ്രാമപഞ്ചായത്ത് | 1. മൂന്നാർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 142/20 നമ്പരായി നടപ്പിലാക്കിയ വൃദ്ധ ജനങ്ങൾക്ക് കമ്പിളി വസ്ത്ര വിതരണം എന്ന പദ്ധതിയിൽ പദ്ധതി രൂപീകരണത്തിലും പദ്ധതി നിർവ്വഹണത്തിലും പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ലെന്ന് മാത്രമല്ല കമ്പിളി പുതപ്പുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിതരണ രജിസ്റ്റർ പൂർണ്ണമായും ഓഫീസിൽ ലഭ്യവുമല്ല. 21/03/2019 ൽ ലഭിച്ചതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയ കമ്പിളി പുതപ്പുകൾ | ഭരണ വകുപ്പിൽ നിന്ന് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി സർവ്വീസിൽ നിന്ന് വിരമിച്ച 31/05/2019 വരെ വിതരണം ചെയ്യാതെ സൂക്ഷിക്കുകയും ചെയ്തു. 21/03/2019 ൽ സ്റ്റോക്കിലെടുത്ത കമ്പിളി പുതപ്പ് 11/09/2020 വരെ വിതരണം ചെയ്യാതെ സൂക്ഷിച്ചതും തുടർന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് കൈമാറിയതും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കമ്പിളി പുതപ്പ് വിതരണം ചെയ്ത ഗുണഭോക്തക്കളുടെ വിവരങ്ങൾ ഓഫീസിൽ ലഭ്യവുമല്ല. ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് കൈമാറിയ 525 കമ്പിളി പുതപ്പുകളുടെ വിലയായ 4,33,125/- രൂപ യഥാസമയം ഗുണഭോക്താക്കൾക്ക് കമ്പിളി പുതപ്പ് വിതരണം ചെയ്യുന്നതിന് വീഴ്ച വരുത്തിയ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ശ്രീ. കലേഷ് പി ഡി (മുൻ അസിസ്റ്റന്റ് സെക്രട്ടറി മൂന്നാർ ഗ്രാമപഞ്ചായത്ത് 31/05/2019 ൽ സർവ്വീസിൽ നിന്ന് വിരമിച്ചു) തുടർന്ന് ടി പദ്ധതിയുടെ ചുമതല വഹിച്ചിരുന്നതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ച ശ്രീ.ശിവൻ എസ്. (PEN നം. 842315) എന്നിവരിൽ നിന്ന് ഈടാക്കുവാനും ശുപാർശ ചെയ്യുകയും ചെയ്തു.<br><br>2. ഗുണഭോക്താക്കളുടെ ഒപ്പോ വിരലടയാളമോ രേഖപ്പെടുത്താതെ വൃദ്ധജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതിയിൽ 115 കട്ടിലുകൾ നൽകിയിരിക്കുന്നു. ഗുണഭോക്താക്കളുടെ ഒപ്പോ വിരലടയാളമോ രേഖപ്പെടുത്താതെ വിതരണം ചെയ്തതായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള 115 കട്ടിലുകളുടെ വിലയായ 5,00,250/- രൂപ (115*4350) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥരായിരുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി എന്നിവരുടെ ബാദ്ധ്യതയായി നിശ്ചയിക്കേണ്ടതും ടി തുക പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും | |

| | | | |
|---|---|---|---|
| | | ഈടാക്കുന്നതിനും ശുപാർശ ചെയ്യു. | |
| 64 | ജില്ലാ പട്ടികജാതി വികസന ഓഫീസ് ഇടുക്കി | 1. ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും മുൻകൂർ ആയി പിൻവലിച്ച 2,81,781/- രൂപ നാളിതുവരെ ക്രമീകരിച്ചില്ല. ടി തുക 18% പലിശ സഹിതം ഈടാക്കുവാൻ ശുപാർശ ചെയ്യു.<br><br>2. സർക്കാർ/വകുപ്പ് തല അനുമതി ഇല്ലാതെ ചുവപ്പള്ളി പ്രീ-മെട്രിക് ഹോസ്റ്റലിന്റെ കളി സ്ഥലത്തിന്റെ ഉദ്ഘാടനത്തിനായി ചെലവഴിച്ച 41,037.5 രൂപ ജില്ലാ പട്ടിക ജാതി വികസന ഓഫീസറിൽ നിന്ന് ഈടാക്കുന്നതിനും ശുപാർശ ചെയ്യു.<br><br>3. പട്ടിക ജാതി വികസന വകുപ്പ് 2012-13,13-14 വർഷങ്ങളിൽ നടപ്പിലാക്കിയ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ചെങ്കര കുരിശുമല കുടിവെള്ള പദ്ധതിക്കായി 25,01,120/- രൂപ ചിലവഴിച്ചിട്ടുണ്ടെങ്കിലും ടി പദ്ധതി നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. കുടിവെള്ള പദ്ധതി പ്രവർത്തന ക്ഷമമാക്കിയില്ലെങ്കിൽ ടി തുക ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ബാദ്ധ്യതയായി നിശ്ചയിച്ച് ടി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ശുപാർശ ചെയ്യു.<br><br>4. ശാന്തൻപാറ ഗ്രാമപഞ്ചായത്തിലെ സെന്റർ തൊട്ടിക്കാനം എസ്.സി കോളനിയിൽ കുടിവെള്ള പദ്ധതിക്കായി 32,47,411/- രൂപ നാളിതുവരെ ചിലവഴിച്ചിട്ടുണ്ട്. ടി കുടിവെള്ള പദ്ധതി നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ടി തുക ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ബാദ്ധ്യതയായി നിശ്ചയിച്ച് ടി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ശുപാർശ ചെയ്യു. | ഭരണ വകുപ്പിൽ നിന്ന് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | 5. സ്വയം പര്യാപ്ത ഗ്രാമം പദ്ധതി നിർവ്വഹണത്തിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകിയ തുകയിൽ 33,50,000/- രൂപ നിർവ്വഹണ ഏജൻസിയുടെ കൈവശം അവശേഷിക്കുന്നുണ്ട്. മുള്ളരിങ്ങാട് എസ്.സി കോളനി, പള്ളനാട് എസ്.സി കോളനി എന്നിവടങ്ങളിലെ പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് കരാറുകാർക്ക് യഥാക്രമം 960953, 191810 എന്നിങ്ങനെ ആകെ 11,52,763/- രൂപ അധികമായി അനുവദിച്ച് നൽകുകയും ചെയ്തു. കെയ്കോ നിർവ്വഹണം നടത്തിയ 7 കോളനികളിൽ സെന്റർ തൊട്ടിക്കാനം എസ്.സി കോളനി, മുള്ളരിങ്ങാട് എസ്.സി കോളനി, ആദിയാർ പുരം എസ്.സി കോളനി എന്നിവടങ്ങളിൽ മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ മാത്രം ഒപ്പ് രേഖപ്പെടുത്തിയ എം ബുക്കുകൾ ഉള്ളത്. ടി കോളനികളിലെയും പ്രവൃത്തികളുടെ ബില്ലുകൾ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ചെയ്ത പ്രവൃത്തിയുടെ അളവുകൾ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തി ബില്ലുകൾ തയ്യാറാക്കുന്നതിനും കരാറുകാർക്ക് അധിക തുക അനുവദിച്ച് നൽകിയെങ്കിൽ ആയത് പലിശ സഹിതം ഈടാക്കുന്നതിനും ശുപാർശ ചെയ്തു. | |
| 65 | ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് | 1. അണ്ടാരത്തോട് പാർശ്വഭിത്തി നിർമാണത്തിനായി കരാർ പ്രകാരം ഏറ്റെടുത്ത ജോലികൾ പൂർത്തിയാക്കാത്ത സാഹചര്യത്തിലും, ഇതിനകം ചെയ്ത നിർമ്മാണ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ട രീതിയിൽ, തൃപ്തികരമായി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിലും, കരാറുകാരനിൽ നിന്നും ഈടാക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയായ 75,000/- രൂപയും, ആദ്യ ബിൽ തുക മാറി നൽകിയ സമയത്ത് കുറവ് ചെയ്ത 10% റീറ്റെൻഷൻ തുകയായ 84,052/- രൂപയും സർക്കാരിലേക്ക് ഈടാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. | ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റൻറ് എഞ്ചിനീയർ അണ്ടാരത്തോട് പാർശ്വഭിത്തി നിർമ്മിക്കാൻ എന്ന പ്രവൃത്തി നടപ്പിലാക്കിയ കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക പിൻവലിച്ച് ഗ്രാമപഞ്ചായത്ത് |

| | | | |
|---|---|---|---|
| | | 2. നിശ്ചിത സമയപരിധിക്കുള്ളിൽ, വിഭാവനം ചെയ്ത രീതിയിൽ, പദ്ധതി പൂർത്തിയാക്കപ്പെട്ടുന്നുണ്ടെന്ന് ഉറപ്പ് വരുത്താതിരുന്നതും തൃപ്തികരമായ രീതിയിൽ പണികൾ നടത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ചുറപ്പിക്കാതെ ആദ്യ പാർട്ട് ബിൽ തുകയായ 7,06,041 /- രൂപ 2016 മാർച്ച് മാസത്തിൽ കരാറുകാരന് മാറി നൽകിയതും, പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ബി സത്യന്റെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്.ശ്രീ. ബി സത്യൻ 30.12.2016-ൽ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ടിയാനെതിരെ കെ.എസ്.ആർ. പാർട്ട് III റൂൾ 3 പ്രകാരം ഉചിതമായ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുള്ളതാണ് . | സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ഖണ്ഡിക 2 ലെ നിർദ്ദേശത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് പരിശോധനാ റിപ്പോർട്ട് നൽകിയിട്ടുള്ളതാണ് .<br><br>ഭരണ വകുപ്പിൽ നിന്ന് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 66 | എം. ഐ. ടി. യു പി സ്കൂൾ കൊടുങ്ങല്ലൂർ. | എം.ഐ.ടി.യു.പി. സ്കൂളിൽ ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് നടത്തിയ പരിശോധനയിൽ സ്കൂൾ ഹെഡ്മാസ്റ്ററായ ശ്രീ. ടി.എസ്.രാജേന്ദ്രനെതിരെയുള്ള ആരോപണങ്ങൾ അടിസ്ഥാനമുള്ളതാകുന്നു. ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളുടെ ഹാജർ പുസ്തകത്തിലും ഉച്ചഭക്ഷണ രജിസ്റ്ററിലും ഹാജരില്ലാത്ത വിദ്യാർത്ഥികൾക്ക് ഹാജർ നൽകിയതും, സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ നിലനിൽക്കെ സ്വന്തം സഹോദരന്റെ കടയിൽനിന്നും, 12 കി.മീ. അകലെ കോട്ടപ്പുറത്തു സ്ഥിതി ചെയ്യുന്ന സ്ഥാപനത്തിൽനിന്നും പലവ്യഞ്ജനങ്ങൾ തുടങ്ങിയവ വാങ്ങിയതും, 2015-16 മുതൽ വിറക് വാങ്ങിയതിന്റെ ബില്ലുകൾ ഫോട്ടോകോപ്പി എടുത്ത് സ്വന്തം കൈപ്പടയിൽ തയ്യാറാക്കി തുക ക്ലെയിം ചെയ്തതും പരിഗണിക്കുമ്പോൾ സ്കൂൾ ഹെഡ് മാസ്റ്ററായ ശ്രീ. ടി.എസ്. | തുടർനടപടികൾ ധനകാര്യ പരിശോധനാ എൻ റ്റി-ഡി വിഭാഗം സ്വീകരിക്കുന്നു .<br><br>ഭരണ വകുപ്പിൽ നിന്ന് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | | രാജേന്ദ്രൻ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് സാമ്പത്തിക ക്രമക്കേടുകൾ നടത്തിയിട്ടുള്ളതായി വിലയിരുത്തി ടിയാനെതിരെ വകുപ്പുതലത്തിൽ കടുത്ത അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. | |
| 67 | ജില്ലയിലെ തിരഞ്ഞെടുത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പട്ടികജാതി വിദ്യാർത്ഥികളിൽ നിന്നും ഫണ്ട് പിരിവ് സംബന്ധിച്ച് | കേരള നിയമസഭാ സമിതിയുടെ പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതിക്ക് (2016-19) ലഭ്യമായ പരാതി സംബന്ധിച്ച് തൃശ്ശൂർ ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനയിൽ പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് അർഹരായ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളിൽ നിന്നും പി ടി എ ഫണ്ട്, ഫീസുകൾ എന്നീ ഇനങ്ങളിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പടെ നല്ലൊരു തുക സമാഹരിക്കുന്നതായി കണ്ടെത്തി. | തൃശ്ശൂർ ജില്ലാ കളക്ടറുടെ 24-09-2018 തീയതിലെ DCTSR/2518/2018/SS2 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് തൃശ്ശൂർ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട് . കൂടാതെ ബഹു.ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം പരിശോധനാ റിപ്പോർട്ടിന്റെ 30 പകർപ്പ് കേരള നിയമസഭ സെക്രട്ടേറിയേറ്റിലേക്ക് നല്കിയിട്ടുള്ളതുമാണ്.<br><br>ഭരണ വകുപ്പിൽ നിന്ന് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 68 | വിജ്ഞാൻ സാഗർ ടെക്നിക്കൽ പാർക്ക്, രാമവർമപുരം (1718/FIW-D2/2018/FIN) | പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി ജില്ലാ നിർമ്മിതി കേന്ദ്രത്തിനെ സർക്കാർ അംഗീകരിക്കാത്ത സാഹചര്യത്തിൽ വിജ്ഞാൻ സാഗർ ശാസ്ത്രസാങ്കേതിക പാർക്കിലെ ശാസ്ത്രപ്രദർശന പവലിയന്റെ നിർമ്മാണ പ്രവൃത്തി, റോക്കറ്റ് മാതൃക സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ അനുവദിച്ച് പ്രൊജക്ട് മാനേജ് മെന്റ് കൺസൽട്ടൻറ് എന്ന | റിപ്പോർട്ടിലെ നിർദ്ദേശങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി റിപ്പോർട്ടിന്റെ പകർപ്പ് ബഹു. തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഇത് |

| | | | |
|---|---|---|---|
| | | നിലയിൽ കൺസൾട്ടൻസി ചാർജ്ജ് ഇനത്തിൽ യഥാക്രമം നൽകിയ 5,60,000/-, 60,275/- എന്നീ തുകകൾ തൃശ്ശൂർ ജില്ലാ നിർമ്മിതി കേന്ദ്രയിൽ നിന്ന് തിരികെ ഈടാക്കുന്നതിനും ടി തുക തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് തിരികെ നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. | സംബന്ധിച്ച നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല.<br><br>ഭരണ വകുപ്പിൽ നിന്ന് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 69 | ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ 901/FIW-A2/2016/Fin | തൃശ്ശൂർ ഗവണ്മെന്റ് എഞ്ചിനീയറിങ്ങ് കോളേജിലെ ഓഫീസ് കൗണ്ടർ, പ്രിൻസിപ്പാളിന്റെ ഓഫീസ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ ക്യാബിൻ എന്നിവയുടെ നവീകരണത്തിനായി 3,23,054/- രൂപയുടെ സമാന സ്വഭാവമുള്ള പ്രവൃത്തികൾ ടെണ്ടർ നടപടിക്രമം ഒഴിവാക്കി ഒരേ സമയത്ത് തന്നെ നാലായി തിരിച്ച് ക്വട്ടേഷൻ പ്രകാരം പൂർത്തീകരിച്ചത് സ്റ്റോർ പർച്ചേസ് ചട്ടങ്ങൾക്ക് വിരുദ്ധമായിരുന്നു. | ഭരണ വകുപ്പിൽ നിന്ന് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 70 | തളിക്കുളം ഗ്രാമപഞ്ചായത്ത് File No. 1295/FIW-dfio.tsr/2017/Fin | തളിക്കുളം ഗ്രാമപഞ്ചായത്തിലെ 2016-17 സാമ്പത്തിക വർഷത്തിൽ ഹരിതകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് ഉണിസഞ്ചി വിതരണം നടത്തിയതിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി ശ്രീ. ബെനഡിക്റ്റ് ആന്റണി, ജൂനിയർ സൂപ്രണ്ട് ശ്രീ. എ.ആർ. ഉന്മേഷ് എന്നിവർ സ്റ്റോർപർച്ചേസ്, പ്രൊക്യൂർമെന്റ് മാന്വൽ എന്നിവയിലെ ചട്ടങ്ങൾക്ക് വിരുദ്ധമായി വ്യാജ ക്വട്ടേഷനുകൾ ഉണ്ടാക്കി, ക്വട്ടേഷൻ വിളിക്കാതെ പർച്ചേസ് നടത്തി എന്നത് വ്യക്തമായ സാഹചര്യത്തിൽ, സർവ്വീസിൽ നിന്നും പെൻഷൻ ആയ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന സെക്രട്ടറി ശ്രീ. ബെനഡിക്റ്റ് ആന്റണിയുടെ മേൽ KSR Part 3 പ്രകാരം നടപടി സ്വീകരിക്കുന്നതിനും പദ്ധതി നിർവ്വഹണ കാലയളവിൽ തളിക്കുളം ഗ്രാമപഞ്ചായത്തിൽ ജൂനിയർ സൂപ്രണ്ടായി പ്രവർത്തിക്കുകയായിരുന്ന ആരോപണവിധേയനായ നിലവിലെ സെക്രട്ടറി ശ്രീ. എ.ആർ. ഉന്മേഷ് നിലവിൽ സെക്രട്ടറിയായി തളിക്കുളം ഗ്രാമപഞ്ചായത്തിൽ തന്നെ തുടരുകയും ചെയ്ത | ഭരണ വകുപ്പിൽ നിന്ന് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | സാഹചര്യത്തിൽ ടിയാനെ തളിക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്ഥാനത്തു നിന്ന് ഉടനടി സ്ഥലം മാറ്റുന്നതിനും ടിയാനെതിരെ വകുപ്പുതലത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഔദ്യോഗികാനുമതി ഇല്ലാതെ തമിഴ്നാട്ടിലേക്ക് യാത്ര നടത്തിയ വകയിൽ ഇന്ധനത്തിന് ചെലവായ തുക, കൈപ്പറ്റിയ യാത്രബത്തകൾ എന്നിവ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടയ്ക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. | |
| 71 | ജി എച്ച് എസ് എസ് പട്ടിക്കാട് | സ്കൂളിന്റെ പേരിൽ വിവിധ ബാങ്കുകളിൽ നിലവിലുള്ള ഔദ്യോഗിക അക്കൗണ്ടുകളിൽ നിന്നും വൻ തുകകൾ തന്റെ സ്വകാര്യ അക്കൗണ്ടിലേക്ക് മാറ്റിയ ശേഷം പ്രസ്തുത തുകകൾ ഔദ്യോഗികാവശ്യത്തിനല്ലാതെ മറ്റ് വ്യക്തികളുടെ അക്കൗണ്ടിലേക്ക് മാറ്റം ചെയ്ത പട്ടിക്കാട് ഗവ. ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ ശ്രീ. കെ. എം. മുഹമ്മദ് മുബാറക്കിന്റെ നടപടി അതീവ ഗുരുതരമായ കൃത്യവിലോപവും, കുറ്റകരമായ സാമ്പത്തിക ക്രമക്കേടും, പണാപഹരണവുമായി വിലയിരുത്തുന്നു. സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിക്കാതെ, സ്വകാര്യ ലാഭം ഉന്നം വച്ച്, സ്കൂളിലേക്കാവശ്യമായ ലാബ് ഉപകരണങ്ങൾ, ഫർണീച്ചർ, മറ്റ് സാധന സാമഗ്രികൾ എന്നിവ പ്രിൻസിപ്പാൾ വാങ്ങിയതിൽ ഗുരുതരമായ ചട്ട ലംഘനമായിരുന്നു. സ്കൂളിലെ ടോയ് ലറ്റ് നിർമ്മാണത്തിന് ചിലവായ തുക പെരുപ്പിച്ച് കാണിച്ച് തദനുസൃതമായി ക്യാഷ് ബുക്കിലും പി.ഡി അക്കൗണ്ട് രജിസ്റ്ററിലും കൃത്രിമം കാട്ടിയത്, ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച ധന സഹായം ഉപയോഗിച്ച് ക്വട്ടേഷൻ നടപടികൾപാലിക്കാതെ പർച്ചേസ് നടത്തിയത്, ഹയർ സെക്കന്ററിയിൽ പഠിക്കുന്ന നിർധനരായ കെ.പി.സി.ആർ. വിഭാഗം വിദ്യാർത്ഥികൾക്ക് E – grantz വഴി ലഭ്യമായ തുക വിതരണം ചെയ്യാതിരുന്നത്, | ഭരണ വകുപ്പിൽ നിന്ന് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | സ്കോൾ കേരള മുഖാന്തിരം സ്കൂളിൽ നടത്തി വരുന്ന DCA കോഴ്സിന്റെ ഫീസിനത്തിൽ കുട്ടികളിൽ നിന്നും അധിക തുക ഈടാക്കിയെന്ന ആരോപണം, സ്വാശ്രയ എൻ.എസ്.എസ് യൂണിറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട്, സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി കുട്ടികളിൽ നിന്നും അധിക തുക ഈടാക്കിയത് എന്നീ വിഷയങ്ങളുടെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ പട്ടിക്കാട് ഗവ. ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ ശ്രീ. കെ.എം. മുഹമ്മദ് മുബാറക്ക് നടത്തിയ സാമ്പത്തിക ക്രമക്കേടുകൾ അതീവ ഗുരുതരവും ആയത് പൊതു സമൂഹത്തിന് മാതൃകയാകേണ്ട ഒരു പ്രധാനാദ്ധ്യാപകന്റെ ധാർമ്മികതയ്ക്കും അന്തസ്സിനും നിരക്കുന്നതല്ല എന്നും കാണാവുന്നതാണ്. ടിയാന്റെ വ്യക്തിഗത അക്കൗണ്ടിലെ (അക്കൗണ്ട് നം. 0067125756184) ഇടപാടുകൾ പ്രധാനമായും IGNOU, National Institute of Open Schooling തുടങ്ങിയ മേഖലകൾ കേന്ദ്രീകരിച്ചുള്ളതാണ്. ആയതിനാൽ സർക്കാർ ജീവനക്കാർക്ക് ബാധകമായ പെരുമാറ്റ ചട്ടത്തെ അടിസ്ഥാനമാക്കി ടിയാന്റെ ബാങ്ക് ഇടപാടുകൾ സംബന്ധിച്ചും ഒരന്വേഷണം നടത്തുന്നത് ഉചിതമാണെന്ന് കാണുന്നു, പരിശോധനാ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന കുറ്റകരമായ ചട്ടലംഘനങ്ങൾ, പണാപഹരണം എന്നിവയുടെ ഗൗരവ സ്വഭാവവും ടിയാൻ നടത്തിയിട്ടുള്ള സാമ്പത്തിക ക്രമക്കേടുകളുടെ വ്യാപ്തിയും കണക്കിലെടുത്ത്, പട്ടിക്കാട് ഗവ. ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ ശ്രീ. കെ. എം. മുഹമ്മദ് മുബാറക്കിനെ അടിയന്തിരമായി സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്ത് നിർത്തിക്കൊണ്ട് പ്രതിപാദ്യ വിഷയങ്ങൾ സംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണം നടത്തി തദനുസൃതമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഭരണ വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. | |

**മറ്റു നിർദ്ദേശങ്ങൾ**

**1)** പട്ടിക്കാട് ഗവ. ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാളിന്റെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, പട്ടിക്കാട് ശാഖയിൽ നിലവിലുള്ള ഔദ്യോഗിക അക്കൗണ്ടിൽ നിന്നും (നം.57036602901) പല തവണകളിലായി പ്രിൻസിപ്പാൾ തന്റെ വ്യക്തിഗത അക്കൗണ്ടിലേക്ക് മാറ്റിയ ശേഷം ഔദ്യോഗികാവശ്യത്തിനല്ലാതെ മറ്റ് വ്യക്തികളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയ ആകെ തുകയായ 65,282/- രൂപ 18% പലിശ സഹിതം ശ്രീ. കെ.എം. മുഹമ്മദ് മുബാറക്കിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

**2)** 31.03.2016 – ൽ 932741 നമ്പർ ചെക്ക് മുഖേന പ്രിൻസിപ്പാൾ ട്രഷറിയിൽ നിന്നും പിൻവലിച്ച 50,000/- രൂപ അന്നേ ദിവസം തന്നെ ചെലവാക്കിയതായി ക്യാഷ്ബുക്കിൽ രേഖപ്പെടുത്തുകയുണ്ടായെങ്കിലും ടി തുക അഞ്ച് മാസങ്ങൾക്ക് ശേഷം 07.09.2016 മുതൽ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. ആയതിനാൽ 50,000/- രൂപയ്ക്ക് 18 % നിരക്കിൽ 5 മാസത്തെ പലിശ പ്രിൻസിപ്പാളിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

**3)** പട്ടിക്കാട് ഗവ. ഹയർ സെക്കന്ററി സ്കൂളിലേക്ക് ഫർണീച്ചർ വാങ്ങിയപ്പോൾ ഡെസ്ക് ഒന്നിന് 115/- രൂപ വീതം 14 സ്റ്റീൽ ഡെസ്കിന് അധികമായി നൽകിയ 1,610/- രൂപ 2016 ഡിസംബർ മുതൽ 18% പലിശ സഹിതം പ്രിൻസിപ്പാളിൽ നിന്നും ഈടാക്കേണ്ടതാണ്

**4)** 2015-16, 2016-17 അധ്യയന വർഷങ്ങളിൽ സ്കൂൾ തല കലാ - കായിക പരിപാടികൾക്കായി ആകെ ചെലവഴിച്ചതായി അവകാശപ്പെടുന്ന തുകയായ 21,120/- രൂപയുടെ വിനിയോഗം സംബന്ധിച്ച രേഖകളൊന്നും തന്നെ പരിശോധനയ്ക്കായി

| | | | |
|---|---|---|---|
| | | ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടി തുക പ്രിൻസിപ്പാളിന്റെ ബാദ്ധ്യതയായി കണക്കാക്കേണ്ടതും ആയത് ടിയാനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതുമാണ്.<br><br>**5)** ടോയ്‌ലറ്റ് നിർമ്മാണത്തിന് ചിലവായ തുക പെരുപ്പിച്ച് കാണിച്ച് ക്യാഷ് ബുക്കിലും പി.ഡി. അക്കൗണ്ട് രജിസ്റ്ററിലും കൃത്രിമം കാട്ടി, ടി പ്രവൃത്തിക്ക് 43,425/- രൂപ പി.ഡി.അക്കൗണ്ട് രജിസ്റ്റർ പ്രകാരം അധിക ചെലവായി പ്രിൻസിപ്പാൾ രേഖപ്പെടുത്തിയിരിക്കുന്നതും ടി തുക വിനിയോഗമായി കാണിച്ചിരിക്കുന്നതും പ്രസ്തുത തുക കൈവശപ്പെടുത്തുന്നതിന് വേണ്ടി ചെയ്തിട്ടുള്ളതാണെന്ന് മാത്രമേ കണക്കാക്കുവാൻ കഴിയുകയുള്ളൂ. ആയതിനാൽ 43,425/- രൂപ 2017 ജനുവരി മാസം മുതൽ 18% പലിശയടക്കം ടിയാനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് വകയിരുത്തേണ്ടതാണ്.<br><br>**6)** കെ.പി.സി.ആർ. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് 2015- 16, 2016 -17 അധ്യയന വർഷങ്ങളിൽ വിതരണം ചെയ്യുന്നതിനായി e – grantz സംവിധാനം വഴി സർക്കാർ അനുവദിച്ച ധന സഹായമായ 32,470/- രൂപ (13,230+19,240) രൂപ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യാതെ ട്രഷറിയിൽ തിരിച്ചടച്ചത് പ്രിൻസിപ്പാളിന്റെ ഭാഗത്ത് നിന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിലുണ്ടായ വീഴ്ചയായി ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് വിലയിരുത്തുന്നു. വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടിയിരുന്ന മേൽ തുക പ്രസ്തുത കാലയളവിൽ പട്ടിക്കാട് ഗവ. ഹയർ സെക്കന്ററി സ്കൂളിൽ പ്രിൻസിപ്പാളായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. കെ. എം. മുഹമ്മദ് മുബാറക്കിൽ നിന്നും 18% പലിശ സഹിതം ഈടാക്കി അർഹരായ വിദ്യാർത്ഥികൾക്ക് അടിയന്തിരമായി വിതരണം ചെയ്യേണ്ടതാണ്.<br><br>**7)** ടെക്സ്റ്റ് ബുക്ക് വിതരണം ചെയ്ത വകയിൽ | |

| | | | |
|---|---|---|---|
| | | പട്ടിക്കാട് ഗവ. ഹയർ സെക്കന്ററി സ്കൂളിൽ നിന്നും സി - മാറ്റിന് നൽകുവാനുള്ള 1,26,746/- രൂപ പ്രിൻസിപ്പാൾ അടിയന്തിരമായി നൽകേണ്ടതാണ്.<br><br>**8)** ഖണ്ഡിക V-ൽ പ്രതിപാദിച്ചിരിക്കും പ്രകാരം സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി ഒന്നാം വർഷ വോളണ്ടിയർമാരിൽ നിന്നും അധിക തുക പിരിച്ചെടുത്തതും, ടി തുകയുടെ വിനിയോഗം സംബന്ധിച്ച് വിശ്വാസയോഗ്യമായ കണക്കുകൾ അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കുവാൻ കഴിയാതിരുന്നതും, സ്കൂളിൽ അനുവദിക്കപ്പെട്ട സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റ് റദ്ദാക്കിയ സാഹചര്യത്തിൽ പിരിച്ചെടുത്ത തുക ബന്ധപ്പെട്ട കുട്ടികൾക്ക് തിരികെ നൽകി റിപ്പോർട്ട് ചെയ്യുവാൻ ഹയർ സെക്കന്ററി വകുപ്പ് തന്നെ നിർദ്ദേശം നൽകിയിട്ടുള്ളതും കണക്കിലെടുത്ത്, പട്ടിക്കാട് ഗവ. ഹയർ സെക്കന്ററി സ്കൂളിൽ സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റ് രൂപവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് കുട്ടികളിൽ നിന്നും പിരിച്ചെടുത്ത 9,000/- രൂപ പ്രിൻസിപ്പാളിൽ നിന്നും ഈടാക്കേണ്ടതും ആയത് ഇക്കാര്യത്തിനായി തുക ഒടുക്കിയ കുട്ടികൾക്ക് തിരികെ നൽകേണ്ടതുമാണ്.<br><br>**9)** ഡി.സി.എ. കോഴ്സിന്റെ നടത്തിപ്പിന്റെ ഭാഗമായി ലാബ് മെയിന്റനൻസ് ഇനത്തിൽ ലഭ്യമായ തുകയുടെ വിനിയോഗത്തിന് ഉപോദ്ബലകമായി പ്രിൻസിപ്പാൾ സമർപ്പിച്ച 4,085/- രൂപയുടെ ബിൽ യഥാർത്ഥമല്ലാത്തതിനാൽ മേൽ തുക പ്രിൻസിപ്പാളിൽ നിന്നും ഈടാക്കി 18% പലിശ സഹിതം സർക്കാരിലേക്ക് ഒടുക്കേണ്ടതും, നീക്കിയിരുപ്പായി അവശേഷിക്കുന്ന 8,315/- രൂപ ലാബ് മെയിന്റനൻസ് ഇനത്തിൽ ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. | |

| | | | |
|---|---|---|---|
| | | **10)** ASAP-ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പട്ടിക്കാട് ശാഖയിൽ ആരംഭിച്ച 67377767788 നമ്പർ ഔദ്യോഗിക അക്കൗണ്ടിൽ നിന്നും, പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ ശാഖയിൽ നിലവിലുള്ള തന്റെ വ്യക്തിഗത അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 0067125756184) 20.12.2016 മുതൽ 17.10.2017 വരെയുള്ള കാലയളവിൽ ആകെ 1,00,160/ രൂപ പ്രിൻസിപ്പാൾ ശ്രീ കെ .എം. മുഹമ്മദ് മുബാറക്ക് ഇന്റർനെറ്റ് ബാങ്കിംഗ് വഴി മാറ്റിയിട്ടുണ്ട്. ടി തുകയിൽ നിന്നും ശ്രീമതി. ഷഹിദ മുബാറക്ക് , W/o. മുഹമ്മദ് മുബാറക്ക് കാടംപറമ്പിൽ വടക്കഞ്ചേരി എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 0067104430075) 30.12.2016 -ൽ 8,000/- രൂപ മാറ്റിയത് പണാപഹരണമായി പരിശോധനാ സംഘം വിലയിരുത്തുന്നു. പ്രസ്തുത തുക 18% പലിശ സഹിതം ശ്രീ. കെ.എം. മുഹമ്മദ് മുബാറക്കിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്. കൂടാതെ, ASAP പ്രോഗ്രാമിൽ പങ്കെടുക്കുന്ന കുട്ടികളുടെയും ഫാക്കൽറ്റിമാരുടേയും ഹാജർ നില ഹാജർ ബുക്കിലും, പബ്ലിക് ഓൺലൈനിലും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കപ്പെടുന്നുണ്ടെന്ന് പ്രിൻസിപ്പാൾ ഉറപ്പു വരുത്തേണ്ടതാണ്.<br><br>11) പട്ടിക്കാട് ഗവ. ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാളായ ശ്രീ. കെ.എം. മുഹമ്മദ് മുബാറക്ക് പാലക്കാട് സർവ്വ ശിക്ഷാ അഭിയാൻ ജില്ലാ പ്രോജക്റ്റ് ഓഫീസിൽ ജില്ലാ പ്രോഗ്രാം ഓഫീസറായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ ടിയാന്റെ ബാദ്ധ്യതതയായി കണക്കാക്കിയതും നാളിതു വരെ സർക്കാരിലേക്ക് ഒടുക്ക വരുത്തിയിട്ടില്ലാത്തതുമായ 25,58,138/- രൂപ 35,81,890/- രൂപ എന്നീ തുകകളും, 2014-15 വർഷം പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീ. കെ.എം. മുഹമ്മദ് മുബാറക്കിന്റെ | |

| | | | |
|---|---|---|---|
| | | ബാദ്ധ്യതയായി കണക്കാക്കിയ 55,000/ രൂപയും 18% പലിശയടക്കം ശ്രീ. കെ.എം.മുഹമ്മദ് മുബാറക്കിൽ നിന്നും അടിയന്തിരമായി ഈടാക്കി സർക്കാരിലേക്ക് ഒടുക്ക് വരുത്തുന്നുണ്ടെന്ന് ഭരണ വകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്. | |
| 72 | കയർ ഇൻസ്പെക്ടേഴ്സ് ഓഫീസ്, ഹരിപ്പാട്, ആലപ്പുഴ | ആലപ്പുഴ കയർ ക്ലസ്റ്റർ ഡെവലപ്മെന്റ് സൊസൈറ്റിക് (ACCDS) സർക്കാർ വിഹിതമായി നൽകിയ തുകയിൽ ചിലവാക്കാതെ മിച്ചമുള്ള തുകയായ 49,60,870/- രൂപ സർക്കാരിലേക്ക് അടവാക്കുവാൻ നിർദ്ദേശം നൽകി. | നടപടി റിപ്പോർട്ട് ഭരണവകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. |
| 73 | ഡിവിഷൻ ഓഫീസ് കുട്ടനാട് പാക്കേജ്, തണ്ണീർമുക്കം, ആലപ്പുഴ | നിർത്തലാക്കിയ (Terminated) പ്രവൃത്തിയുടെ റിട്ടെൻഷൻ തുകയായ 3,84,923/- രൂപ സർക്കാരിന്റെ വരവ് ശീർഷകത്തിൽ അടവാക്കുവാൻ നിർദ്ദേശിച്ചു. | റിട്ടെൻഷൻ തുകയായ 3,84,923/- രൂപ ട്രഷറിയിൽ അടച്ച് ചലാന്റെ പകർപ്പ് സഹിതം ഭരണവകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 74 | ജില്ലാ രജിസ്ട്രാറുടെ കാര്യാലയം, തൃശ്ശൂർ | പെൻഷനായ ശ്രീമതി.കെ.എസ് മോളിയുടെ സർക്കാരിലേക്കുള്ള ബാധ്യതയായ 36012/- രൂപ ടിയാളുടെ തടഞ്ഞുവച്ച DCRG യിൽ നിന്നും ഈടാക്കുവാൻ ശുപാർശ ചെയ്തു | തടഞ്ഞുവച്ച DCRG യിൽ നിന്നും 36012/- രൂപ സർക്കാരിലേക്ക് ഒടുക്കുവാൻ ചാലക്കുടി സബ് ട്രഷറി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് IG രജിസ്ട്രേഷൻ അറിയിച്ചു. |
| 75 | സ്റ്റേഷനറി കൺട്രോളറുടെ ഓഫീസ്, തിരുവനന്തപുരം | പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നിട്ടുള്ളതിനാൽ സ്റ്റേഷനറി കൺട്രോളർ ഓഫീസ് വഴി നടക്കുന്ന കോടിക്കണക്കിന് രൂപയുടെ വാങ്ങലുകൾ സംബന്ധിച്ച ക്രമക്കേടുകൾ വിശദമായി പരിശോധിക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ചുമതലപ്പെടുത്തുന്ന കാര്യം ഭരണ വകുപ്പ് പരിശോധിക്കേണ്ടതാണ്. | നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 76 | എറണാകുളം ജില്ലാ രജിസ്ട്രാർ ഓഫീസ്, ദേവികുളം സബ് രജിസ്ട്രാർ ഓഫീസ് | മുദ്രവില നിർണ്ണയം (അഡ്ജുഡിക്കേഷൻ) നടത്തുവാൻ അതാതു ജില്ലാ കളക്ടർ / ജില്ലാ രജിസ്ട്രാറെ ചുമതലപ്പെടുത്തിക്കൊണ്ട് മുദ്ര നിയമത്തിലും ബന്ധപ്പെട്ട ചട്ടങ്ങളിലും ഭേദഗതി വരുത്തുന്നതിനാവശ്യമായ നടപടി ഭരണവകുപ്പ് സ്വീകരിക്കേണ്ടതാണ്. | നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 77 | കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ, തിരുവനന്തപുരം | മുഴപ്പിലങ്ങാട്, ബേക്കൽ എന്നീ ബഡ്ജറ്റ് ഹോട്ടലുകളുടെ നിർമ്മാണ പ്രവർത്തനത്തിന് സർക്കാർ നൽകിയ 6 കോടി രൂപ, വകമാറ്റി ചെലവഴിച്ചതിനാൽ ടി ബഡ്ജറ്റ് ഹോട്ടലുകളുടെ നിർമ്മാണം KTDC യുടെ തനതുഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കണം. | പരിശോധനാ റിപ്പോർട്ടിലെ ശുപാർശ നടപ്പിലാക്കുവാൻ KTDC യുടെ MD യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ഭരണ വകുപ്പ് അറിയിച്ചു. തുടർ നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 78 | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, കോഴിക്കോട്, മാനന്തവാടി -(PVTG Project) | PVTG പദ്ധതി പ്രകാരം മുൻകൂർ അനുവദിച്ച തുകയിൽ നിന്നും വ്യാജ രേഖ ചമച്ച് 20,23,654/- രൂപ തട്ടിയെടുത്ത ശ്രീ. എം.എം.മാത്യൂ എന്ന സെക്ഷൻ ഓഫീസറിൽ നിന്നും ടി തുകയും അതിന്റെ 31.10.2017 വരെയുള്ള 18% പലിശയും ഉൾപ്പെടെ 29,72,637/- രൂപ ഈടാക്കുവാനും ടിയാനെതിരെ KFC Vol-1 303-A(4)(f) പ്രകാരം നടപടി സ്വീകരിക്കുവാനും നിർദ്ദേശിച്ചു. | നടപടി റിപ്പോർട്ട് ഭരണവകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. |
| 79 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, തിരുവനന്തപുരം | നിലവരമില്ലാത്ത ഉപകരണങ്ങൾ ഇറക്കുമതി ചെയ്യുതിലൂടെ 1,00,00,000/- രൂപയുടെയും ഹ്രസ്വ ചിത്ര നിർമാണവുമായി ബന്ധപ്പെട്ട് 2,71,240 രൂപയുടെ ബാധ്യതയും കണ്ടെത്തി. ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുന്നതിനും വിഷയത്തിൽ വിജിലൻസ് അൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണത്തിനും ശിപാർശ ചെയ്തു. | ഭരണ വകുപ്പ് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ചട്ട പ്രകാരമുള്ള നടപടി തുടങ്ങിയതായി അറിയിച്ചിട്ടുണ്ട്. 2,71,240/- രൂപ ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടറായ ശ്രീ. എ. വി. ജയരാജനിൽ നിന്നും തിരികെ ഈടാക്കിയിട്ടുണ്ട്. അന്തിമ നടപടി |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 80 | ജില്ലാ നിർമിതി കേന്ദ്രം പത്തനം തിട്ട. ( റിവർ മാനേജ്മെന്റ് ഫണ്ട്) | റിവർ മാനേജ്മെന്റ് ഫണ്ടിനു കീഴിൽ നിർദേശിച്ചിട്ടുള്ള എല്ലാ പാലം പണികളും പൊതുമരാമത്ത് വകുപ്പിനു കൈമാറുക, പദ്ധതിയുടെ നടത്തിപ്പിൽ വീഴ്ച വരുത്തിയ പത്തനംതിട്ട ജില്ലാ നിർമിതികേന്ദ്രം പ്രോജക്ട് മാനേജർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുക. | നടപടി റിപ്പോർട്ട് ഭരണവകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടില് |
| 81 | കാർഷിക സർവ്വകലാശാല , തൃശ്ശൂർ | മതിയായ യോഗ്യത ഇല്ലാതെ അസിസ്റ്റന്റ് ലൈബ്രേറിയൻമാരായി സ്ഥാനക്കയറ്റം നല്കിയിട്ടുള്ള ശ്രീ. സെബാസ്റ്റ്യൻ ഡൊമനിക്ക് , ശ്രീ.മതി. ഷേർലി.ബി എന്നിവരെ റഫറൻസ് അസിസ്റ്റന്റ് തസ്തികയിലേക്ക് റിവേർട്ട് ചെയ്യുന്നതിനും ശ്രീ. ആർ.മനോഹറിന്റെ അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം പുനർ നിർണ്ണയിക്കുന്നതിനും ടിയാളുകൾ അധികമായി വാങ്ങിയ ശമ്പള ആനുകൂല്യങ്ങൾ തിരിച്ചു പിടിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുക, സർവകലാശാലയിൽ നടത്തിയിട്ടുള്ള എല്ലാ യോഗ്യത ഇല്ലാതെ അസിസ്റ്റന്റ് ലൈബ്രേറിയൻ പ്രമോഷനും പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുക. | യിലേക്ക് റിവേർട്ട് 31/10/2019 തീയതിയിലെ ജി.എ/ജെ3/ 15843/19 തീയതിയിലെ നടപടിയുത്തരവ് പ്രകാരം ശ്രീ. സെബാസ്റ്റ്യൻ ഡൊമനിക്ക് , ശ്രീമതി. ഷേർലി.ബി എന്നവരെ റഫറൻസ് അസിസ്റ്റന്റ് തസ്തികയിലേക്ക് റിവേർട്ട് ചെയ്യുകയും മറ്റ് ശിപാർശകളിലെ നടപടികൾ സ്വീകരിച്ച് വരുന്നതായും കാർഷിക സർ വകലാശാല അറിയിച്ചിട്ടുണ്ട്. അന്തിമ മറുപടി ലഭ്യമാക്കിയിട്ടില്ല. |
| 82 | മത്സ്യ ഫെഡ് , വ്യാസാ സ്റ്റോർ അമ്പലപ്പുഴ | ബാധ്യതയായി കണ്ടെത്തിയ 2,33,78,400/- രൂപ ഇടാക്കുന്നതിനുള്ള സഹകരണ നിയമപ്രകാരമുള്ള ആർബിട്രേഷൻ നടപടി സ്വീകരിക്കണം | ഭരണ വകുപ്പ് മറുപടി ലഭ്യമാക്കിയിട്ടില്ല. |
| 83 | എൻ.സി.സി. ഡയറക്ടറേറ്റ് , | യാത്രാ ബത്ത ക്രമരഹിതമായി അനുവദിച്ചതുമായി ബന്ധപ്പെട്ട് എൻ.സി.സി. വകുപ്പിലെ ബാധ്യതയായി കണ്ടെത്തിയ 5,22,963 രൂപയും സൈനികക്ഷേമ വകുപ്പിലെ ബാധ്യത യായി കണ്ടെത്തിയ 22,963. രൂപയും 18% പിഴപ്പലിശ സഹിതം ഇടാക്കുന്നതിനുള്ള | അന്തിമ മറുപടി ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | നടപടി സ്വീകരിക്കണം | |
| 84 | സബ് രജിസ്ട്രേഷൻ ഓഫീസ് ഭരണിക്കാവ് | അണ്ടർ വാല്യുവേഷൻ - ഖജനാവിനുണ്ടായ സാമ്പത്തിക നഷ്ടമായ 174691/- രൂപ തിരിച്ചടയ്ക്കാൻ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാൻ ജില്ലാ രജിസ്ട്രാരോട് നിർദ്ദേശിച്ചു. | അന്തിമ ന്യൂനതാ പരിഹാര/നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 85 | അസിസ്റ്റന്റ് ലേബർ ഓഫീസ് , ചേർത്തല | 518200/- രൂപ വിവിധ ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക പിരിച്ചെടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. | അന്തിമ ന്യൂനതാ പരിഹാര/നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 86 | മൈനർ ഇറിഗേഷൻ , ചെങ്ങന്നൂർ | കുട്ടനാട് പാക്കേജ് നടത്തിപ്പിനായുള്ള അക്കൗണ്ടിൽ പലിശയിനത്തിൽ ലഭിച്ചിട്ടുള്ള 11,77,657/- രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്ക വരുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. | അന്തിമ ന്യൂനതാ പരിഹാര/നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 87 | പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ ഡിവിഷൻ ആലപ്പുഴ. | 178289- രൂപ കോൺട്രാക്ടറുടെ കൈയ്യിൽ നിന്നും പിഴയായി ഈടാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. | അന്തിമ ന്യൂനതാ പരിഹാര/നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 88 | കൃഷി ഭവൻ, പുളിങ്കുന്ന് | 1. 12197- രൂപ കൃഷി ഓഫീസറിൽനിന്ന് തിരിച്ചുപിടിക്കാനും, പലിശയിനത്തിലുള്ള 98551/- രൂപയും ചേർത്ത് 1,10,748/- ട്രഷറിയിലടച്ച് ചെലാൻ ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. 2. കാർഷിക സഹായം 2015-16 മായി ബന്ധപ്പെട്ട സ്റ്റോർ പർച്ചേഴ്സ് മാന്യുവലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി വിത്തുകൾ വാങ്ങിയതിന് കൃഷി ഓഫീസറെ താക്കീത് ചെയ്യാൻ നിർദ്ദേശിച്ചു. 3. പദ്ധതി ചെലവിനുള്ള തുക പിൻവലിച്ചത് ചെലവഴിക്കാതെയും ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കാത്തതുമായി ബന്ധപ്പെട്ട് വിശദീകരണം ആവശ്യപ്പെട്ടു. | അന്തിമ ന്യൂനതാ പരിഹാര/നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 89 | താലൂക്ക് സപ്ലൈ ഓഫീസ്, കുട്ടനാട് | ARD,AWD കമ്മീഷൻ തുക, അക്കൗണ്ട് പലിശ, ടൈഡ് ഓവർ ഭക്ഷ്യധാന്യങ്ങളുടെ വില, പിഴത്തുകകൾ എന്നീ ഇനങ്ങളിലായി 3649804 രൂപ ഖജനാവിൽ ഒടുക്കുവാൻ നിർദ്ദേശിച്ചു | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 90 | ഗ്രാമ പഞ്ചായത്ത്, എഴുപുന്ന | പഞ്ചായത്തിന്റെ തനത് ഫണ്ട്(2016-17, 17-18) നിക്ഷേപങ്ങൾക്ക് സഹകരണ ബാങ്കുകൾ | അന്തിമ ന്യൂനതാ പരിഹാര/നടപടി |

| | | | |
|---|---|---|---|
| | | പലിശ മുതൽക്കൂട്ടുന്നില്ലെന്നും വിവിധ നികുതിയിനത്തിൽ 1,09,98,813/- രൂപ വിവിധ നികുതിയിനങ്ങളിൽ 2018-19 സാമ്പത്തികവർഷത്തിൽ പിരിച്ചെടുക്കാനുള്ളതായും 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 3,98,816/- രൂപ ചിലവഴിച്ച് ജനറേറ്റർവാങ്ങിയത് സ്റ്റോർ പർച്ചേസ് മാനുവലിലെ നടപടിക്രമം പാലിക്കാതെയാണെന്നും കണ്ടെത്തുകയും ഉചിതമായ നടപടികൾക്ക് ശിപാർശ നൽകുകയും ചെയ്തു. | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 91 | സോഷ്യൽ ഫോറസ്റ്റി ഡിവിഷൻ, ആലപ്പുഴ | കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷം നടപ്പിലാക്കികണ്ടെത്തിയ 73,296/- രൂപയുടെ ക്രമക്കേട് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥരിൽനിന്ന് തിരിച്ചുപിടിക്കാനും വിവിധ അക്കൗണ്ടുകളിൽ ബാങ്കിൽ സഞ്ചിതമായിരിക്കുന്ന 25,75,892/- രൂപ ട്രഷറിയിൽ ഒടുക്കുവരുത്തുവാനും നിർദ്ദേശം നൽകി. | അന്തിമ ന്യൂനതാ പരിഹാര/നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 92 | ഡി.ഇ.ഒ ആലപ്പുഴ. | 20178-19 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനുശേഷം ബാക്കിവന്ന തുകയായ 6,47,451/- രൂപ ബാങ്കിൽ സഞ്ചിതമായിരുന്നത് ബന്ധപ്പെട്ട ശീർഷകത്തിൽ തിരികെ ഒടുക്കുവാൻ നിർദ്ദേശിച്ചു. ശമ്പള നിർണ്ണയത്തിലെ അപാകതമൂലം അധികമായി കൈപ്പറ്റിയ രണ്ട് ഉദ്യോഗസ്ഥരിൽനിന്ന് 11,435/- രൂപ തിരികെ ഒടുക്കുവരുത്തുവാൻ നർദ്ദേശിച്ചു. | അന്തിമ ന്യൂനതാ പരിഹാര/നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 93 | എസ്.എം. കോളേജ്, ചേർത്തല. | 1.പലിശയിനത്തിൽ സഞ്ചിതമായി തുക 1,65,985/- 2. പി.ഡി. അക്കൗണ്ടിലെ കണക്കിൽപ്പെടാത്ത തുക 9,54,667/- 3. സ്കോളർഷിപ്പ് വിതരണത്തിലെ നീക്കിയിരിപ്പായ 08/11/2018 രെയുള്ള 3,01,585/- 4. 1999-2000 മുതൽ 2017-18 വരെയുള്ള ട്യൂഷൻ ഫീസ് ഇനത്തിലുള്ള കുടിശ്ശിക8,97,348/- രൂപയും | അന്തിമ ന്യൂനതാ പരിഹാര/നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| | | ചേർന്ന തുകയായ 23,19,585/- അനുബന്ധ ശീർഷകത്തിൽ അടയ്ക്കുവാൻ നിർദ്ദേശിച്ചു.. | |
| 94 | താലൂക്ക് സപ്ലൈ ഓഫീസ്,കുട്ടനാട് | ARD, AWD, കമ്മീഷൻ ഇനത്തിലുള്ള അധിക തുക 104346/- രൂപ വരവ് ശീർഷകത്തിൽ ഒടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്..പലിശയിനത്തിൽ ലഭിച്ചിട്ടുള്ളതുക 99,028/- രൂപ നിർദ്ദിഷ്ട ശീർഷകത്തിൽ ഒടുക്കാൻ നിർദ്ദേശിച്ചു. റൈറ്റഡ് ഓവർ ഇനത്തിൽ തകഴി സപ്ലൈകോ ഖജനാവിൽ അടയ്ക്കാനുള്ള 32,35,601/- രൂപ ട്രഷറിയിൽ അടയ്ക്കാൻ നിർദ്ദേശിച്ചു. താലൂക്കിലെ മൊത്തവ്യാപാരികൾ റൈറ്റഡ് ഓവർ ഇനത്തിൽ 04/2017 വരെ അടയ്ക്കുവാനുള്ള കുടിശ്ശിക തുകയായ 1,79,323/- രൂപ പലിശ സഹിതം തിരിച്ചുപിടിക്കാൻ നിർദ്ദേശിച്ചു. പണിഷ്മെന്റ് രജിസ്റ്റർ പ്രകാരം ഇനിയും പിരിച്ചെടുക്കുവാനുള്ള 31,506/- രൂപ കടയുടമകളിൽനിന്ന് തിരിച്ചുപിടിക്കാൻ നിർദ്ദേശിച്ചു. (ആകെ തുക 36,49,804/- രൂപ) | അന്തിമ ന്യൂനതാ പരിഹാര/നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 95 | ഗ്രാമ പഞ്ചായത്ത് ഭരണിക്കാവ് | 82,088/- രൂപ - പൈക്കാ പദ്ധതിയിലേയ്ക്ക് തിരിച്ചടക്കുന്നതിനും കെട്ടിട നികുതി കുടിശ്ശികയിനത്തിൽ 17,04,342/- രൂപ, വാടക കുടിശ്ശികയിനത്തിൽ 28,662/-രൂപ, CCTV വാങ്ങിയതിലെ ക്രമക്കേട് 27,448/- രൂപ, അൺഎയിഡഡ് സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാതിരുന്നതിനാൽ 20,000/- രൂപ , KBOCWWB കളക്ഷൻ ചാർജ്ജ് ഇനത്തിൽ ലഭിക്കേണ്ടുന്ന തുക 29,819/- രൂപ, അവകാശികളില്ലാത്ത ഡെപ്പോസിറ്റുകളായ 6,33,553/- രൂപ (ആകെ 25,25,912/- രൂപ) എന്നിവ ക്രമീകരിക്കാൻ നിർദ്ദേശിച്ചു. | അന്തിമ ന്യൂനതാ പരിഹാര/നടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല |
| 96 | താലൂക്ക് സപ്ലൈ ഓഫീസ്,ചേർത്തല | TSB അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയായ 64,658/- രൂപ നിർദ്ദിഷ്ട ശീർഷകത്തിൽ തിരിച്ചടയ്ക്കാൻ നിർദ്ദേശിച്ചു. പണിഷ്മെന്റ് രജിസ്റ്റർ പ്രകാരം 1,99,853/- രൂപ പിരിച്ചെടുത്ത് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിച്ചു. ഓപ്പൺ | അന്തിമ ന്യൂനതാ പരിഹാര/നടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | | മാർക്കറ്റ് ലൈസൻസ് കുടിശ്ശികയിനത്തിൽ 64,900/- പിരിച്ചെടുത്ത് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിച്ചു. | |
| 97 | ഗ്രാമ പഞ്ചായത്ത് തണ്ണീർമുക്കം. | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലുമായുണ്ടായ ധനനഷ്ടം 96,852/- രൂപ ഈടാക്കുന്നതിനും സഹകരണ ബാങ്ക് പലിശയിനത്തിൽ നൽകേണ്ടുന്ന തുക (20,36,787/- രൂപ) തനതു ഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്. | അന്തിമ ന്യൂനതാ പരിഹാര/നടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല |
| 98 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, കായംകുളം | AEO Bank A/c. ൽ ഇനം തിരിച്ചറിയാത്ത തുകയായ 832451/ രൂപ ഖജനാവിൽ തിരിച്ചടയ്ക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. | അന്തിമ ന്യൂനതാ പരിഹാര/നടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല |
| 99 | .UPS ഇലിപ്പിക്കുളം | വ്യാജരേഖ ഹാജരാക്കി കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവു വരുത്തി അനധികൃത നിയമനം നടത്തിയതിൻമേൽ തുടർ നടപടികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് | കായംകുളം ഇലിപ്പിക്കുളം യു.പി.എസിലെ 2019-20 വർഷത്തെ തസ്തിക നിർണ്ണയം കായംകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് നം. സി-140/2020 തീയതി 23/03/2020 പ്രകാരം റദ്ദ് ചെയ്യുകയും തസ്തിക പുന:നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ടെന്നും തസ്തിക നിർണ്ണയം വഴി പുറത്തായ എൽ.പി.എസ്.റ്റി ശ്രീമതി. നിഷാകുമാരിയുടെ 15/07/2019 മുതലുള്ള ശമ്പളം തിരികെപ്പിടിക്കുന്നതിനു കായംകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിർദ്ദേശം |

| | | | |
|---|---|---|---|
| | | | നല്കിയിട്ടുണ്ടെന്നും ശ്രീമതി.നിഷാകുമാരി ബഹു .ഹൈക്കോടതിയിൽ സമർപ്പിച്ച W.P.(C) 2553/20 നമ്പർ റിട്ട് പെറ്റീഷനിലെ ഇടക്കാല വിധി പ്രകാരം മേൽ നടപടി സ്റ്റേ ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഭരണ വകുപ്പ് അന്തിമ മറുപടി ലഭ്യമാക്കിയിട്ടില്ല. |
| 100 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പേരാവൂർ | 1).സ്റ്റോക്കിൽ കുറവു വന്ന മരുന്നുകളുടെ വിലയായ 10,959 രൂപ ഫാർമസിയുടെ ചാർജ്ജുള്ള ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്<br>2).ബാങ്ക് അക്കൗണ്ടിലുള്ള 86,390 രൂപയിൽ പലിശയായ 47,352 രൂപയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിനു ശേഷം മിച്ചം വരുന്ന തുകയും തിരിച്ചടക്കേണ്ടതാണ്. | ന്യൂനതാ പരിഹാര/നടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല |
| 101 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, ചൊക്ലി | 1). എ. ഇ. ഒ-യുടെ പേരിൽ സിൻഡിക്കേറ്റ് ബാങ്ക് അക്കൗണ്ടിലുള്ള 2,78,091 രൂപയിൽ പലിശ ഇനത്തിൽ നീക്കിയിരിപ്പായ 15,841 രൂപ സർക്കാർ അക്കൗണ്ടിലേക്ക് അടക്കേണ്ടതും ബാലൻസ് സ്കോളർഷിപ്പ് തുക വിദ്യാർത്ഥികൾക്ക് അടിയന്തിരമായി വിതരണം ചെയ്യേണ്ടതുമാണ്.<br>2). കെട്ടിടത്തിന്റെ വാടക നിർണ്ണയിക്കുന്നതിനുള്ള അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്. | 1). 46,303 രൂപ തിരിച്ചടച്ചു<br>2). കെട്ടിടത്തി ന്റെ വാടക 4,595/- രൂപയായി നിശ്ചയിച്ചിട്ടുണ്ട് |
| 102 | ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, തളിപ്പറമ്പ് | ചികിത്സാ ധനസഹായം ലഭിച്ച 12,00,000/- രൂപയിൽ മിച്ചം വന്ന 1,57,500/- രൂപ തിരിച്ചടക്കേണ്ടതാണ്. | ന്യൂനതാ പരിഹാര/നടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല |
| 103 | ഗവ. ആയുർവേദ ഡിസ്പെൻസറി, പട്ടുവം | സ്റ്റോക്കിൽ കുറവ് വന്ന മരുന്നുകളുടെ വില | ന്യൂനതാ |

| | | | |
|---|---|---|---|
| | | 19,517.50 രൂപ ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്. | പരിഹാര/നടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല |
| 104 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്, ഇരിട്ടി | വിവിധ പദ്ധതികൾക്കായി ലഭിച്ച 59,000, 42,000, 1,20,000, 20,559 എന്നീ തുകകൾ വിനിയോഗിക്കുകയോ തിരിച്ചടക്കുകയോ ചെയ്യാത്തതിനാൽ ടി തുകകൾക്ക് പ്രസ്തുത കാലയളവിലെ 18% പിഴ പലിശ ഈടാക്കേണ്ടതാണ് | ന്യൂനതാ പരിഹാര/നടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല. |
| 105 | ഉപജില്ലാ വിദ്യഭ്യാസ ഓഫീസ്, കണ്ണൂർ സൗത്ത് (1116/FIW-E2/2016/Fin നമ്പർ ഫയലിലെ ഉത്തരവ് പ്രകാരം പുന പരിശോധന) | 1).ബാങ്ക് അക്കൗണ്ടിൽ പലിശയിനത്തിലുള്ള 12,114 രൂപ സർക്കാർ അക്കൗണ്ടിലേക്ക് അടക്കേണ്ടതാണ്.<br>2). ഉച്ച ഭക്ഷണ പാചകക്കാർക്കുള്ള വേതന കുടിശ്ശികയിനത്തിൽ അധികം അനുവദിച്ച 2450 രൂപ ഈടാക്കേണ്ടതാണ്.<br>3). 2015-16 ലെ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് 12,100 രൂപ തിരിച്ചടക്കാതെ സൂക്ഷിച്ചതിന് 18% പിഴപ്പലിശ ഈടാക്കേണ്ടതും 2016-2017 ലെ ബാങ്ക് അക്കൗണ്ടിൽ കിടക്കുന്ന 19,06,221/-രൂപ തിരിച്ചടക്കേണ്ടതുമാണ്. | 1). 16,383 രൂപ തിരിച്ചടച്ചു<br>2) 2450 രൂപ തിരിച്ചടച്ചു<br>3) പിഴപ്പലിശ മാത്രം ഒടുക്കിയിട്ടുള്ളതാണ് |
| 106 | പ്രാഥമിക ആരോഗ്യ കേന്ദ്രം, കേളകം | 1). സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത വസ്തുക്കളുടെ തുകയായ 12,739/ രൂപ ഈടാക്കേണ്ടതാണ്.<br>2).42582200025420 നമ്പർ അക്കൗണ്ടിലെ നീക്കിയിരിപ്പായ 2,052.65 രൂപ കേളകം പഞ്ചായത്തിന്റെ അക്കൗണ്ടിൽ തിരിച്ചടക്കേണ്ടതാണ് .<br>3). വാഹന വാടകയിനത്തിൽ അധികമായി അനുവദിച്ച 11,100/-രൂപ പഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.<br>4). വാർഡ് സാനിറ്റേഷൻ ഫണ്ട് ഇടപാടുകൾ നടത്തുന്ന തിനായുള്ള അക്കൗണ്ടുകളിൽ പലിശയിനത്തിലുള്ള തുകകൾ സർക്കാർ അക്കൗണ്ടിലേക്ക് അടക്കേണ്ടതാണ്.<br>5) പഴയ ഓട്, മരവും ലേലം ചെയ്ത തുക സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ് | 1),2),3)&4) നടപടി സ്വീകരിച്ചിട്ടില്ല<br><br>5) ലേല തുക 16,500/- സർക്കാരിൽ അടച്ചു. |

| | | | |
|---|---|---|---|
| 107 | എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത് | 1). പദ്ധതി നിർവ്വഹണത്തിന് കാലതാമസം വന്നതിന് ഈടാക്കേണ്ടിയിരുന്ന പിഴ തുകയായ 32,994 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.<br>2). 2014-2015, 2015-2016 സാമ്പത്തിക വർഷങ്ങളിൽ സംയുക്ത പദ്ധതികൾക്ക് വേണ്ടി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് ലഭിച്ച 93,762 രൂപ തിരിച്ചടക്കേണ്ടതാണ്.<br>3). നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം വരുത്തിയതിന് കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്. | 1. ബില്ലിൽ നിന്നും ഈടാക്കിയിട്ടുണ്ട്<br>2).93,762 രൂപ തിരിച്ചടച്ചു<br>3). 1758 രൂപ തിരിച്ചു പിടിച്ചു |
| 108 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്, കൂത്തുപറമ്പ് | 1. ഊരുകൂട്ടം നടത്തുന്നതിനായി ലഭിച്ച 3,090 രൂപ തിരിച്ചടക്കാതെ കൈവശം വെച്ച കാലയളവിൽ ടി തുകയുടെ 18% പിഴ പലിശ ഈടാക്കേണ്ടതാണ്.<br>2. പ്രത്യേക കേന്ദ്ര സഹായ പദ്ധതിയിൻ കീഴിൽ ലഭിച്ച 90,000, 30,000, 60,000, 1,28,520 എന്നീ തുകകൾ വിനിയോഗിക്കാതെ കൈവശം സൂക്ഷിച്ചതിന് 18% പിഴപ്പലിശ ഈടാക്കേണ്ടതാണ്.<br>3. കോളയാട് പഞ്ചായത്തിലെ കോളനികളിൽ പൊതുകിണറുകളുടെ അറ്റകുറ്റപണിക്കും നവീകരണത്തിനും അനുവദിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കിയുള്ള 1,28,520 രൂപ കോളയാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും തിരിച്ചു പിടിച്ച് കോർപ്പസ് ഫണ്ടിൽ നിക്ഷേപിക്കേണ്ടതും തുക വിനിയോഗിക്കാതെ കൈവശം വെച്ചതിന് 31.03.2017 മുതൽ 18% പലിശ കോളയാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതുമാണ് | ന്യൂനതാ പരിഹാര/നടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല |
| 109 | കർഷക ഓൺലൈൻ രജിസ്ട്രേഷൻ അപ്ഡേഷൻ-പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസ്, കണ്ണൂർ, എ.ഡി.എ | 1. 2,24,986 രൂപ 18% പലിശ സഹിതം തിരിച്ചടക്കേണ്ടതാണ്.<br>2. 1,93,167 രൂപ കൈവശം വെച്ച കാലയളവിലെ 18% പലിശ ഈടാക്കേണ്ടതാണ്.<br>3. ക്ലെയിം സർട്ടിഫിക്കറ്റ് പ്രകാരം പണം പിൻവലിച്ച് ക്യാഷ് ബുക്കിൽ ചെലവഴിച്ചതായി | ന്യൂനതാ പരിഹാര/നടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | ഓഫീസുകൾ, കൃഷിഭവനുകൾ | കാണിച്ചതിന് കൃഷി ഓഫീസർക്കെതിരെ ഉചിതമായ വകുപ്പ് തല നടപടികൾ സ്വീകരിക്കേണ്ടതാണ് | |
| 110 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, പാനൂർ | 1). കാഷ് ചെസ്റ്റിൽ സൂക്ഷിച്ച 1,68,000 രൂപയുടെ ഡിഡികൾ 18% പലിശ സഹിതം തിരിച്ചടക്കേണ്ടതാണ്<br>2). NMSA പദ്ധതിക്കായി ലഭിച്ചതിൽ നീക്കിയിരിപ്പായ 5,084 രൂപ 1,80,000 രൂപ (18% പലിശ സഹിതം) എന്നീ തുകകൾ തിരിച്ചടക്കേണ്ടതാണ്.<br>3). ആത്മ പ്ലസ്- അനധികൃതമായി അനുവദിച്ച 500 രൂപ തിരിച്ചു പിടിക്കേണ്ടതാണ്.<br>4).യാത്രാബത്തയിനത്തിൽ ക്ലർക്കിന് അധികമായി അനുവദിച്ച 2,640 രൂപ തിരിച്ചു പിടിക്കേണ്ടതാണ്. | 1) നടപടി സ്വീകരിച്ചിട്ടില്ല<br>2). 1,80,000 രൂപ തിരിച്ചടച്ചു<br>3) 500 രൂപ അടച്ചു.<br>4). 2,640 രൂപ അടച്ചു |
| 111 | ഗവ. ബോയ്സ് എച്ച്. എസ്. എസ്, മാടായി | 1.ബാങ്ക് അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ള 37,841/- രൂപ സർക്കാർ അക്കൗണ്ടിൽ തിരിച്ചടക്കാൻ നിർദ്ദേശിച്ചു.<br>2. കടുത്ത ധനകാര്യ അച്ചടക്കരാഹിത്യം കാണിച്ച ഹെഡ് മാസ്റ്റർ ആയിരുന്ന ശ്രീ. ടി. വി. ചന്ദ്രനെതിരെ ഉചിതമായ വകുപ്പുതല അച്ചടക്ക നടപടികൾ നിർദ്ദേശിച്ചു | 1). 34549 സർക്കാർ അക്കൗണ്ടിലും 2966 രൂപ BRC യിലും തിരിച്ചടച്ചു<br>2). ടി. വി. ചന്ദ്രൻ വിരമിച്ച സാഹചര്യത്തിൽ ടിയാനെതി രെ ആരംഭിച്ച അച്ചടക്ക നട പടി തീർപ്പാക്കി പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ ഉത്തരവായിട്ടുണ്ട് |
| 112 | സ്പെഷ്യൽ എൻക്വയറി- 'സർക്കാർ സ്കൂളുകളെ അന്താരാഷ്ട്ര | 1). പദ്ധതി പൂർത്തീകരണ കാലതാമസത്തിന് നിർമ്മിതികേന്ദ്രയിൽ നിന്ന് 50,000/- രൂപ ഈടാക്കേണ്ടതാണ്.<br>2).നിർമ്മിക്കാത്ത ടോയ് ലെറ്റിന് നൽകിയ തുക 1,79,094/- രൂപ സർക്കാർ | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.. |

| | | | |
|---|---|---|---|
| | നിലവാരത്തിലേക്ക് ഉയർത്തൽ' പദ്ധതിയുമായി ബന്ധപ്പെട്ട സ്പെഷ്യൽ റിപ്പോർട്ട് | അക്കൗണ്ടിലേയ്ക്ക് തിരിച്ചുപിടിക്കാൻ നിർദ്ദേശിച്ചു.<br><br>3). നിർമ്മാണം പൂർത്തിയാക്കാത്ത ടോയ്‌ലെറ്റിന് നൽകിയ തുക 2,58,364/- രൂപ സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചുപിടിക്കാൻ നിർദ്ദേശിച്ചു. | |
| 113 | കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്, ഇരിക്കൂർ | 1). ബാങ്ക് അക്കൗണ്ടിലും ട്രഷറി അക്കൗണ്ടിലുംമായി നീക്കിയിരിപ്പായ 13,65,385 രൂപ സർക്കാർ അക്കൗണ്ടിൽ തിരിച്ചടക്കേണ്ടതാണ്.<br>2). ചട്ടങ്ങൾ മറികടന്ന് പർച്ചേസ് നടത്തിയ കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് എതിരേ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.<br>3). ക്രമീകരിക്കാത്ത അഡ്വാൻസ് ബില്ലുകളുടെ തുക, മുൻകൂർ മാറിയെടുത്ത് ദീർഘകാലം ചെലവഴിക്കാതെ തിരിച്ചടച്ച തുക എന്നിവയുടെ 18% പലിശ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 114 | ജില്ലാ പട്ടിക ജാതി വികസന ഓഫീസ് കണ്ണൂർ | 1. കോർപ്പസ് ഫണ്ടിനത്തിൽ 2015-2016, 2016-2017 ൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ നീക്കിയിരിപ്പായ 12,22,067 രൂപയും, 2016-2017-ൽ നിലപ്പനക്കന്ന് കോളനി കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി വൈകിച്ചതിന് പിഴയായി 17,644/- രൂപയും കേരള വാട്ടർ അതോറിറ്റി കണ്ണൂർ വാട്ടർ സപ്ലൈ ഡിവിഷൻ സർക്കാരിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 115 | ജില്ലാ ടൂറിസം പ്രൊമോഷൻ കൌൺസിൽ കണ്ണൂർ | നീക്കിയിരിപ്പ് തുകയായ 2,30,87,569 രൂപ സർക്കാരിലേയ്ക്ക് തിരിച്ചടച്ച് റിപ്പോർട്ട് ചെയ്യുവാനും സർക്കാർ ഇടപാടുകൾ ട്രഷറി അക്കൗണ്ടിലൂടെ മാത്രം നടത്തുവാനും. ചൂട്ടാട് ബീച്ചിലെ പാലം നിർമ്മാണം എന്ന പ്രവർത്തിയ്ക്ക് ക്രമവിരുദ്ധമായി നല്കിയ 40 ലക്ഷം രൂപ അഡ്വാൻസ് സർ ക്കാരിൽ മുതൽക്കൂട്ടുവാനും വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നിന്നുള്ള വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. | നടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല. |
| 116 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, | എൻ.എം.എസ്.എ., സി.ഡി.ബി ഇനങ്ങളിൽ ബാങ്കിൽ നീക്കിയിരിപ്പുള്ള 93,963 രൂപ സർക്കാർ അക്കൗണ്ടിലേക്ക് | നടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | പേരാവൂർ | തിരിച്ചടക്കേണ്ടതാണ്.<br>2. വിവിധ അക്കൗണ്ടുകളിലായി അവശേഷിക്കുന്ന 5,24,054 രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിനു ശേഷം ബാക്കി നിൽക്കുന്ന തുക സർക്കാരിലേയ്ക്ക് തിരിച്ചടക്കേണ്ടതുമാണ്.<br>3). മുൻ ക്ലർ ബില്ലിലെ തുക ക്രമീകരിക്കുന്നതിനുള്ള കാലതാമസത്തിന് - തിരിച്ചടച്ച 2,39,175 രൂപയുടെ 18% പിഴപ്പലിശയായി ഈടാക്കേണ്ടതാണ്. | |
| 117 | ഐ.സി.ഡി.എസ് ജില്ലാ പ്രോഗ്രാം ഓഫീസ് കണ്ണൂർ | ബാല സുരക്ഷാ പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി അനുവദിച്ച 5,65,360 രൂപ യുടെ ചെലവ് ക്രമീകരിച്ച റിപ്പോർട്ട് ചെയ്യേണ്ടതാണ്. | നടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല. |
| 118 | വ്യവസായ വികസന ഓഫീസ്, തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ സംരംഭകത്വത്തിനായി അനുവദിച്ച ലോൺ തുകയായ 18,62,500 രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.<br>ബന്ധപ്പെട്ട വ്യവസായ വികസന ഓഫീസർക്കെതിരെ വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കണം. | നടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല. |
| 119 | സംസ്ഥാന ചരക്ക സേവന നികുതി ഡെപ്യൂട്ടി കമ്മീഷണറുടെ ഓഫീസ്, കണ്ണൂർ | 1. വാറ്റ് കുടിശ്ശിക ഇനത്തിൽ വിവിധ സർക്കിളുകളിൽ നിന്നും പിരിച്ചെടുക്കാനുള്ള 14624.88 ലക്ഷം രൂപ എത്രയും പെട്ടെന്ന് പിരിച്ചെടുക്കുന്നതിനുള്ള കർശനനടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ച് അക്കാര്യം റിപ്പോർട്ട് ചെയ്യേണ്ടതാണ്.<br>2. ചരക്ക സേവന നികുതി റിട്ടേൺ സമർപ്പിക്കാതിരുന്ന രണ്ടു സ്ഥാപങ്ങൾക്കെതിരായ നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് അക്കാര്യം അറിയിക്കേണ്ടതാണ്.<br>3 റവന്യൂ റിക്കവറി കേസുകളിൽ തുക ഈടാക്കുന്നതിനുള്ള കർശനമായ നടപടികൾ വകുപ്പ് തലത്തിൽ എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതാണ്. | ശുപാർശ 2 ൽ ഒഴികെ തുടർ നടപടികൾ സ്വീകരിച്ച് ഭരണ വകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 120 | ദീനുൾ ഇസ്ലാം സഭ ഗേൾസ് എച്ച്. എസ്. | അനധികൃതമായി കൈവശം സൂക്ഷിച്ച 40,700 രൂപ 18% പിഴ പ്പലിശ സഹിതം സ്റ്റോർ | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് |

| | | | |
|---|---|---|---|
| | എസ്,കണ്ണൂർ | സെക്രട്ടറിയായ ശ്രീ അബ്ദുൾ റഷീദ്. പി., പ്രധാന അദ്ധ്യാപിക ശ്രീമതി സാബിറ കെ എം എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി സർക്കാർ അക്കൗണ്ടിൽ അടക്കേണ്ടതാണ്.<br>വിവിധ ബാങ്ക് അക്കൗണ്ടുകളിലായി പലിശയിനത്തിൽ നീക്കിയിരിപ്പുള്ള 71,828 രൂപ സർക്കാർ അക്കൗണ്ടിൽ തിരിച്ചടക്കണം. | ലഭ്യമാക്കിയിട്ടില്ല |
| 121. | AMLPS പൈബാലശ്ശേരി | ശ്രീമതി ഖദീജ 08.11.2010 മുതൽ 22.11.2012 വരെ AMLPS പൈബാലശ്ശേരി പ്രധാനാധ്യാപികയായും മടവൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ആയും പ്രതിഫലം കൈപ്പറ്റിയതായി കണ്ടെത്തി പ്രധാനാധ്യാപിക എന്ന നിലയിൽ കൈപ്പറ്റിയ 7,12,070/- രൂപ തിരിച്ചടപ്പിക്കാൻ ശുപാർശ ചെയ്തു | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 122 | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, നെന്മാറ | ഭരണാനുമതി ലഭ്യമാക്കാതെ നിർമ്മാണ പ്രവൃത്തികൾ നടത്തിയതിന് തത്സമയത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്<br>നടപടിക്രമങ്ങൾ കൃത്യമായി പാലിക്കാതെ കരാർ തുകയെക്കാൾ അധിക തുകനിർമ്മാണ പ്രവൃത്തികൾക്ക് വിനിയോഗിച്ച, ക്രമക്കേടുകൾക്ക് ഉത്തരവാദികളായ തത്സമയത്തെ നിലവിലുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, സീനിയർ സൂപ്രണ്ട്മാർ, ജൂനിയർ സൂപ്രണ്ട്, ഹെഡ് അക്കൗണ്ടന്റ്മാർ, സെക്ഷൻ ക്ലർക്ക് തുടങ്ങിയ ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷനോട്ടുകൂടിയ കർശനമായ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ ശുപാർശ ചെയ്തിട്ടുണ്ട്.<br>നടപടിക്രമങ്ങൾ കൃത്യമായി പാലിക്കാതെ കരാർ തുകയെക്കാൾ അധിക തുക നിർമ്മാണ പ്രവൃത്തികൾക്ക് വിനിയോഗിച്ച ഇനത്തിൽ പൊതു ഖജനാവിന് നഷ്ടമായ 16,14,526 രൂപ 18% പലിശ സഹിതം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ മുതൽക്കൂട്ടുവാൻ ശുപാർശ | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | | ചെയ്തിട്ടുണ്ട്. | |
| 123 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, പാലക്കാട് | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീ.സി. വിജയൻ, ഏതാനും ചില വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകർ എന്നിവർക്കെതിരെ വകുപ്പുതലത്തിൽ കർശനമായ താക്കീത് നൽകുവാനും സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ പലിശയിനത്തിൽ സ്വരൂപിക്കപ്പെട്ട 93,163/- രൂപ പിൻവലിച്ച് ''0049-04-800-80-Miscellaneous receipts other items'' എന്ന ശീർഷകത്തിലേക്ക് മുതൽക്കൂട്ടുന്നതിനും നാഷണൽ സ്കോളർഷിപ്പുമായി ബന്ധപ്പെട്ട 4350/- രൂപ ബന്ധപ്പെട്ട ശീർഷകത്തിലേക്ക് മുതൽക്കൂട്ടുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. | 97,513/- രൂപ സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ട് |
| 124 | താലൂക്ക് ഇൻഡസ്ട്രീസ്, ഓഫീസ്, പാലക്കാട് | ഗുണഭോക്താവിന് (M/s Elim Feeds, Ottappallam) സബ്സിഡിയായി നൽകിയ 8,71,185/- രൂപ തിരിച്ചു പിടിക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. | 8,71,185/- രൂപ സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ട് |
| 125 | ഡെപ്യൂട്ടി ഡയറക്ടർ, ഡയറി ഡെവലപ്മെന്റ്, പാലക്കാട് | പദ്ധതി പൂർത്തീകരണത്തിന് മുമ്പ് തന്നെ 21,26,575/- രൂപ ട്രഷറിയിൽ നിന്നും മാറിയെടുത്ത തൽസമയത്തെ നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ.എം.പ്രകാശനിൽ നിന്നും ഈ ബില്ലുകൾ ട്രഷറിയിൽനിന്നും മാറിയെടുത്ത തിയതിയായ 31/03/16 മുതൽ ആയത് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം നടത്തുന്ന തീയതി വരേക്ക് അല്ലെങ്കിൽ ട്രഷറിയിലേക്ക് തിരിച്ചടയ്ക്കുന്ന തിയതി വരേക്ക് തുകയ്ക്കുള്ള 18% പലിശ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിലേക്ക് മുതൽക്കൂട്ടുവാനും ഇത്തരം വീഴ്ചകൾ മേലിൽ ആവർത്തിക്കാതിരിക്കുവാൻ ടിയാനെതിരെ വകുപ്പുതലത്തിൽ കർശനമായ താക്കീത് നൽകുവാനും ശുപാർശ ചെയ്തിട്ടുണ്ട്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 126 | എസ്.എൻ.കോളേജ്, ആലത്തൂർ | സ്റ്റോർ പർച്ചേസ് മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള നിർദ്ദേശങ്ങളും നിബന്ധനകളും പാലിക്കാതെയും നിലവിലുള്ള ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെയും സർക്കാർ ഫണ്ട്, പി.ഡി.ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | നടത്തിയ വിവിധ പർച്ചേസുകളിലും ചെലവുകളിലും കണ്ടെത്തിയ ഗുരുതരമായ അപാകതകൾക്കും സാമ്പത്തിക ക്രമക്കേടുകൾക്കും ഉത്തരവാദിയായിട്ടുള്ള ഉദ്യോഗസ്ഥരിൽ നിന്നും 5,99,550/- രൂപ 18% പലിശ സഹിതം ഈടാക്കുവാനും ടിയാൻമാർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുവാനും ശുപാർശ ചെയ്തിട്ടുണ്ട്. | |
| 127 | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ഇറിഗേഷൻ ഡിവിഷൻ, മലമ്പുഴ | വാഹന ദുരുപയോഗം ചെയ്തതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും 3,06,525/-രൂപ ഈടാക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. വാഹനം സ്വകാര്യ ആവശ്യത്തിനായി ഉപയോഗിച്ചതിന് 3360/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ.കെ.എൻ. ശിവദാസനിൽനിന്ന് ഈടാക്കുന്നതിനും വാഹന ദുരുപയോഗത്തിന്റെ പിഴയായി ശ്രീ.കെ.എൻ.ശിവദാസൻ, ശ്രീമതി.സ്മിത ബാലകൃഷ്ണൻ എന്നിവരിൽനിന്നും 6113/- രൂപ തുല്യമായി ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിലേക്ക് മുതൽക്കൂട്ടുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 128 | ഗ്രാമപഞ്ചായത്ത്, കൊല്ലങ്കോട് | ഗ്രാമപഞ്ചായത്തിലെ ദിവസവേതന ശുചീകരണ തൊഴിലാളിയായ ശ്രീ.എസ്.രാമലിംഗം ശുചീകരണ പ്രവർത്തനത്തിൽ ഏർപ്പെടാതെതന്നെ വേതന ഇനത്തിൽ കൈപ്പറ്റിയ 4,96,150/-രൂപ തനതുഫണ്ടിൽ നിന്നും ക്രമവിരുദ്ധമായി പിൻവലിച്ച് വിതരണം ചെയ്ത, പഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നും ടി തുക ഈടാക്കി പഞ്ചായത്തിന്റെ ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനും സെക്രട്ടറി ശ്രീ.പി.ആർ. ഉണ്ണികൃഷ്ണൻപിള്ളയ്ക്കെതിരെ വകുപ്പുതലത്തിൽ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും ജൂനിയർ സൂപ്രണ്ടുമാരായ ശ്രീമതി.എൻ.രാധ, ശ്രീ.സനൽകുമാർ, ശ്രീമതി.ബീനാ തോമസ് ജോൺ എന്നിവർക്കെതിരെ കർശനമായ താക്കീത് നൽകുന്നതിനും, ബാങ്ക് അക്കൗണ്ടുകളിൽ | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | നാളിതുവരേക്ക് പലിശ ഇനത്തിൽ സ്വരൂപിക്കപ്പെട്ട 69602/- രൂപ ''0049-00-800-80-Miscellaneous Receipts other items'' എന്ന ശീർഷകത്തിലേക്ക് മുതൽക്കൂട്ടുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. | |
| 129 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസ് (ഗവൺമെന്റ് മെഡിക്കൽ കോളേജ്, പാലക്കാട്) | സ്പെഷ്യൽ ഓഫീസറുടെയും പ്രിൻസിപ്പാളിന്റേയും പേരിൽ പരിപാലിച്ചുവരുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ പലിശ ഇനത്തിൽ നാളിതുവരേക്ക് സ്വരൂപിക്കപ്പെട്ട ആകെ തുകയായ 12,91,016/- രൂപ അടിയന്തിരമായി പിൻവലിച്ച് ഗവൺമെന്റ് ട്രഷറിയിലെ ''0049-04-800-80-Miscellaneous Receipts other items'' എന്ന ശീർഷകത്തിലേക്ക് മുതൽക്കൂട്ടാനും ശുപാർശ ചെയ്യുന്നു. | സ്പെഷ്യൽ ഓഫീസറുടെ പേരിലുള്ള എസ്.ബി അക്കൗണ്ടിൽ പലിശയിനത്തിൽ തുടക്കം മുതൽ 31.03.2018 വരെ ലഭിച്ച പലിശയുടെ വിവരങ്ങൾ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം കണക്കാക്കിയതിനാൽ 17,07,784.00 രൂപ ലഭിച്ചിരിക്കുന്നതായും പ്രിൻസിപ്പാളുടെ പേലിലുള്ള എസ്.ബി. അക്കൗണ്ടിൽ തുടക്കം മുതൽ 31.03.2018 വരെ 4,04,884.00 രൂപയും ലഭിച്ചിരിക്കുന്നതായും കണ്ടെത്തുകയുണ്ടായി. രണ്ട് അക്കൗണ്ടുകളിലുമായി പലിശയിനത്തിൽ കോളേജിന് ആകെ ലഭിച്ച തുക 21,12,668.00 രൂപ റിപ്പോർട്ടിൽ നിർദ്ദേശിച്ചതു പ്രകാരം ഈ തുക ട്രഷറിയിൽ 06.06.2016-ൽ KL002703064201920M (1707784 രൂപ) KL002703382201920M (404884 രൂപ) എന്നീ നമ്പർ ചലാനിലൂടെ നിർദ്ദേശിച്ചിരുന്ന |

| | | | |
|---|---|---|---|
| | | | "0049-04-800-80-Miscellaneous Receipts Other items" എന്ന ശീർഷകത്തിൽ ഒടുക്കിയിട്ടുണ്ട്. |
| 130 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, മലമ്പുഴ | പാലക്കാട് ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന നടപ്പിലാക്കി വരുന്ന നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് പ്രവൃത്തികളുടെ പൂർത്തീകരണത്തിന് മുൻപ് 3,01,99,100/- രൂപ അനവസരത്തിൽ ട്രഷറിയിൽ നിന്ന് പിൻവലിച്ച് സ്പെഷ്യൽ ടി.എസ്.ബി.അക്കൗണ്ടിൽ നിക്ഷേപിച്ച മുൻ ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി.ഒ. രേണുകാദേവിക്കെതിരെ വകുപ്പുതലത്തിൽ അനുയോജ്യമായ അച്ചടക്ക നടപടികൾ സ്വീകരിക്കുവാനും മുൻ ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി.ഒ.രേണുകാദേവിയുടെ ക്രമവിരുദ്ധമായ നടപടികളെ അന്ധമായി ന്യായീകരിക്കുകയും ടിയാരിയിൽ നിന്ന് ഈ വിഷയത്തിൽ കൃത്യവും വ്യക്തവുമായ വിശദീകരണം ലഭ്യമാക്കുന്നതിൽ പരാജയപ്പെടുകയും ചെയ്ത നിലവിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.സജി.എം.രാജേഷിനെതിരെ വകുപ്പുതലത്തിൽ കർശനമായ താക്കീത് നൽകുവാനും ശിപാർശ ചെയ്തിരിക്കുന്നു. ട്രഷറിയിൽ നിന്ന് പിൻവലിച്ച് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി.അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന 3,01,99,100/-രൂപ അടിയന്തിരമായി പിൻവലിച്ച് ''2405-00-911-99-Recoveries of over payments(Plan)'' എന്ന ശീർഷകത്തിലേക്ക് തിരിച്ചടക്കുവാനും ശുപാർശ ചെയ്തിരിക്കുന്നു. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 131 | ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റ്, മണ്ണാർക്കാട് | കരാറുടമ്പടിക്കായി ഉപയോഗിച്ച മുദ്രപത്രങ്ങളുടെ വിലയിൽ കാണുന്ന കുറവിനനുസൃതമായ തുക ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി ''0030-02-103-97-Duty on unstamped or insufficiently stamped documents'' എന്ന ശീർഷകത്തിലേക്ക് മുതൽക്കൂട്ടുവാനും തെങ്കര | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | ക്ഷീരോൽപ്പാദക സഹകരണ സംഘത്തിന് ആവശ്യാധിഷ്ഠിത ധനസഹായ പദ്ധതി പ്രകാരമുള്ള സബ്സിഡി തുകയായ 3,75,000/- രൂപ ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് മുൻപ് തന്നെ നൽകിയ ക്രമവിരുദ്ധ നടപടിയാകയാൽ, ടി തുകയുടെ 18% പലിശ (തുക വിതരണം ചെയ്ത 30/01/2017-ാം തിയ്യതി മുതൽ നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണ തിയതി വരേക്ക്) തൽസമയത്തെ ക്ഷീരവികസന ഓഫീസറായ ശ്രീമതി.രശ്മി.കെ.ജി.യിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിലേക്ക് മുതൽ കൂട്ടുവാനും ഇത്തരം വീഴ്ചകൾ മേലിൽആവർത്തിക്കാതിരിക്കുവാൻ ടിയാരിക്കെതിരെ വകുപ്പുതലത്തിൽ കർശനമായ താക്കീത് നൽകുവാനും ശുപാർശ ചെയ്തിരിക്കുന്നു. | |
| 132 | പട്ടികജാതി വികസന ഓഫീസ്, കൊല്ലങ്കോട് | ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി കണക്ഷനോ വേണ്ടത്ര സുരക്ഷിതത്വമോ ഇല്ലാത്ത വിജ്ഞാനവാടികളിലേക്കായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും അനവസരത്തിൽ വാങ്ങി സൂക്ഷിച്ചതിലൂടെ സാമ്പത്തിക അച്ചടക്കരാഹിത്യം, ധനപരമായ ഔചിത്യമില്ലായ്മ എന്നിവയ്ക്ക് കാരണക്കാരനായ പട്ടികജാതി വികസന ഓഫീസർ ശ്രീ.കെ.മനോഹരനെതിരെ ഉചിതമായ അച്ചടക്കനടപടികൾ വകുപ്പ് തലത്തിൽ സ്വീകരിക്കേണ്ടതും കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി അനവസരത്തിൽ വിനിയോഗിച്ച 97,671/- രൂപയ്ക്ക്, ടി തുക ട്രഷറിയിൽ നിന്നും പിൻവലിച്ച തിയതിയായ 31/03/2016 മുതൽ ഈ ഉപകരണങ്ങൾ ബന്ധപ്പെട്ട വിജ്ഞാനവാടികളിലേക്ക് കൈമാറുന്ന തിയ്യതിവരേക്ക് 18% പലിശ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിലേക്ക് മുതൽക്കൂട്ടുവാൻശുപാർശ ചെയ്തിട്ടുണ്ട്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 133 | ദേശീയ ആരോഗ്യ ദൗത്യം, പാലക്കാട് | പലിശയിനത്തിൽ സ്വരൂപിക്കപ്പെട്ട ചുവടെ ചേർത്ത തുകകൾ അതത് പദ്ധതികളുടെ | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിനിയോഗിക്കുകയോ ബന്ധപ്പെട്ട ശീർഷകങ്ങളിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുകകൾ '0049-04-800-80-Miscellaneous Receipts Other Items'' എന്ന ശീർഷകത്തിലേക്ക് ഒടുക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.<br>1) എൻ.എച്ച്.എം -<br>16,46,510/- രൂപ<br>2) ജില്ലാ ആശുപത്രി, - 61,94,256/- രൂപ<br>3) വിമൺ & ചൈൽഡ് ഹോസ്പിറ്റലിൽ -128738/- രൂപ<br>4) ടി.ബി.സെന്റർ -3,15,319/രൂപ<br>പാലക്കാട് വിമൺ & ചൈൽഡ് ആശുപത്രിയിൽ 'കായകൽപ്പ്' പദ്ധതിക്കായി അനുവദിച്ച തുകയിൽ 18398/-രൂപ യാത്രാബത്ത ഇനത്തിൽ വകമാറ്റി ചെലഴിച്ചത് ആശുപത്രി സൂപ്രണ്ടിൽ നിന്നും മറ്റ് ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. | ലഭ്യമാക്കിയിട്ടില്ല. |
| 134 | ബി.എസ്.എസ്. എച്ച്.എസ്, കൊല്ലങ്കോട് | ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിൽ സാമ്പത്തിക ക്രമക്കേട് നടത്തിയ കൊല്ലങ്കോട് ബി.എസ്.എസ്.ഹൈസ്കൂളിലെ പ്രധാനാധ്യാപകനായ ശ്രീ.കെ.വി.സന്തോഷ് കുമാറിനെതിരെ കേരള ഫിനാൻഷ്യൽ കോഡ് വാല്യം -I -ലെ ആർട്ടിക്കിൾ 303 A, 303 B, 304 & 305 എന്നിവ പ്രകാരം സസ്പെൻഷനോടു കൂടിയ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തിരിക്കുന്നു. അനധികൃതമായി പിൻവലിച്ച 5,31,881/- രൂപ (അഞ്ച് ലക്ഷത്തി മുപ്പത്തൊന്നായിരത്തി എണ്ണൂറ്റി എൺപത്തിയൊന്ന് രൂപ മാത്രം) 18% പലിശ സഹിതം ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് ഒടുക്കുന്നതിന് ശുപാർശ ചെയ്തിരിക്കുന്നു. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 135 | എം.ജി. എൽ.പി. സ്കൂൾ, എം.പുതൂർ | സാമ്പത്തിക ക്രമക്കേടുകൾ നടത്തിയ ശ്രീമതി.ടി.എസ്.സജിക്കെതിരെ കേരള ഫിനാൻഷ്യൽ കോഡ് വാല്യം -I -ലെ | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | ആർട്ടിക്കിൾ 303 A, 303 B, 304 & 305 എന്നിവ പ്രകാരം സസ്പെൻഷനോട്ടുകൂടിയ വകുപ്പുതല അച്ചടക്ക നടപടികൾ കൈക്കൊള്ളുന്നതിന് ശിപാർശ ചെയ്യിരിക്കുന്നു. വിദ്യാലയത്തിലേക്ക് പാൽ വാങ്ങിയ വകയിൽ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച അധികം തുകയായ 10,184.80/-രൂപ പ്രധാനാധ്യാപിക ശ്രീമതി.ടി.എസ്.സജിയിൽ നിന്നും 18% പലിശ സഹിതം ഈടാക്കുന്നതിന് ശുപാർശ ചെയ്യിരിക്കുന്നു. സ്കൂൾ ഗ്രാന്റ്, ടീച്ചേഴ്സ് ഗ്രാന്റ് എന്നീ ഇനങ്ങളിൽ പിൻവലിച്ച് യഥാസമയം വിനിയോഗിക്കുകയോ അധ്യാപകർക്ക് കൈമാറുകയോ ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യാതെ കൈവശം സൂക്ഷിച്ച തുകയായ 8,500/- രൂപയ്ക്ക് 18% പലിശ കണക്കാക്കി പ്രധാനാധ്യാപിക ശ്രീമതി.ടി.എസ്.സജിയിൽ നിന്നും ഈടാക്കുന്നതിന് ശുപാർശ ചെയ്യിരിക്കുന്നു. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ഉച്ചഭക്ഷണ പദ്ധതിക്കായി അനുവദിച്ച തുകയേക്കാൾ അധികമായി ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച 4,45,941./- രൂപ 18% പലിശ സഹിതം (പ്രധാനാധ്യാപിക ശ്രീമതി.ടി.എസ്.സജിയിൽ നിന്നും ഈടാക്കി) ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലേക്കോ/ ശീർഷകത്തിലേക്കോ തിരിച്ചടയ്ക്കുന്നതിന് ശുപാർശ ചെയ്യിരിക്കുന്നു. വിവിധ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലായി നിക്ഷേപതുകയിൻമേൽ സഞ്ചിതമായിട്ടുള്ള പലിശയായ 5,536.65 രൂപ അതത് പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിനിയോഗിക്കുകയോ ബന്ധപ്പെട്ട ശീർഷകങ്ങളിലേക്ക് ഒടുക്കുകയോ തുകയനുവദിച്ച കാര്യാലയത്തിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്. | |
| 136 | എം.ജി.എൽ.പി സ്കൂൾ, എം.പുളൂർ | സസ്പെൻഷൻ കാലയളവിലെ ശമ്പളം നിയമവിരുദ്ധമായി കൈപ്പറ്റിയ പ്രധാനാധ്യാപികയ്ക്കും ആയത് അനുവദിച്ച് നൽകിയ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | സബ് ട്രഷറി ഓഫീസർ എന്നിവർക്കുമെതിരെ ആവശ്യമായ നിയമനടപടികൾ കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്നതിനും ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരായ ശ്രീ.പി.കൃഷ്ണൻ, ശ്രീ.എ.ജി.ഗോപകുമാർ (ഇൻചാർജ്ജ്), ശ്രീ.എം.ഷാജു എന്നിവരുടെഭാഗത്തു നിന്നുണ്ടായിട്ടുള്ള ഗുരുതരമായ വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ഇവർക്കെതിരെ വകുപ്പുതലത്തിൽ കർശനമായ താക്കീത് നൽകുന്നതിനും പ്രധാനാധ്യാപിക ശ്രീമതി.ടി.എസ്.സജിക്ക് സസ്പെൻഷൻ കാലയളവിലെ ശമ്പളം അനുവദിച്ചതിൽ സർക്കാരിന് നഷ്ടമായ 7,26,384/- (ഏഴ് ലക്ഷത്തി ഇരുപത്തി ആറായിരത്തി മുന്നൂറ്റി എൺപത്തി നാല് രൂപാ മാത്രം) മാനേജർ ശ്രീ.ടി.ഒ.ഭാസ്കറിൽ നിന്നും ഈടാക്കുന്നതിനും കേരള വിദ്യാഭ്യാസ നിയമം ചാപ്റ്റർ III റൂൾ 7 ലെ വ്യവസ്ഥകളുടെ ലംഘനങ്ങൾക്ക് മാനേജർ ശ്രീ.ടി.ഒ. ഭാസ്കറിനെതിരെ വകുപ്പ് തലത്തിൽ കർശനമായ അച്ചടക്കനടപടികൾക്കും ശുപാർശ ചെയ്തിട്ടുണ്ട് . | |
| 137 | ഗ്രാമപഞ്ചായത്ത്, എരിമയൂർ, | സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ കുറച്ചുകാലമായി ഇടപാടുകൾ ഇല്ലാതിരുന്ന/ നിഷ്ക്രിയ ഫണ്ടായ 10,31,461/- രൂപ അടിയന്തിരമായി പിൻവലിച്ച് ഗവൺമെന്റ് ട്രഷറിയിലെ ബന്ധപ്പെട്ട ശീർഷകത്തിലേക്ക് മുതൽക്കൂട്ടുന്നതിനും പരിശോധനാവേളയിൽ കുറവ് കണ്ട മരുന്നുകളുടെ ആകെ വിലയായ 16415/- രൂപ കസ്റ്റോഡിയനായ വെറ്റിനറി സർജൻ ശ്രീ.ഡോ.ടി.ഷൈഫുദ്ദീനിൽ നിന്നും ഈടാക്കുന്നതിനും പശുപരിപാലനപദ്ധതി പ്രകാരമുള്ള മാനദണ്ഡങ്ങൾ ലംഘിച്ച ഗുണഭോക്താക്കളിൽ നിന്നും 2,37,500/- രൂപ തിരിച്ചുപിടിക്കുന്നതിനും, പദ്ധതി മാനദണ്ഡങ്ങൾ ഗുണഭോക്താക്കൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താതിരുന്ന വെറ്റിനറി സർജൻമാരായ ഡോ.കിഷോർ | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | | മാത്യു,ഡോ.ലെസ്സ സാഹിബ്,ഡോ.ഗുരു സ്വാമി (ഇൻചാർജ്ജ്),ഡോ.രേഖ.സി,ടി.ആർ.അരുൺ (അഡീ.ചാർജ്ജ്),ഡോ.ടി.ഷൈഫുദ്ദീൻ എന്നിവർക്കെതിരെ ഇത്തരം വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ വകുപ്പുതലത്തിൽ കർശനമായ താക്കീത് നൽകുന്നതിനും. സ്വീകരിക്കുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. | |
| 138 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ചിറ്റൂർ, | ബാങ്ക് അക്കൗണ്ടുകളിൽ വേർതിരിച്ചറിയാനാവാതെ സഞ്ചിതമായിട്ടുള്ള 19,80,607/- രൂപ അടിയന്തിരമായി പിൻവലിച്ച് ഗവൺമെന്റ് ട്രഷറിയിലെ "0049-04-800-80-Miscellaneous Receipts Other Items" എന്ന ശീർഷകത്തിലേക്ക് മുതൽക്കൂട്ടുന്നതിനും അക്കൗണ്ടന്റ് ജനറൽ പരിശോധനാ റിപ്പോർട്ടിലെ തടസ്സവാദ പരാമർശങ്ങൾ യഥാസമയം തീർപ്പാക്കാതിരുന്നതിനും വിവിധ പദ്ധതികൾ കാര്യക്ഷമമായി നിർവ്വഹിക്കാതിരുന്നതിനും കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. എം.എ. സിറാജുദ്ദീനെതിരെ വകുപ്പുതലത്തിൽ കർശനമായ താക്കീത് നൽകുന്നതിനും കേരഗ്രാമം പദ്ധതിക്കായി അനുവദിച്ച തുക നാളിതുവരേക്ക് വിനിയോഗിക്കാത്തതിനാലും, ടി തുക മേലിലും ഉപയോഗപ്രദമാവില്ലെന്ന് ഉറപ്പുള്ളതിനാലും ആയത് മേലധികാരിയുടെ അനുമതിയോടെ തിരിച്ചടക്കുന്നതിനുവേണ്ട സത്വരനടപടികൾ കൈക്കൊള്ളുന്നതിനും കൊഴിഞ്ഞാമ്പാറ, വടകരപ്പതി കൃഷിഭവനുകളിലെ നാല് കർഷകർക്ക് അധികമായി നൽകിയ 24,924/- രൂപ അധികം വൈകാതെ തിരിച്ചുപിടിച്ച് എസ് . എച്ച് .എം അക്കൗണ്ടിൽ ഒടുക്കുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 139 | ഗവ. യു.പി.സ്കൂൾ , കോങ്ങാട് | വിതരണം ചെയ്യാത്ത മുട്ട വാങ്ങിയതായി കാണിച്ച് അംഗീകാരം നേടിയെടുത്ത 2019 ജൂൺ മാസത്തെ മുട്ടയുടെ വിലയായ 18,750/- രൂപ പ്രധാനാധ്യാപകൻ | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | ശ്രീ.സി.സി.ജയശങ്കറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിലേക്ക് മുതൽക്കൂട്ടേണ്ടതും, വ്യാജ ബില്ലുകൾ/വൗച്ചറുകൾ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ച് സർക്കാരിനെ തെറ്റിദ്ധരിപ്പിക്കുവാൻ ശ്രമിച്ച പ്രധാനാധ്യാപകൻശ്രീ .സി.സി.ജയശങ്കറിനെതിരെ വകുപ്പുതലത്തിൽ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. | |
| 140 | ഹെഡ് വർക്ക്സ് ഇറിഗേഷൻ സബ്ഡിവിഷൻ, മലമ്പുഴ. | കരാർ ഉടമ്പടിയിൽ നിഷ്കർഷിച്ചത് പ്രകാരം മലമ്പുഴ ഇറിഗേഷൻ ക്വോർട്ടേഴ്സിന്റെമാസ വാടക യിനത്തിൽ കുടിശിക തുകയുടെ 3 ഇരട്ടിയായ 3,71,091/- രൂപയിൽ കൊടുക്കുവാൻ ശേഷിക്കുന്ന 2,47,269/-രൂപ ശ്രീ.ബി.ശ്രീകുമാർ.ആർ. അസി.സെക്രട്ടറി, വടവന്നൂരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിലേക്ക് മുതൽ കൂട്ടുന്നതിനും മാസ വടക ഒടുക്കുവാൻ ശേഷിക്കുന്ന ജീവനക്കാരിൽ നിന്നും ഏകദേശം 6,13,388/- രൂപയും കരാറുടമ്പടിയിലെ വ്യവസ്ഥകൾ ലംഘിച്ചതിനുള്ള പിഴ ഉൾപ്പെടെയുള്ള തുകയും ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിലേക്ക് മുതൽ കൂട്ടുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 141 | ബ്ലോക്ക് പഞ്ചായത്ത്, മലമ്പുഴ. ഗ്രാമ പഞ്ചായത്ത് അകത്തേത്തറ. | ഉദ്യോഗസ്ഥരെ തെറ്റിദ്ധരിപ്പിച്ചും, വ്യാജ സത്യപ്രസ്താവനകൾ നൽകിയും തട്ടിയെടുത്ത പട്ടികജാതി ഭവന നിർമ്മാണ ധനസഹായമായ 4,00,000/- രൂപ അനുവദിച്ച തീയതി മുതൽ നാളിതുവരേക്കുള്ള 18% പലിശയുൾപ്പെടെ ശ്രീ.കെ.ഉദയസൂര്യനിൽ നിന്നോ സർക്കാരിന് നഷ്ടമുണ്ടാക്കിയതിന് കാരണക്കാരായിട്ടുള്ള ഉദ്യോഗസ്ഥരിൽ നിന്നോ [ജൂനിയർ സൂപ്രണ്ട് -ശ്രീമതി.ബിന്ദു.കെ.എം, തൽസമയത്തെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.സി.ഗോപകുമാർ,സെക്രട്ടറി (Rtd)-ശ്രീ.വി.കലാധരൻ ] തുല്യമായി ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിലേക്ക് മുതൽക്കൂട്ടുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. | ''ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 142 | ജില്ലാ പട്ടിക ജാതി വികസന ഓഫീസ്,കോഴിക്കോട് | ജില്ലാ പട്ടിക ജാതി വികസന ഓഫീസ് വഴി നടപ്പിലാക്കിയ SCA to SCP പദ്ധതിയുമായി ബന്ധപ്പെട്ട് സ്വകാര്യ സ്ഥാപനത്തിന് അനർഹമായി വൻതുക മാറി നൽകിയതായി കണ്ടെത്തി അന്നത്തെ ജില്ലാ പട്ടികജാതി വികസന ഓഫീസർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കാനും മാറി നൽകിയ 5,10,888/- രൂപ ടിയാളുടെ ബാദ്ധ്യതയായി കണക്കാക്കാനും ശുപാർശ ചെയ്തു | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 143 | കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസ് | SPQEM(മദ്രസ്സ നവീകരണ പദ്ധതി)ആയി ബന്ധപ്പെട്ട് മർക്കസ് ഇംഗ്ലീഷ് മീഡിയം സ്കൂളിന് അനർഹമായി തുക അനുവദിച്ചതായി കണ്ടെത്തി.അനർഹമായി അനുവദിച്ച തുക (5,97,000 രൂപ) സ്കൂൾ മാനേജ്മെന്റിൽ നിന്നും , പലിശ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാനും ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ തല നടപടി സ്വീകരിക്കാനും ശിപാർശ ചെയ്തു. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 144 | കാലിക്കറ്റ് ഗേൾസ് ഹൈസ്കൂൾ, ഡി.ഇ.ഒ , കോഴിക്കോട്, ഡി.ഡി.ഇ കോഴിക്കോട്, | കാലിക്കറ്റ് ഗേൾസ് ഹൈസ്കൂളിലെ ശ്രീമതി. മാജിദ. ടി.കെ.യുടെ എച്ച്.എസ്.എ അറബിക് നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ കണ്ടെത്തി. ടിയാളുടെ എൽ.ജി. (അറബിക് ) നിയമന അംഗീകാരത്തിനുള്ള പ്രൊപ്പോസൽ നിലനില്ക്കേ മുൻകാല പ്രാബല്യത്തോടെ എച്ച്.എസ്.എ . അറബിക് ആയി നിയമനം നല്കുകയായിരുന്നു. സ്കൂളിൽ ഹാജരാവാത്ത കാലയളവിലും താഴ്ന്ന തസ്തികയിൽ ജോലി ചെയ്ത കാലയളവിലും എച്ച്.എസ്.എ.അറബിക് തസ്തികയിൽ ജോലി ചെയ്തതായി സ്കൂൾ ഹാജർ പട്ടികയിൽ വ്യാജ രേഖപ്പെടുത്തലുകൾ നടത്തി നിയമനാംഗീകാരം നേടുകയായിരുന്നു. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 145 | നടുവണ്ണൂർ സൗത്ത് എ.എം.യു.പി.എസ് | നടുവണ്ണൂർ സൗത്ത് എ.എം.യു.പി.എസ്സിൽ കൃത്രിമ രേഖകൾ ചമച്ചും, വ്യാജമായി കുട്ടികളെ ചേർത്തും തസ്തിക സൃഷ്ടിച്ചെടുത്തതായി കണ്ടെത്തി | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 146 | കൊയിലാണ്ടി താലൂക്ക് ഓഫീസ് | 47 സി.എം.ഡി.ആർ.എഫ് രസീത് ബുക്കുകൾ നഷ്ടപ്പെട്ടതായും പൊതുജനങ്ങളിൽ നിന്ന് | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | സംഭാവനയായി ശേഖരിച്ച പണം സർക്കാരിലേക്ക് ഒടുക്കാതെ കൈവശം സൂക്ഷിച്ചതായും കണ്ടെത്തി. | ലഭ്യമാക്കിയിട്ടില്ല. |
| 147 | കോഴിക്കോട് കലക്ടറേറ്റ് | കോടിക്കണക്കിനു രൂപ വിലമതിക്കുന്ന സർക്കാർ ഭൂമി നടപടി ക്രമങ്ങൾ പാലിക്കാതെ സ്വകാര്യ വ്യക്തികൾക്ക് പതിച്ചു നൽകുന്നതായി കണ്ടെത്തി. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 148 | DTPC | കൗൺസിലിന്റെ തനത്ഫണ്ട് വകമാറ്റി ചെലവഴിക്കുന്നു. കോഴിക്കോട് ബീച്ചിൽ ഡി.ടി.പി.സി നിർമ്മിച്ച മ്യൂസിക്കൽ കഫേ എന്ന സ്ഥാപനം ഏറ്റെടുത്തു നടത്തിയ കരാറുകാരൻ വാടക മുടക്കം വരുത്തിയിട്ടും സ്ഥാപനം ഏറ്റെടുക്കാതെ ഡി.ടി.പി.സിയ്ക്കു വരുമാന നഷ്ടം ഉണ്ടാക്കുന്നതായി കണ്ടെത്തി. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 149 | കോഴിക്കോട് മെഡിക്കൽ കോളേജ് | കോഴിക്കോട് മെഡിക്കൽ കോളേജിൽ, കേരള മെഡിക്കൽ സപ്ലൈസ് കോർപ്പറേഷൻ വഴിയുള്ള പർച്ചേസിന് അശാസ്ത്രീയമായ രീതിയിൽ ഇൻഡന്റ് തയ്യാറാക്കിയതുമൂലം മരുന്നുക്ഷാമം ഉണ്ടാവുകയും പിന്നീട് ലോക്കൽ പർച്ചേസ് നടത്തേണ്ടിവന്നതു മൂലം സാമ്പത്തിക നഷ്ടം ഉണ്ടായതായും കണ്ടെത്തി. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 150 | കേരള ചരക്ക് സേവന നികുതി ഓഫീസ്. | ആർ.ആർ നടപടികൾക്കായി റവന്യൂ വകുപ്പിന് നൽകിയ വിവധ കേസുകളിൽ നിന്നായി പിരിച്ചെടുക്കാനുള്ള 2,54,21,515/- രൂപയും, ഓട്ടോമാറ്റിക് സ്റ്റേ വിഭാഗത്തിൽ അപ്പലേറ്റ് അതോറിറ്റി തീർപ്പാക്കേണ്ട കേസുകളിൽ നിന്നായി പിരിച്ചെടുക്കേണ്ട 1,29,06,793/- രൂപയും പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കാൻ ശുപാർശ ചെയ്തു. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 151 | എ.യു.പി..എസ്. നന്മണ്ട | അനധികൃതമായി അനുവദിച്ച നൽകിയ 55,235/- രൂപ, വ്യാജ ബിൽ ചമച്ച് അപഹരിച്ച 42,801 + 10,000/-രൂപ, സർക്കാർ ഫണ്ടിൽ കൃത്രിമത്വം കാട്ടി തട്ടിയെടുത്ത 41,799/-രൂപ, സൗജന്യ യൂണിഫോം ഇനത്തിൽ തിരിച്ചടയ്ക്കേണ്ട 800/- രൂപ എന്നിവ തിരിച്ചടയ്ക്കാൻ നിർദ്ദേശിച്ചു. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 152 | കല്ലായി | ആസൂത്രണമില്ലായ്മയും കൃത്യവിലോപവും | ഭരണ വകുപ്പ് നടപടി |

| | | | |
|---|---|---|---|
| | ഗണപത് എച്ച് .എസ്.എസ്. | വീഴ്ചയുമാണ് പൊതു ധനമായ 4,66.000/- രൂപ പാഴായി പോകുന്നതിന് കാരണമായത്. ആയതിനാൽ പ്രസ്തുത തുക മുൻ പ്രധാനാദ്ധ്യാപികയിൽ നിന്നും തിരിച്ചുപിടിയ്ക്കാൻ ശുപാർശ ചെയ്യു. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പഠിയ്ക്കാനുതകുംവിധം നാല് സ്കൂളുകളെ മോഡൽ ഇൻക്ലൂസീവ് സ്കൂളുകൾ ആക്കുന്നതിനുവേണ്ടി 48 ലക്ഷം രൂപ അനുവദിച്ചതിൽ ഒരു സ്കൂളിന്റെ പ്രവൃത്തിപോലും ശരിയാംവണ്ണം നടപ്പിലാക്കാൻ കഴിയാത്തത് അന്നത്തെ IED DD ആയ ശ്രീ.രാജന്റെ പിടിപ്പുകേടാണ്. ആയതിനാൽ KSR part 3 ചട്ടം 59(d) പ്രകാരം ഭരണവകുപ്പ് നടപടി സ്വീകരിയ്ക്കാൻ ശുപാർശ ചെയ്യു. | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 153 | ഇറിഗേഷൻ സബ്ഡിവിഷൻ, മലമ്പുഴ. | കരാർ ഉടമ്പടിയിൽ നിഷ്കർഷിച്ചത് പ്രകാരം മലമ്പുഴ ഇറിഗേഷൻ ക്വാർട്ടേഴ്സിന്റെ മാസ വാടക യിനത്തിൽ കുടിശിഖ തുകയുടെ 3 ഇരട്ടിയായ 3,71,091/- രൂപയിൽ കൊടുക്കുവാൻ ശേഷിക്കുന്ന 2,47,269/- രൂപ ശ്രീ.ബി.ശ്രീകുമാർ.ആർ. അസി.സെക്രട്ടറി, വടവന്നൂരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിലേക്ക് മുതൽ കൂട്ടുന്നതിനും മാസ വടക ഒടുക്കുവാൻ ശേഷിക്കുന്ന ജീവനക്കാരിൽ നിന്നും ഏകദേശം 6,13,388/- രൂപയും കരാറുടമ്പടിയിലെ വ്യവസ്ഥകൾ ലംഘിച്ചതിനുള്ള പിഴ ഉൾപ്പെടെയുള്ള തുകയും ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിലേക്ക് മുതൽ കൂട്ടുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 154 | തൃശ്ശൂർ ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസ് | അച്ചടി പ്രവൃത്തികൾക്ക് ചെലവാക്കിയ തുക അച്ചടി വകുപ്പിൽ മൂല്യ നിർണ്ണയം നടത്തിയതിൽ അധിക മായി ചെലവഴിച്ച 1,95,412/- രൂപ പ്രസ്തുത കാലയളവിൽ തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) യിൽ നിന്ന് തിരിച്ച് പിടിയ്ക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 155 | ഡെപ്യൂട്ടി ഡയറക്ടറുടെ കര്യാലയം, ക്ഷീര | പദ്ധതി മാനദണ്ഡങ്ങൾ പാലിക്കാതെ വ്യാജ ബില്ലുകൾ ഉപയോഗിച്ച് അനുവദിച്ച 3,00,000/- | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് |

| | | | |
|---|---|---|---|
| | വികസനവകുപ്പ്, വയനാട് | രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനു ശുപാർശ ചെയ്തു. ഇതിനു കൂട്ട് നിന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ നൽകി | ലഭ്യമാക്കിയിട്ടില്ല. |
| 156 | കോ- ഓപ്പറേറ്റിവ് അസി. രജിസ്ട്രാറുടെ കാര്യാലയം, (പ്ലാനിംഗ്), കൽപ്പറ്റ | ലിക്വിഡേറ്റ് ചെയ്ത സംഘത്തിന്റെ 10 സെന്റ് ഭൂമി HOPCO എന്ന സഹകരണ സംഘത്തിനു നൽകിയ നടപടി റദ്ദ് ചെയ്ത് ടി ഭൂമി സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് ശുപാർശ ചെയ്തു. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 157 | സബ് ജയിൽ വൈത്തിരി. | വ്യാജ ബില്ലുകളുപയോഗിച്ച് മാറിയെടുത്ത തുക പലിശ സഹിതം 5,29,559/- രൂപ, വെള്ളക്കരം അടയ്ക്കുന്നതിനു വേണ്ടി മാറിയെടുത്ത തുക പലിശ സഹിതം 22,955/- രൂപ, സ്റ്റോക്കിൽ ഉൾപ്പെടുത്താതിരുന്ന ഗോതമ്പിന്റെ വില 18% പലിശയും ചേർത്ത് മൊത്തം 1,829/-.രൂപ എന്നീ തുകകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് ശുപാർശ ചെയ്തു. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 158 | ST എൻട്രൻസ് കോച്ചിംഗ്- മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | എൻട്രൻസ് പരിശീലന പദ്ധതിയുടെ നടത്തിപ്പിനായുള്ള ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശനമായ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിന് വന്ന നഷ്ടം ഈടാക്കുന്നതിനും ശുപാർശ ചെയ്തു. ഭരണ സമിതി അംഗങ്ങളുടെ പങ്ക് വെളിവാക്കുന്നതിനായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്തു. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 159 | ചിറക്കര കുടിവെള്ള പദ്ധതി- മാനന്തവാടി നഗരസഭ | യഥാർത്ഥ ചെലവിനേക്കാൾ അധികമായി അനുവദിച്ചതും സർക്കാരിന് നഷ്ടം വന്നതുമായ 54,430/- രൂപ പലിശ സഹിതം ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് ശുപാർശ ചെയ്തു സ്വകാര്യ ഭൂമിയിൽ നടപ്പിലാക്കിയ ഈ പ്രവർത്തിക്കുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | സ്വീകരിക്കാനും പ്രവർത്തിക്ക് പണമനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് ഉദ്യോഗസ്ഥരിൽ നിന്ന് തിരിച്ച് പിടിക്കാനും ശുപാർശ ചെയ്യു. | |
| 160 | MLA SDF കൊല്ലിയിൽ റോഡ് കോൺക്രീറ്റ്-മാനന്തവാടി | സ്വകാര്യ ഭൂമിയിൽ നടപ്പിലാക്കിയ ഈ പ്രവർത്തിക്കുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനും പ്രവർത്തിക്ക് പണമനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് ഉദ്യോഗസ്ഥരിൽ നിന്ന് തിരിച്ച് പിടിക്കാനും ശുപാർശ ചെയ്യു. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 161 | കുറുമ്പാലക്കോട്ട-TSP സ്റ്റെപ്പ് നിർമ്മാണം പനമരം ബ്ലോക്ക് പഞ്ചായത്ത്. | ചട്ട പ്രകാരം പദ്ധതി നിർവ്വഹണം നടത്താത്ത സാഹചര്യത്തിൽ 12,98,569/- രൂപ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവരിൽ നിന്നും ഈടാക്കുന്നതിന് ശുപാർശ ചെയ്യു. പദ്ധതി നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടിക്ക് ശുപാർശ ചെയ്യു. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 162 | ADA മാനന്തവാടി | പണാപഹരണം ഉൾപ്പെടെയുള്ള ഗുരുതരമായ ക്രമക്കേടുകൾ നടത്തിയ ശ്രീ. ബാബു അലക്സാണ്ടറിനെ സർവ്വീസിൽ നിന്നും അടിയന്തിരമായി പിരിച്ചുവിടുന്നതിനും വിവിധയിനങ്ങളിൽ ശ്രീ. ബാബു അലക്സാണ്ടറിന്റെ ബാധ്യതയായി സൂചിപ്പിച്ചിട്ടുള്ള മുഴുവൻ തുകയും പലിശ സഹിതം ടിയാനിൽ നിന്നും റവന്യൂ റിക്കവറി ഉൾപ്പെടെ ആവശ്യമായ നടപടികളിലൂടെ ഈടാക്കുന്നതിനും സർക്കാർ പണം അപഹരിച്ചതിനു ശ്രീ. ബാബു അലക്സാണ്ടറിനെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനും ശുപാർശ ചെയ്യു. വിവിധയിനങ്ങളിൽ കൃഷി ഓഫീസ് ജീവനക്കാരുടെ ബാദ്ധ്യതയായി സൂചിപ്പിച്ചിട്ടുള്ള മുഴുവൻ തുകയും പലിശ സഹിതം ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും തിരിച്ച് പിടിക്കുന്നതിനും ടി ജീവനക്കാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ശുപാർശ ചെയ്യു. | ശ്രീ ബാബു അലക്സാണ്ടറിനെ സർവീസിൽ നിന്നും നീക്കം ചെയ്യു. |
| 163 | മാനന്തവാടി ബ്ലോക്ക് | MLA SDF, HADA പദ്ധതികളുടെ എസ്റ്റിമേറ്റിൽ | ഭരണ വകുപ്പ് നടപടി |

| | | | |
|---|---|---|---|
| | പഞ്ചായത്ത് | ഉൾപ്പെടാത്ത പ്രവർത്തികൾക്ക് അനുവദിച്ച 2,61,595/- രൂപ ഉദ്യോഗസ്ഥർ, കൺവീനർ എന്നിവരിൽ നിന്നും ഈടാക്കുന്നതിന് ശുപാർശ ചെയ്തു. | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 164 | വെറ്റിനറി പോളി ക്ലിനിക്, മാനന്തവാടി, ജില്ലാ മൃഗ സംരക്ഷണ ഓഫീസ്, കൽപ്പറ്റ | മാനന്തവാടി വെറ്റിനറി പോളി ക്ലിനിക്കിന്റെ പരിധിയിൽ പ്രളയവുമായി ബന്ധപ്പെട്ട് ഭീമമായ തുകകൾ നഷ്ടപരിഹാരം നൽകിയ വകയിൽ 2,57,100/- രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തി ഉചിതമായ നടപടികൾ സ്വീകരിക്കാൻ ശുപാർശ നൽകി. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 165 | മീറ്റ് പ്രോഡക്ട് ഓഫ് ഇൻഡ്യ | ഭരണാനുമതി ലഭിക്കുന്നതിനുമുൻപായി M/S MEATEK FOOD MACHINERIES INDIA PVT. LTD, LUCKNOW എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയതായി കണ്ടെത്തി. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 166 | സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ | സ്വകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക നേട്ടത്തിന് വേണ്ടി വിവിധ വായ്പാ പദ്ധതികൾ ആവിഷ്കരിച്ചതായി കണ്ടെത്തി സുരക്ഷാ @ സ്കൂൾ പദ്ധതിക്കായി ചെലവഴിച്ച 35,01,364/- രൂപ M/s എക്സാൾട്ട് ഇന്റഗ്രൽ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയ തുകയിൽ യാതൊരു പുരോഗതിയും ഇല്ലെന്നു കണ്ടെത്തി, അപ്രായോഗികമായ പദ്ധതിയിലൂടെ ഗുണഭോക്താക്കളെ വഞ്ചിക്കുകയും വായ്പ തിരിച്ചടവ് മുടങ്ങുന്നതിലൂടെ കോർപ്പറേഷൻ ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം സംഭവിക്കുന്നതിന് കാരണമായതായി കണ്ടെത്തി. ഷീ ഓപ്റ്റിക്കൽസ് പദ്ധതിക്കായി വിനിയോഗിച്ച 135 ലക്ഷം രൂപ റോസ് ഓഫ്താൽമിക്സ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനു നൽകിയ തുക പാഴ് ചെലാവായതായി കണ്ടെത്തി. | കേരള സംസ്ഥാന വനിതാ വികസന കോർപറേഷനിൽ ദിവസ വേതന അടിസ്ഥാനത്തിൽ ഓഫിസ് അസിസ്റ്റന്റ് ആയി നിയമിതനായ ശ്രീ. സുവർണകുമാറിനെ, ടിയാൾക്കു റെഗുലർ OA നിലവിലിരിക്കെ തന്നെ സർക്കാർ അനുമതി ഇല്ലാതെ സെക്രട്ടറിയേറ്റിൽ ഓഫീസ് അസിസ്റ്റന്റ് ആയി നിയമിച്ചതും, ടിയാനെ തന്റെ ഓഫീസിൽ തുടരാൻ അനുവദിച്ചതും റദ്ദ് ചെയ്തു |
| 167 | കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റിയിൽ നടത്തിയ | പാഠ പുസ്തകം അച്ചടിക്കുന്നതിൽ വകമാറ്റിയ പേപ്പറിന്റെ വിലയായ 1,63,15,558/- രൂപ തിരിച്ചടയ്ക്കാൻ നിർദ്ദേശിച്ചു. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | പരിശോധന | | |
| 168 | പൊതുമരാമത്ത് കെട്ടിട വിഭാഗം മെയിന്റനൻസ് സബ്ഡിവിഷൻ തിരുവനന്തപുരം | കഴക്കൂട്ടം വനിത ഐ.ടി.ഐ-ലെ ടോയിലറ്റിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ചെയ്യാത്ത പ്രവർത്തികൾ ചെയ്തതായി വരുത്തി രേഖകൾ ചമച്ച് സർക്കാരിനെ കബളിപ്പിച്ച് 2,18,845/- രൂപ അധിക ചെലവുണ്ടാക്കി. | അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീ.സി.ഉമേഷ്, ശ്രീമതി. ജീജ ഭായ് എന്നിവരെ സസ്പെൻഡ് ചെയ്തു. |
| 169 | മഹാത്മാഗാന്ധി സർവ്വകലാശാല | മഹാത്മാഗാന്ധി സർവകലാശാലയിൽ 31 ക്ലറിക്കൽ അസ്സിസ്റ്റന്റുമാരെ ചട്ട വിരുദ്ധമായി അസിസ്റ്റന്റായി സ്ഥാനക്കയറ്റം നൽകി | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 170 | ന്യൂനപക്ഷ ക്ഷേമ വകുപ്പ് തിരുവനന്തപുരം | കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി രൂപ അധികമായി നൽകി | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 171 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്, കാസർഗോഡ് | ഓഫീസറെ തെറ്റിധരിപ്പിച്ച് അർഹതയില്ലാതെ ബന്ധുവിന് കാസർഗോഡ് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ നിന്ന് സബ്സിഡി നൽകിയ പ്രൊമോട്ടർക്കെതിരെ ശിക്ഷാ നടപടി ശുപാർശ ചെയ്തു.<br>തുക : 50,000/- രൂപ | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 172 | ഉദുമ ഗ്രാമ പഞ്ചായത്ത് ഓഫീസ്, കാസർഗോഡ് | പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർഥികൾക്ക് ഫർണിച്ചർ നൽകുന്ന പദ്ധതിയിൽ ഉദുമ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നടത്തിയ പരിശോധനയിൽ സാമ്പത്തിക ക്രമക്കേട് കണ്ടെത്തുകയും സെക്രട്ടറിക്കെതിരെ നടപടിക്ക് ശുപാർശ ചെയ്യുകയുമുണ്ടായി. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 173 | വിവിധ തദ്ദേശ സ്ഥാപനങ്ങൾ കാസർഗോഡ് | 7.13 ലക്ഷം രൂപ അഡ്വാൻസായി മാറി ബാങ്കിൽ നിക്ഷേപിച്ചു. തിരിച്ചടക്കുന്നതിന് നിർദ്ദേശം നൽകി. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 174 | അസി. കൃഷി ഡയറക്ടർ, മഞ്ചേശ്വരം | 45.18 ലക്ഷം രൂപയുടെ നിഷ്ക്രിയ ഫണ്ട് കണ്ടെത്തി. ആയത് തിരിച്ചടക്കാൻ നിർദ്ദേശം നൽകി | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 175 | എസ്.എസ്.എ. കാസറഗോഡ് | 14.35 ലക്ഷം രൂപ അനർഹമായി ശമ്പളം കൊടുത്തതായി കണ്ടെത്തി | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 176 | കാസറഗോഡ് നഗരസഭ<br><br>(വിധവാപെൻഷൻ അനുവദിച്ചത് – അന്വേഷണം) | അനർഹമായി വിധവാപെൻഷൻ അനുവദിച്ചതായി കണ്ടെത്തി. ആയത് നിർത്തലാക്കി. | അനർഹമായി വിധവാപെൻഷൻ അനുവദിച്ചതായി കണ്ടെത്തി. ആയത് നിർത്തലാക്കി. |
| 177 | പൊതുമരാമത്ത് റോഡ്സ് ഡിവിഷൻ ഓഫീസ്, കാസറഗോഡ് | 2018-19 കാലയളവിൽ ബിറ്റുമിൻ പർച്ചേസ് നടത്തിയതിന് കരാറുകാരന് 7,44,422/- രൂപ അധികമായി അനുവദിച്ചതായി കണ്ടെത്തി. പൊതുമരാമത്ത് വകുപ്പിന്റെ അനാസ്ഥ കാരണം 17,36,201/- രൂപ HR പേയ്മെന്റ് ആയി കരാറുകാരന് അനുവദിച്ചത് വഴി സർക്കാരിന് സാമ്പത്തിക നഷ്ടം സംഭവിച്ചു. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 178 | വാട്ടർ അതോറിറ്റി പി. എച്ച് ഡിവിഷൻ , കാസറഗോഡ് | CARWSS മാലോം-ബളാൽ വില്ലേജസ് – എന്ന പദ്ധതിയിലൂടെ സർക്കാരിന് കോടിക്കണക്കിന് രൂപ പാഴായി | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 179 | ബദിയഡുക്ക ഗ്രാമപഞ്ചായത്ത് | അങ്കണവാടികൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 4,99,853/- രൂപ മുൻകൂറായി കളേഴ്സ് ഗിഫ്റ്റ്സ് & കിഡ്സ് കളക്ഷൻ എന്ന സ്ഥാപനത്തിന് അനുവദിച്ചു എങ്കിലും കരാർ പ്രകാരമുള്ള ഉപകരണങ്ങൾ വിതരണം നടത്താത്തതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം സംഭവിച്ചു. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 180 | അസി. കൃഷി ഡയറക്ടർ, കാറഡുക്ക | നിഷ്ക്രിയ ഫണ്ട് ഇനത്തിൽ 24.40 ലക്ഷം രൂപയും 54.70 ലക്ഷം രൂപയുടെ അഡ്വാൻസ് സെറ്റിൽ ചെയ്യാത്തതായും കണ്ടെത്തി. ആയത് തിരിച്ചടക്കാൻ നിർദ്ദേശം നൽകി | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 181 | ജില്ലാവ്യവസായ കേന്ദ്രം, ദാരിദ്ര്യലഘൂകരണ വിഭാഗം | 1.82 കോടി രൂപയുടെ നിഷ്ക്രിയ ഫണ്ട് കണ്ടെത്തി. സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 182 | ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, മഞ്ചേരി | 1.ജി.ഒ.(എം.എസ്) നം. 126/07/പൊ.വി.വ തീയ്യതി 25-06-2007 ലെ സർക്കാർ | 14,070/- രൂപ 18 % പലിശ സഹിതം ആകെ |

| | | | |
|---|---|---|---|
| | (33635/FIW-H1/2015/Fin) | ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 49,583/- രൂപ കൈവശം സൂക്ഷിച്ചതിനും പി.ടി.എ. യുടെ പേരിൽ നിയമ വിരുദ്ധമായി സമാന്തരമായി മറ്റൊരു ബാങ്ക് അക്കൗണ്ട് ആരംഭിച്ചതിന് പ്രസ്തുത കാലയളവിലെ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ.ഇസ്മായിൽ ശരീഫിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.<br>2.പി.ടി.എ. മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി യാത്രയയപ്പ് ഇനത്തിൽ വിനിയോഗിച്ച തുകയായ 14,070/- രൂപ 18% പലിശ സഹിതം തിരിച്ചടവാക്കേണ്ടതാണ്. | 16,603/- രൂപ പി.ടി.എ അക്കൗണ്ടിലേയ്ക്ക് തിരിച്ചടവാക്കിയിട്ടുണ്ട്. |
| 183 | ഓൺലൈൻ കർഷക രജിസ്ട്രേഷൻ സംബന്ധിച്ച്- കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയങ്ങളിലെ പരിശോധന (പരപ്പനങ്ങാടി, താനൂർ, പെരുമ്പടപ്പ്, എടപ്പാൾ, കൊണ്ടോട്ടി, വേങ്ങര, തിരൂർ, വളാഞ്ചേരി, മലപ്പുറം, മഞ്ചേരി, പെരിന്തൽമണ്ണ, മങ്കട) **(651/FIW-dfio.mlp/2016/Fin)** | കർഷക രജിസ്ട്രേഷൻ അപ്ഡേഷനുമായി ബന്ധപ്പെട്ട് നിർവ്വഹിക്കപ്പെടാത്ത പ്രവൃത്തി പൂർത്തീകരിച്ചു എന്ന് വ്യാജ രേഖയുണ്ടാക്കി ക്ലെയിം സമർപ്പിച്ച് എ.ഡി.എ ഓഫീസിൽ നിന്നും തുക കൈപ്പറ്റിയ, കൃഷി ഓഫീസർമാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാനും ഇവർ ക്ലെയിം സമർപ്പിച്ച് കൈപ്പറ്റിയ തുക 18% പലിശ സഹിതം കണക്കാക്കി സർക്കാരിലേക്ക് അടയ്ക്കുവാൻ ഭരണവകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട് | നടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല. |
| 184 | ക്ഷീര വികസന വകുപ്പ് ജില്ലാ ഓഫീസിനോടനുബന്ധിച്ചുള്ള ക്വാളിറ്റി കൺട്രോൾ ഓഫീസിലെ വാഹന | പാലിന്റെ ഗുണ നിലവാരം നിർണ്ണയിക്കുന്നതിനുള്ള മൊബൈൽ ലബോറട്ടറിയായി ഉപയോഗിക്കുവാൻ ക്ഷീര വികസന വകുപ്പിന് ലഭ്യമാക്കിയിട്ടുള്ള വാഹനം മറ്റു ആവശ്യങ്ങൾക്കായി ഉപയോഗിച്ച് ദുരുപയോഗം ചെയ്തതിന് വാഹനത്തിന്റെ നിയന്ത്രണാധികാരിക്കെതിരെ വകുപ്പുതല | Rs.4,677/- രൂപ സർക്കാരിലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ദുരുപയോഗം സംബന്ധിച്ച് **(2210/FIW-asst1.mlp/2016/Fin)** | നടപടി സ്വീകരിക്കാനും ടിയാനിൽ നിന്നും ഇന്ധന ഉപഭോഗം ഏറ്റവും കൂടുതൽ നടത്തിയ മാസത്തിലെ ഇന്ധനത്തിന്റെ നിലവിലെ വിലയുടെ 50 % ആയ 4,677/- രൂപ ഈടാക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. | |
| 185 | ചങ്ങരംകുളം സബ് ട്രഷറി, ആലങ്കോട് കൃഷി ഭവൻ-ഡി.ഡി.ഒ പദവിയില്ലാത്ത ആലങ്കോട് കൃഷി ഓഫീസർ സമർപ്പിച്ച ബില്ലുകൾ നിലവിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി മാറി നൽകി എന്നതിനെ സംബന്ധിച്ച് **(1185/FIW-asst2.mlp/2016/Fin)** | നിലവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും, കാർഷിക വികസന ഡയറക്ടറുടെ 27-02-2016 ലെ എസ്.ഡി (1) 19555/2015 നമ്പർ നടപടി ക്രമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായും ഡി.ഡി.ഒ. ചുമതല നിർവ്വഹിച്ച ശ്രീമതി. ഇർഫാനയുടെ നടപടി തികച്ചും നിരുത്തരവാദിത്തപരവും അച്ചടക്ക നടപടിക്ക് അർഹവുമാണ്. ആയതിനാൽ ടി ഉദ്യോഗസ്ഥയെ അടിയന്തിരമായി പ്രസ്തുത സ്ഥാനത്തു നിന്നും മാറ്റുവാനുള്ള നടപടി വകുപ്പ് തലത്തിൽ സ്വീകരിക്കേണ്ടതാണ്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 186 | പള്ളിക്കൽ എ.എൽ.പി സ്കൂളിലെ ഉച്ച ഭക്ഷണ പദ്ധതി നടത്തിപ്പിലെ സാമ്പത്തിക തിരിമറി സംബന്ധിച്ച് **(1506/FIW-asst2.mlp/2016/Fin)** | നിലവിൽ പ്രവർത്തിക്കാത്ത സ്ഥാപനങ്ങളുടെയും മറ്റ് സ്ഥാപനങ്ങളുടെയും ബില്ലുകളിൽ കമ്പോള വിലയിലും ഉയർന്നതോതിൽ സാധന വില ഓരോ ഇനങ്ങളിലും എഴുതിച്ചേർത്ത് അധികമായി മാറിയെടുത്ത തുകയായ 24,900/- രൂപ 18 % പലിശ സഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. | 29,382/- രൂപ സർക്കാരിലേയ്ക്ക് തിരിച്ചടവാക്കിയിട്ടുണ്ട്. |
| 187 | മലപ്പുറം ജില്ലാ ശുചിത്വ മിഷൻ കോ -ഓഡിനേറ്ററുടെ കാര്യാലയത്തിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി കരാറടിസ്ഥാനത്തില | G.O (M.s) No.113/2003/Fin dtd.24.02.2003 പ്രകാരം ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് ഔദ്യോഗിക ബോർഡ് പ്രദർശിപ്പിക്കണമെന്നും, ലോഗ് ബുക്കിൽ KFC റൂൾ പ്രകാരമുള്ള വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ടു മാത്രമേ ഔദ്യോഗിക വാഹനങ്ങൾ ഉപയോഗിക്കാൻ പാടുള്ളൂവെന്നും ഉള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി വാഹനം | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | ...ടുത്ത വാഹനം ദുരുപയോഗം ചെയ്യുന്നുവെന്നതിനെ സംബന്ധിച്ച പരിശോധന **(1691/FIWasst2.mlp/ 2016/Fin)** | ദുരുപയോഗം ചെയ്തതിന് വാടകയിനത്തിൽ വിനിയോഗിച്ച തുകയായ 25,000/-രൂപയുടെ പകുതിയായ 12,500/- രൂപ ജില്ലാ ശുചിത്വ മിഷൻ കോ-ഓഡിനേറ്റർ ശ്രീ.ടി.പി.ഹൈദർ അലിയിൽ നിന്നും ഈടാക്കേണ്ടതാണ്. | |
| 188 | മലപ്പുറം ജില്ലാ ഇൻഫർമേഷൻ ഓഫീസ് വിവിധ പ്രോഗ്രാം നടത്തിപ്പിലെ സാമ്പത്തിക ക്രമക്കേടുകളെ സംബന്ധിച്ച് **(206/FIW-H1/2015/Fin)** | 1. 2011-12 മുതൽ 2016-17 വരെയുള്ള കാലയളവിലെ വിവിധ പ്രോഗ്രാം നടത്തിപ്പുകളിൽ മാർഗ്ഗ നിർദ്ദേശങ്ങൾക്ക വിരുദ്ധമായി വിനിയോഗിച്ച തുകയായ 1,80,385/- രൂപ 18% പലിശ സഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരിച്ചടവാക്കേണ്ടതാണ്.<br>2. ക്വട്ടേഷൻ/ടെൻണ്ടർ നടപടി ക്രമങ്ങൾ പാലിക്കാതെ വ്യാജ ക്വട്ടേഷനുകളുണ്ടാക്കി തുക വിനിയോഗിച്ച് സർക്കാരിനെ കബളിപ്പിച്ചതിനും, നിലവിൽ പ്രവർത്തിക്കാത്ത സ്ഥാപനത്തിന്റെ പേരിൽ തുക വിനിയോഗിച്ചതിനും, ജില്ലാ ഇൻഫർമേഷൻ ഓഫീസർമാരായ ശ്രീമതി. വി.പി. സുലഭ കുമാരി, ശ്രീ.സി.അയ്യപ്പൻ എന്നിവർക്കെതിരെ കർശനമായ വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.<br>3. AT ഈടാക്കാത്ത ബില്ലുകൾ സ്വീകരിച്ചത് മൂലം സർക്കാരിന് നികുതിയിനത്തിൽ ലഭിക്കേണ്ടിയിരുന്ന 49,864/- രൂപ 18% പലിശയടക്കം ഉടൻതന്നെ അതാത് സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടയ്ക്കുവാൻ ജില്ലാ ഇൻഫർമേഷൻ ഓഫീസർക്ക് ഭരണവകുപ്പ് നിർദ്ദേശം നൽകേണ്ടതാണ്.<br>4. റ്റി.ഡി.എസ് ഈടാക്കാത്ത തുക നൽകിയതു | ശ്രീമതി. സുലഭകുമാരി.വി.പി യ്ക്കെതിരെ നടന്ന വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചുവന്ന ഫയലിൽ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ശുപാർശ കൂടി ഉൾപ്പെടുത്തി പരിശോധിക്കുകയും ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം ടിയാരിയ്ക്ക് KCS (CC&A)Part V Rule II(1)(i) പ്രകാരമുള്ള സെൻഷ്വർ എന്ന ലഘു ശിക്ഷ നൽകി അച്ചടക്ക നടപടി അവസാനിപ്പിച്ച് 31.01.2019-ലെ എ 1/50/2017/ഐ.&പി. ആർ.ഡി നമ്പർ നടപടിക്രമം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മനഃ പൂർവ്വമല്ല പ്രസ്തുത വീഴ്ച എന്നത് പരിഗണിച്ചും |

| | | | |
|---|---|---|---|
| | | മൂലം സർക്കാരിന് ലഭിക്കേണ്ടിയിരുന്ന 20,817/- രൂപ (12,537 + 8,280) 18% പലിശയടക്കം ഉടൻതന്നെ അതാത് സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടയ്ക്കുവാൻ ജില്ലാ ഇൻഫർമേഷൻ ഓഫീസർക്ക് ഭരണവകുപ്പ് നിർദ്ദേശം നൽകേണ്ടതാണ്. | ,ശ്രീമതി.സുലഭകുമാരി-ക്കെതിരെയുള്ള നടപടികൾ തീർപ്പാക്കിയിട്ടുള്ള സാഹചര്യത്തിലും മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടാക്കരു-തെന്ന താക്കീത് നൽകി ശ്രീ.സി അയ്യപ്പന്റെ പേർക്കുള്ള നടപടികൾ തീർപ്പാക്കിയിട്ടുണ്ട്. |
| 189 | ഇരിമ്പിളിയം കൃഷി ഭവൻ മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളിലെ ക്രമക്കേടുകളെ സംബന്ധിച്ച് **(1855/FIW-H1/2016/Fin)** | വിവിധ പദ്ധതികളുടെ ഭാഗമായി കർഷകർക്ക നൽകേണ്ടിയിരുന്ന തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആകാത്തതിനെ തുടർന്ന് അവശേഷിക്കുന്ന തുകയായ 3,13,942/- രൂപ ഗവൺമെന്റിലേക്ക് അടിയന്തിരമായി തിരിച്ചടക്കുവാനുള്ള നടപടി ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 190 | ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റ്, പെരുമ്പടപ്പ് **(770/FIW-asst1.mlp/2017/Fin)** | 2009-2010 ൽ ആർ .കെ. വി. വൈ പദ്ധതിയിലൂടെ ശ്രീ.ഉണ്ണികൃഷ്ണൻ എന്ന ഗുണഭോക്താവിന് അനധികൃതമായി സബ്സിഡി ഇനത്തിൽ നൽകിയ തുകയായ 15,000/- രൂപ സർക്കാരിലേയ്ക്ക് തിരിച്ചടവാക്കേണ്ടതാണ്. | സബ്സിഡി ഇനത്തിൽ നൽകിയ തുകയായ 15,000/- രൂപ സർക്കാരിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. |
| 191 | എടക്കര അഗ്രോ പ്രൊഡ്യൂസർ എന്ന കമ്പനിക്ക് നിയമ വിരുദ്ധമായി നിരന്തരം സാമ്പത്തിക സഹായം നൽകുന്നുവെന്നത് സംബന്ധിച്ച പരിശോധന - മലപ്പുറം ജില്ലാ കുടുംബശ്രീ മിഷൻ, | 1. നിലവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി യന്ത്രസാമഗ്രികൾ എടക്കര അഗ്രോ പ്രൊഡ്യൂസർ കമ്പനിക്ക് വിതരണം ചെയ്ത ഇനത്തിൽ യൂണിവേഴ്സൽ ഏജൻസീസ്, തൃശ്ശൂർ എന്ന കമ്പനിക്ക് നൽകേണ്ട തുകയായ 12,21,700/- രൂപ നൽകുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം ഭരണവകുപ്പ് തലത്തിൽ സ്വീകരിക്കേണ്ടതാണ്.<br>2. ഭരണാനുമതി ലഭിച്ച പ്രൊജക്ട് പ്രൊപ്പോസലിൽ നിന്നു വ്യതിചലിച്ചുകൊണ്ട് | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | മലപ്പുറം ജില്ലാ പഞ്ചായത്ത് **(328/FIW-H1/2017/Fin)** | പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചതിനും, സ്റ്റോർ പർച്ചേസ് നിബന്ധനകൾക്ക് വിരുദ്ധമായി technical advice ലഭിക്കാതിരുന്ന ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും, technical advice ലഭ്യമാകുന്നതിനു മുമ്പ് തന്നെ ടെൻഡർ നടപടികൾ സ്വീകരിച്ചതിനും പ്രസ്തുത കാലയളവിലെ പ്രൊജക്ട് നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ. മുഹമ്മദ് ഇസ്മയിലിനെതിരെ കർശനമായ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. | |
| 192 | ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയം മലപ്പുറം - വാഹന ദുരുപയോഗം. **(1303/FIW-asst1.mlp/2017/Fin)** | കരാർ വ്യവസ്ഥയിലെടുത്ത വാഹനം ദുരുപയോഗം ചെയ്തതിന് പ്രസ്തുത കാലയളവിലെ ജില്ലാ ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറായ ശ്രീ.സുഗുണനെതിരെ വകുപ്പ് തലത്തിൽ കർശന അച്ചടക്ക നടപടി കൈക്കൊള്ളുവാനും പ്രതിമാസ വാടകയിനത്തിൽ വിനിയോഗിച്ച തുകയായ 30,000/- രൂപയുടെ പകുതിയായ 15,000/- രൂപ 18% പലിശ സഹിതം ടി ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുവാനുള്ള നടപടി സ്വീകരിക്കാനും ഭരണവകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട് | ഒരു മാസത്തെ വാഹനവാടകയുടെ പകുതി പലിശ സഹിതം 17,700/- രൂപ ട്രഷറിയിൽ ചെലാൻ വഴി ഒടുക്കിയിട്ടുണ്ട് |
| 193 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, കിഴിശ്ശേരി – ഉച്ച ഭക്ഷണ പദ്ധതി **(915/FIW-asst2.mlp/2018/Fin)** | 8 മാസത്തെ സ്റ്റോക്കിൽ ചേർക്കാത്ത അരിയുടെ വിലയായ 1,18,925/- രൂപയുടെ പകുതിയായ 59,462/- രൂപ 18% പലിശ സഹിതം പ്രധാനാധ്യാപികയായ ശ്രീമതി.ശോഭന പൊറ്റക്കാടിൽ നിന്നും ബാക്കി തുകയായ 59,462/- രൂപയിൽ 7,432/- രൂപ ശ്രീ അനിൽലാൽ സാമിൽ നിന്നും 52,030/- രൂപ ശ്രീ.സന്തോഷ് കുമാറിൽ നിന്നും 18% പലിശ സഹിതം ഈടാക്കുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 194 | ഉപജില്ലാ വിദ്യാഭ്യാസ | ഉച്ച ഭക്ഷണ പദ്ധതിയുടെ ഭാഗമായി പാങ്ങ് | ഭരണ വകുപ്പ് നടപടി |

| | | | |
|---|---|---|---|
| | ഓഫീസ്, മങ്കട – ഉച്ച ഭക്ഷണ പദ്ധതി<br><br>**(828/FIW-asst1.mlp/Fin)** | ഗവൺമെന്റ് യു.പി. സ്കൂൾ അധികൃതർ യഥാർത്ഥത്തിൽ ചെലവായ തുകയേക്കാൾ അധികമായി വിനിയോഗിച്ച തുകയായ 5,09,991/- രൂപയും ജി.എച്ച്.എസ്.എസ് പാങ്ങ് സ്കൂൾ അധികൃതർ അധികമായി വിനിയോഗിച്ച തുകയായ 1,25,780/- രൂപയും 18% പലിശ സഹിതം ഈടാക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ട്. | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 195 | ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, മലപ്പുറം - അനധികൃത നിയമനം<br><br>**(756/FIW-asst1.mlp/Fin)** | അനധികൃതമായി ടെക്നിക്കൽ മാനേജർ തസ്തികയിൽ നിയമനം നൽകിയ ശ്രീ. ഗിരീഷ് കുമാറിന് വേതന ഇനത്തിൽ നൽകിയ തുകയുടെ 18% എന്ന നിരക്കിൽ കണക്കാക്കി ആയത് കാലാകാലങ്ങളിൽ വേതനം മാറിക്കൊടുത്ത ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാനും, ശ്രീ ഗിരീഷ് കുമാറിനെ അടിയന്തിരമായി ടെക്നിക്കൽ മാനേജർ തസ്തികയിൽ നിന്നു നീക്കം ചെയ്യുവാനും ശിപാർശ ചെയ്തിട്ടുണ്ട്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 196 | മലപ്പുറം സോഷ്യൽ ഫോറസ്റ്റി ഡിവിഷൻ ഓഫീസിലെ വാഹന ദുരുപയോഗം<br><br>**(532/FIW-asst1.mlp/2018/Fin)** | സ്വകാര്യ ആവശ്യങ്ങൾക്കായും, ലോഗ്ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്താതെയും വാഹനം ദുരുപയോഗം ചെയ്തതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഇദ്ദേഹം ജോലി ചെയ്ത കാലയളവിൽ ഏറ്റവും കൂടുതൽ ഇന്ധന ഉപഭോഗം നടത്തിയ 2018 ഫെബ്രുവരി മാസത്തിലെ ഇന്ധനത്തിന്റെ നിലവിലെ വിലയുടെ 50% ആയ **6,220/- രൂപ** ഈടാക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ട്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 197 | ഭക്ഷ്യ സുരക്ഷാ വകുപ്പ് അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയം, മലപ്പുറം- വിവിധ പദ്ധതികളുടെ നടത്തിപ്പിലെ | വിവിധ പദ്ധതികളുടെ നടത്തിപ്പിന്റെ ഭാഗമായി ബ്ലാങ്ക് ബില്ലുകൾ മുൻകൂറായി കടകളിൽനിന്ന് വാങ്ങിയും, ഇല്ലാത്ത സ്ഥാപനങ്ങളുടെ പേരിലുള്ള ബില്ലുകൾ ഉപയോഗിച്ചും യഥാർത്ഥത്തിൽ വന്ന ചെലവിനേക്കാൾ അധികമായി വിനിയോഗിച്ച തുകയായ | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | ക്രമക്കേട്(**963/FIW-H/2018/Fin)** | 1,06,295/- രൂപ 18% പലിശ സഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ട്. | |
| 198 | കൃഷിഭവൻ, കുറുവ **(283/FIW-asst2.mlp/2018/Fin)** | 'തെങ്ങ് കൃഷിക്ക് ജൈവവള വിതരണം' എന്ന പദ്ധതിയുമായി ബന്ധപ്പെട്ട സബ്സിഡി വിതരണത്തിൽ ഗുണഭോക്തൃ വിഹിതമായി നിശ്ചയിച്ചിരിക്കുന്ന തുകയേക്കാൾ അധികമായി ഈടാക്കിയ ആകെ തുകയായ 52,700/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കി അധിക തുക അടച്ച കർഷകർക്ക് തിരിച്ച് നൽകുവാനുള്ള നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 199 | എടയൂർ ഗ്രാമപഞ്ചായത്ത് - മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലെ ക്രമക്കേട് **(156/FIW-a3/2018/Fin)** | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ക്രമക്കേടുകളുടെ ഭാഗമായി അനധികൃതമായി വിനിയോഗിച്ച തുകയായ 63,105/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ പി. വിനോദ് കുമാറിൽ നിന്നും 18% പലിശ സഹിതം ഈടാക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ട്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 200 | എ.യു.പി സ്കൂൾ, വെള്ളിയഞ്ചേരി **(948/FIW-asst2.mlp/2018/Fin)** | വെള്ളിയഞ്ചേരി എ.യു.പി. സ്കൂൾ അദ്ധ്യാപകനായ ശ്രീ. കെ. കബീർ എടപ്പറ്റ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ വെക്കേഷൻ ആരംഭിക്കുന്നതിനു മുമ്പും വെക്കേഷൻ കാലാവധി കഴിഞ്ഞുമുള്ള തീയ്യതികളിൽ സ്കൂളിൽ ഹാജരായതായി കാണിച്ച് വെക്കേഷൻ സമയങ്ങളിൽ ഓണറേറിയത്തോടൊപ്പം ശമ്പള ഇനത്തിൽ കൈപ്പറ്റിയ തുകയായ 78,234/- രൂപ ആയത് കൈപ്പറ്റിയ കാലയളവു മുതൽ സർക്കാരിലേയ്ക്ക് | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | ഈടാക്കുന്നതു വരെയുള്ള കാലയളവിലേയ്ക്ക് 18 % പലിശ സഹിതം ടിയാനിൽ നിന്നും ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ട്. | |
| 201 | എ.എം.എം.എൽ.പി. സ്കൂൾ, പുളിക്കൽ **(1701/FIW-DFIO.mlp/2017/fin)** | 1) യഥാർത്ഥത്തിൽ വാങ്ങിയ അളവിനേക്കാൾ അധികമായി പാൽ വാങ്ങിയതായി കാണിച്ച് സർക്കാരിൽ നിന്നും അധികമായി നേടിയെടുത്ത തുകയായ 78,208/- രൂപ 18% പലിശ സഹിതം പ്രധാന അധ്യാപകനായ ശ്രീ. പി.എൻ. അബ്ദുൾ സലാം (PEN: 526521), ബന്ധപ്പെട്ട കാലയളവിൽ ഉച്ചഭക്ഷണ പദ്ധതിയുടെ ചുമതല വഹിച്ചിരുന്ന അധ്യാപകരായ ശ്രീ. അഷ്റഫ്.പി.ഒ (PEN: 613254), ശ്രീമതി. ഹിന്ദ് പാലമ്പറമ്പിൽ (PEN: 613250) എന്നിവരിൽ നിന്നും ഈടാക്കുവാനും, ടി ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ അച്ചടക്ക നടപടികൾ സ്വീകരിക്കുവാനും ശിപാർശ ചെയ്തിട്ടുണ്ട്.<br><br>2) പലചരക്ക് സാധനങ്ങൾ വാങ്ങിയ ഇനത്തിൽ സർക്കാരിൽ നിന്നും അധികമായി നേടിയെടുത്ത തുകയായ 2,13,074/- രൂപ 18% പലിശ സഹിതം പ്രധാന അധ്യാപകനായ ശ്രീ. പി.എൻ. അബ്ദുൾ സലാം (PEN: 526521), ബന്ധപ്പെട്ട കാലയളവിൽ ഉച്ചഭക്ഷണ പദ്ധതിയുടെ ചുമതല വഹിച്ചിരുന്ന അധ്യാപകരായ ശ്രീ.പി.ഒ.അഷ്റഫ് (PEN: 613254), ശ്രീമതി.കെ ഇമ്പിച്ചി ബീവി (PEN: 613243), ശ്രീമതി. ഹിന്ദ് പാലമ്പറമ്പിൽ (PEN: 613250) എന്നിവരിൽ നിന്നും ഈടാക്കുവാനും ടി ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുവാനും ശിപാർശ ചെയ്തിട്ടുണ്ട്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 202 | കുടിവെള്ള | കരുവഞ്ചേരി കുടിവെള്ള പദ്ധതിയുമായി | ഭരണ വകുപ്പ് നടപടി |

| | | | |
|---|---|---|---|
| | പദ്ധതിയിലെ ക്രമക്കേട്- മാറാക്കര ഗ്രാമപഞ്ചായത്ത് & ഫീൽഡ് പരിശോധന, ജില്ലാ പഞ്ചായത്ത്, മലപ്പുറം & ബ്ലോക്ക് പഞ്ചായത്ത്, കുറ്റിപ്പുറം **(764/FIW-asst1.mlp/2018/Fin)** | ബന്ധപ്പെട്ട് ഒ.പി നം. 435/2003 പ്രകാരമുള്ള കേസിലെ ബഹു: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാന്റെ 27.07.2005 ലെ അന്തിമ ഉത്തരവ് അടിയന്തിരമായി നടപ്പാക്കുന്നതിനുള്ള കർശനമായ നിർദ്ദേശം നിലവിലുള്ള സെക്രട്ടറിയ്ക്ക് നൽകുന്നതിനും, വാല്വേഷൻ നടത്തിയ ശേഷം അധികമായി കൈപ്പറ്റിയതായി കണ്ടെത്തുന്ന തുക 18% പലിശ സഹിതം (തുക കൈപ്പറ്റിയ തീയതി മുതൽ ബഹു: ഓംബുഡ്സ്മാൻ അന്തിമ ഉത്തരവ് പുറപ്പെടുവിച്ച 27.07.2005 വരെ) ഗുണഭോക്തൃ കമ്മിറ്റി കൺവീനറായ ശ്രീ. വി.പി. ഹുസൈനിൽ നിന്നും ഈടാക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ വിധി സമയബന്ധിതമായി നടപ്പിലാക്കാത്തത് പ്രസ്തുത കാലയളവിലെ സെക്രട്ടറിമാരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായതിനാൽ ഈ ഇനത്തിൽ സർക്കാരിനു വന്ന നഷ്ടം നികത്തുന്നതിനായി അധികമായി കൈപ്പറ്റിയ തുകയുടെ 18% വാർഷിക പലിശ ഉത്തരവ് തീയതി (27.07.2005) മുതൽ നാളിതു വരെയായി സെക്രട്ടറി തസ്തികയിൽ ജോലി ചെയ്ത ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്. | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 203 | ജില്ലാ കൺസോർഷ്യം ഡയറി നെറ്റ് വർക്കിംഗ് സൊസൈറ്റിയിലെ ടെക്നിക്കൽ മാനേജർ തസ്തികയിൽ ശ്രീ. ഗിരീഷ് കുമാറിന് പുനർ നിയമനം നൽകിയത് | ടെക്നിക്കൽ മാനേജർ തസ്തികയിലേയ്ക്കുള്ള അടിസ്ഥാന യോഗ്യത പോലും ഇല്ലാതെ ഒരു സർക്കാർ ഏജൻസിയായ KANFED ന്റെ പേരിലുള്ള സർട്ടിഫിക്കറ്റ് വ്യാജമായി സമർപ്പിച്ച ശ്രീ.ഗിരീഷ് കുമാറിനെ ഉടനടി പ്രസ്തുത തസ്തികയിൽ നിന്നും നീക്കം ചെയ്യുന്നതിനും, ടെക്നിക്കൽ മാനേജർ തസ്തികയിൽ പുനഃപ്രവേശിച്ച 07.02.2019 മുതൽ പിരിച്ചു വിടുന്ന തീയതി വരെയുള്ള | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | സംബന്ധിച്ച്<br>1) ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, മലപ്പുറം<br>2) ക്വാളിറ്റി കൺട്രോൾ ഓഫീസറുടെ കാര്യാലയം, മലപ്പുറം<br>**(819/FIW-dfio.mlp/2019/Fin)** | കാലയളവിൽ കൈപ്പറ്റിയ വേതനം തിരിച്ചുപിടിക്കുന്നതിനും കൂടാതെ വ്യാജ സർട്ടിഫിക്കറ്റ് നിർമ്മിച്ച് സർക്കാരിനെ കബളിപ്പിച്ചതിന് ശ്രീ.ഗിരീഷ് കുമാറിനെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്. | |
| 204 | G.H.S.S ഒതുക്കുങ്ങൽ - ക്ലർക്ക് നടത്തിയ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച്<br>**(2021/FIW-asst1.mlp/2018/Fin)** | സ്പാർക്ക് ബില്ലിലെ അക്കൗണ്ട് നമ്പർ തിരുത്തി അധ്യാപകർക്ക് നൽകേണ്ട തുകകൾ സ്വന്തം അക്കൗണ്ടിലേക്ക് നിക്ഷേപിച്ച ഒതുക്കുങ്ങൽ GHSS സ്കൂളിലെ ക്ലർക്കായിരുന്ന ശ്രീ.സാജനെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 205 | എച്ച്.എസ്.എസ് വെഞ്ഞാറമൂട് | 2015-16 മുതൽ 2018-19 കാലയളവിൽ ഉച്ചഭക്ഷണ പദ്ധതിയിലെ ക്രമക്കേട് നടത്തിയ 7740 KG അരിയ്ക്ക് 1,93,501/- രൂപ അതത് വർഷങ്ങളിൽ നൂൺ ഫീഡിംഗ് ഓഫീസറുടെ ചുമതലയുണ്ടായിരുന്നവരുടെ ബാധ്യതയായി നിശ്ചയിച്ച് 18% പലിശ സഹിതം ഈടാക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br>എസ്.പി.സി ഫണ്ട് തിരിമറി നടത്തിയതിന് എസ്.പി.സി യുടെ ചുമതലയുണ്ടായിരുന്ന സി.പി.ഒ ശ്രീ. സുരേഷ് കുമാർ പി.ആർ-ൽ നിന്നും 18% പലിശ സഹിതം ഈടാക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 206 | കേരള വന ഗവേഷണ കേന്ദ്രം, തൃശ്ശൂർ | സർക്കാർ അംഗീകാരം കൂടാതെ ജീവനക്കാർക്ക് ട്രാൻസ്പോർട്ടേഷൻ അലവൻസ് നൽകിയ നടപടി റദ്ദാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 207 | വി.പി.എം എസ്.എൻ.ഡി.പി എച്ച്.എസ്.എസ്, കഴിമ്പ്രം, തൃശ്ശൂർ | മാനേജരെന്ന നിലയിൽ സ്വന്തം ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തുകയും നിലവിലുള്ള നിയമങ്ങളും സർക്കാർ നിർദ്ദേശങ്ങൾ തുണവത്കരിക്കുകയും ചെയ്ത ശ്രീ. വി.സി പ്രവീണിനെതിരെ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരമുള്ള അച്ചടക്ക നടപടികൾ അടിയന്തിരമായി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 208 | DTPC എറണാകുളം (284/H2/2015/Fin) | കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ക്ഷാമബത്തയോ ക്ഷാമബത്ത നിരക്കിൽ വരുന്ന വർദ്ധനവുകളോ അനുവദിക്കാറില്ല. ഈ വ്യവസ്ഥ മറികടന്ന് ശ്രീ. റ്റി.എൻ ജയശങ്കറിന് ക്രമവിരുദ്ധമായി അനുവദിച്ച തുക തിരിച്ച് പിടിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 209 | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതി ഓഫീസ്(494/FIW-A1/2016/Fin) | പേയിംഗ് കൗണ്ടർ ജീവനക്കാരായ ശ്രീമതി. മഞ്ജുഷ. സി.എസ്, ശ്രീമതി. രശ്മി. ജി എന്നിവർക്ക് ക്രമരഹിതമായി ഇൻസന്റീവ് ഇനത്തിൽ നൽകിയ 3,92,130/- രൂപ ഇവരിൽ നിന്നും റിക്കവർ ചെയ്യാൻ ശിപാർശ ചെയ്തിട്ടുണ്ട്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 210 | തിരുവനന്തപുരം മെഡിക്കൽ കോളേജ് എ.സി.ആർ ലാബിൽ നടത്തിയ പരിശോധന (924/FIW-H1/2018/Fin) | ലാബ് ടെക്നീഷ്യനായ ശ്രീ. രമേഷ് ആർ.എസ് മുമ്പ് സേവനമനുഷ്ഠിച്ച സ്ഥാപനങ്ങളിൽ നിന്നും ഓഡിറ്റ് വിഭാഗം കണ്ടെത്തിയ സാമ്പത്തിക ബാധ്യതയായ 1,67,180/- രൂപ റിക്കവർ ചെയ്യാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br>KHRWS നിബന്ധനകൾക്ക് വിരുദ്ധമായി അനുവദിച്ച സൗജന്യമായ 4,32,533/- രൂപ ശ്രീ. രമേഷ് ആർ.എസ് ൽ നിന്നും റിക്കവർ ചെയ്യേണ്ടതാണ്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 211 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് ക്യാഷ് ബുക്കിലും മറ്റ് രേഖകളിലും തിരിമറി നടത്തി 5,35,865/- രൂപ തട്ടിയെടുത്തി മുൻ അക്കൗണ്ടന്റായ ശ്രീ. സതീഷ്.എസ് ൽ നിന്നും ടി തുക ക്രിമിനൽ/സിവിൽ നടപടിക്രമങ്ങൾ | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

൯

| | | | |
|---|---|---|---|
| | | മുഖേന ഈടാക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. | |
| 212 | അനധികൃതമായി യാത്രാബത്ത കൈപ്പറ്റിയതുമായി ബന്ധപ്പെട്ട് ശ്രീ. ടെറേഷ്യസിനെതിരായ പരാതി | ധനകാര്യ പരിശോധനാ വിഭാഗത്തിൽ 09/01/12 മുതൽ 30/09/15 വരെ ഡെപ്യൂട്ടി സെക്രട്ടറി പദവിയിൽ സേവനമനുഷ്ഠിച്ച ശ്രീ. എം. ടെറേഷ്യസ് പ്രസ്തുത കാലയളവിൽ യാത്രാപ്പടി ഇനത്തിൽ അനധികൃതമായി കൈപ്പറ്റിയ 2,21,732/- രൂപ 18% പലിശയോടെ തിരിച്ചടക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ട്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 213 | കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ് (MALCOTEX), മലപ്പുറം | MALCOTEX ബൈലോ ലംഘിച്ച് മെഷീനുകളും പരുത്തിയും വാങ്ങിയതിലും, നൂൽ വിറ്റഴിക്കുന്നതിലും, സ്ഥാപിത താൽപര്യങ്ങൾ പ്രവർത്തിക്കുകയും, ബോധപൂർവ്വമായ വീഴ്ചകളും ക്രമക്കേടുകളും നടക്കുകയും ചെയ്തതായി വ്യക്തമായതിനാൽ മാനേജിംഗ് ഡയറക്ടർ ശ്രീ. എം.കെ സലീമിനെ തൽസ്ഥാനത്ത് നിന്നും നീക്കം ചെയ്യാൻ ശിപാർശ ചെയ്തിട്ടുണ്ട്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 214 | ഗ്രാമ പഞ്ചായത്ത്, കുറ്റിപ്പുറം | മുൻ പഞ്ചായത്ത് സെക്രട്ടറി ശ്രീ. ഷൈജു വർഗ്ഗീസിനെ സർവ്വീസിൽ നിന്ന് മാറ്റി നിർത്തി, ക്രിമിനൽ നടപടി ക്രമങ്ങളും അച്ചടക്ക നടപടി സ്വീകരിക്കുവാനും ടിയാൻ നടത്തിയ സാമ്പത്തിക ക്രമക്കേട്, അഴിമതി സ്വജനപക്ഷപാതം എന്നിവ മൂലം ഗ്രാമ പഞ്ചായത്തിന് 2018 വരെ നഷ്ടമായ 4,78,521/- രൂപ ടിയാന്റെ ബാധ്യതയായി നിശ്ചയിച്ച് 18% പലിശ സഹിതം ഈടാക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 215 | ലോട്ടറി വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം | 2010-11 മുതൽ 2017-18 കാലയളവിൽ ലോട്ടറി ടിക്കറ്റ് വിതരണം ചെയ്യുന്ന ജോലികളിൽ പങ്കാളികളായിരുന്ന ജീവനക്കാർക്ക് യാത്രാപ്പടിയായി നൽകിയ 11,77,080/- രൂപ വകുപ്പ് ആഭ്യന്തര വിഭാഗം പരിശോധിച്ച് 4 ൽ കൂടുതൽ ഡി.എ ജീവനക്കാർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് എത്രയാണെന്ന് കണക്കാക്കി ടി തുക തിരിച്ച്പിടിച്ച് സർക്കാരിൽ റിപ്പോർട്ട് | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | ചെയ്യുവാൻ ശിപാർശ ചെയ്തിട്ടുണ്ട്. | |
| 216 | പോലീസ് സ്റ്റേഷൻ, തുമ്പ | TR 5 രസീതിൽ കൃത്രിമം നടത്തി അപഹരിച്ചതായി പൂർണ്ണമായും കണ്ടെത്തിയ 26,800/-രൂപയും ആയതിന്റെ 18% പലിശയും കണക്കാക്കി 31,624/- രൂപ തുമ്പ പോലീസ് സ്റ്റേഷനിലെ ഗ്രേഡ് എസ്.ഐ ആയ ശ്രീ. ഓമനക്കുട്ടൻ നായരിൽ നിന്നും തിരിച്ച്പിടിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. | 28/10/2020 ലെ സ.ഉ (സാധാ) നം. 2525/ 2020/ആഭ്യന്തരം പ്രകാരം തുമ്പ പോലീസ് സ്റ്റേഷനിൽ ജോലി നോക്കിയിരുന്ന ഗ്രേഡ് എസ്.ഐ ആയ ശ്രീ. ഓമനക്കുട്ടൻ നായരുടെപെൻഷനിൽ നിന്നും 500/- രൂപ 5 വർഷത്തേയ്ക്ക് കുറവ് ചെയ്തിട്ടുണ്ട്. |
| 217 | ബ്ലോക്ക് പഞ്ചായത്ത്, പെരുങ്കിടവിള - വാഹന പരിശോധന | സ്വകാര്യ ആവശ്യത്തിനായി വാഹനം ദുരുപയോഗം ചെയ്തതായി പരിശോധനയിൽ വ്യക്തമായതിനാൽ 2017 മാർച്ച് മുതൽ 2018 ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ ഏറ്റവും കൂടുതൽ ഇന്ധനം (310 ലിറ്റർ) ഉപയോഗിച്ച 2017 മാർച്ച് മാസത്തെ ഇന്ധനവിലയുടെ 50% 10,580/- രൂപ KL-19-3831 എന്ന വാഹനത്തിന്റെ നിയന്ത്രണാധികാരി എന്ന നിലയ്ക്ക് പെരുങ്കടവിള ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറായ ശ്രീ. പത്മകുമാറിൽ നിന്നും ഈടാക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. | പെരുങ്കടവിള ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. പത്മകുമാറിന്റെ ഡി.സി.ആർ.ജി യിൽ നിന്നും 10,580/- രൂപ ഈടാക്കിയിട്ടുണ്ട്. |
| 218 | ഗവ. ബോയ്സ് എച്ച്.എസ്.എസ്, പേട്ട | 01/01/2015 മുതൽ 30/09/2016 വരെ പരിസര ശുചീകരണത്തിനും വൃത്തിയാക്കലിനുമായി വൗച്ചറില്ലാതെ ചെലവാക്കിയ 3,900/- രൂപ അന്നത്തെ പി.റ്റി.എ പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നിവരിൽ നിന്ന് തുല്യബാധ്യതയായി നിശ്ചയിച്ച് 18% പലിശ സഹിതം ഈടാക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br>കുത്തകപാട്ട ലേലവുമായി ബന്ധപ്പെട്ട് PTA ഫണ്ടിൽ നിന്നും അനധികൃതമായി ചെലവഴിച്ച 19,400/- രൂപ അന്നത്തെ PTA പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നിവരിൽ നിന്ന് തുല്യബാധ്യതയായി നിശ്ചയിച്ച് 18% പലിശ സഹിതം ഈടാക്കി PTA അക്കൗണ്ടിൽ അടയ്ക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 219 | പെരുമൺ എൻജിനീറിംഗ് കോളേജ് | റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പരിപാടി നടത്താൻ അനുവദിച്ച ഫണ്ട് മാനദണ്ഡങ്ങൾക്ക് ഘടകവിരുദ്ധമായി ചെലവഴിച്ചതായി കണ്ടെത്തി. | പരിശോധനാ റിപ്പോർട്ട് ഭരണ വകുപ്പിന് കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 220 | സംസ്ഥാന ഫാർമസി കൗൺസിൽ | തൽക്കാൽ രജിസ്ട്രേഷൻ സ്കീം ഇനത്തിൽ അപേക്ഷകരിൽ നിന്നും സ്വീകരിച്ച തുകയിൽ ഫാർമസി ആക്ട് 1948 ലെ ചട്ടങ്ങൾക്ക് വിരുദ്ധമായി സംസ്ഥാന സർക്കാരിന്റെ അനുമതി ഇല്ലാതെ ഓവർ ടൈം അലവൻസായി പ്രസിഡന്റിനും,രജിസ്ട്രാർക്കും,മറ്റ് ജീവനക്കാർക്കുമായി വിതരണം ചെയ്തതായി കണ്ടെത്തി.<br><br>സംസ്ഥാന സർക്കാരിന്റെ അനുമതി ഇല്ലാതെ ഓവർ ടൈം അലവൻസായി പ്രസിഡന്റിനും,രജിസ്ട്രാർക്കും,മറ്റ് ജീവനക്കാർക്കുമായി വിതരണം ചെയ്തതായി കണ്ടെത്തിയ 4,48,350/-രൂപ അടിയന്തിരമായി തിരിച്ചുപിടിച്ച് കൗൺസിലിന്റെ അക്കൗണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്നും 2012 ഡിസംബർ മുതൽ 2014 മേയ് വരെയുള്ള കാലയളവിൽ സിറ്റിംഗ് ഫീസ് ഇനത്തിൽ നിലവിലെ കൗൺസിൽ പ്രസിഡന്റ് ശ്രീ.ബി രാജൻ അനർഹമായി കൈപ്പറ്റിയ 1,26,250/-രൂപ 18 % പലിശ സഹിതം ടിയാനിൽ നിന്ന് തിരിച്ച്പിടിച്ച് കൗൺസിലിന്റെ അക്കൗണ്ടിലേക്ക് ഒടുക്ക വരുത്തേണ്ടതാണെന്നും ശിപാർശ ചെയ്യു. | പരിശോധന റിപ്പോർട്ട് ഭരണ വകുപ്പിന് കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 221 | ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റി, സംസ്ഥാന ബ്രാഞ്ച്, | കൈപ്പറ്റിയ അഡ്വാൻസ് തുകയിൽ ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കാതിരിക്കുക, വൗച്ചറുകൾ ഹാജരാക്കാതിരിക്കുക,വായ്പ നൽകിയ ഇനത്തിൽ അധികമായി തുക | അന്തിമ നടപടി റിപ്പോർട്ട് ഭരണവകുപ്പ് |

| | | | |
|---|---|---|---|
| | തിരുവനന്തപുരം | കൈപ്പറ്റുക ,ഔദ്യോഗിക വാഹനത്തിന്റെ ദുരുപയോഗം എന്നിവ കണ്ടെത്തി. സൊസൈറ്റി മുൻ ഭാരവാഹികളായ ശ്രീ.സുനിൽ.സി.കുര്യൻ 13,69,360 രൂപയും ശ്രീ.ചെമ്പഴന്തി അനിൽ 4,76,605 രൂപയും ശ്രീ.രജിത് രാജേന്ദ്രൻ 54,028 രൂപയും എന്നിവരിൽ നിന്ന് 18% പലിശ സഹിതം തിരിച്ചു പിടിക്കേണ്ടതാണെന്നുള്ള ശിപാർശ ചെയ്തു. | നിലവിൽ ലഭ്യമാക്കിയിട്ടുണ്ട് .ആയത് ധനകാര്യ പരിശോധനാ വകുപ്പ് പരിശോധിച്ചുവരുന്നു. |
| 222 | സബ് ട്രഷറി, കരുനാഗപ്പള്ളി | ശ്രീ.എൻ.വിമലൻ പുനർ വിവാഹിതനായതിനു ശേഷം അനർഹമായി കുടുംബ പെൻഷൻ കൈപ്പറ്റി.<br><br>അനർഹമായി കൈപ്പറ്റിയ **11,50,720/- രൂപ** 18% പലിശ സഹിതം ടിയാനിൽ നിന്ന് റവന്യൂ റിക്കവറി മുഖേനയോ മറ്റ് മാർഗ്ഗങ്ങൾ മുഖേനയോ അടിയന്തിരമായി തിരിച്ചുപിടിക്കുവാൻ ശിപാർശ ചെയ്തു | അന്തിമ നടപടി റിപ്പോർട്ട് ഭരണവകുപ്പ് ധനകാര്യ പരിശോധനാ വകുപ്പിൽ ലഭ്യമാക്കിയിട്ടില്ല. |
| 223 | കേരള ലളിത കലാ അക്കാദമി, തൃശ്ശൂർ | കൈപ്പറ്റിയ അഡ്വാൻസ് തുക 04.10.2011 ലെ സ.ഉ(അച്ചടി) നം.419/2011/ധന ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കൈയ്യിൽ സൂക്ഷിക്കുക, TR-05 ഇനത്തിലുള്ള വരവ് തുക നാളിതുവരെ അക്കാദമി വികസന അക്കൗണ്ടിൽ ഒടുക്കു വരുത്താതിരുക്കുക, എക്സിക്യൂട്ടീവ് കമ്മിറ്റി ചെലവുകൾക്കായി മുൻകൂർ പിൻവലിച്ച തുകയിൽ തിരിച്ചടയ്ക്കാതിരിക്കുക തുടങ്ങിയ ക്രമക്കേടുകൾ കണ്ടെത്തി. | അംഗീകരിച്ച പരിശോധനാ റിപ്പോർട്ട് ഭരണവകുപ്പിനു കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.. |
| 224 | ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, തൃശ്ശൂർ | തൃശ്ശൂർ ചിൽഡ്രൻസ് ഹോമിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. രവികുമാർ കെ വ്യാജ രേഖ ചമച്ച് പണാപഹരണവും ഗുരുതരമായ അച്ചടക്കലംഘനവും നടത്തിയതായും , ചിൽഡ്രൻസ് ഹോമിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ വ്യാജ ഒപ്പിട്ട് ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച 11,72,900/- രൂപയിൽ വിവിധ ഔദ്യോഗിക ആവശ്യങ്ങൾക്കായി ചെലവഴിച്ച വകയിൽ | അംഗീകരിച്ച പരിശോധനാ റിപ്പോർട്ട് ഭരണവകുപ്പിനു കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.. |

| | | | |
|---|---|---|---|
| | | 2,56,176/- രൂപയുടെ വൗച്ചറുകൾ ക്രമീകരിക്കാതിരിക്കുക, തുടങ്ങിയ ക്രമക്കേടുകൾ പരിശോധനയിൽ കണ്ടെത്തി. | |
| 225 | ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ, ഇടുക്കി<br><br>ഡി.റ്റി.പി.സി. സബ് സെന്റർ, മാട്ടുപ്പെട്ടി | ചെലവിനനുസൃതമായ വൗച്ചറുകൾ ഹാജരാക്കാതിരിക്കുക, സർക്കാർ ചട്ടങ്ങൾക്ക് വിരുദ്ധമായി ജില്ലാ കളക്ടറുടെ ക്യാമ്പ് ഓഫീസിന്റെ ആവശ്യത്തിനായി ക്വട്ടേഷൻ/ടെണ്ടറില്ലാതെ വാങ്ങൽ നടത്തുക, വായ്പയിനത്തിൽ ഡി.റ്റി.പി.സി സബ് കളക്ടർക്ക് നൽകിയ തുക ഭരണച്ചെലവായി മാറ്റി എന്നീ ക്രമക്കേടുകൾ കണ്ടെത്തി. | അംഗീകരിച്ച പരിശോധനാ റിപ്പോർട്ട് ഭരണവകുപ്പിനു കൈമാറിയിട്ടുണ്ട്.<br><br>അന്തിമ നടപടി റിപ്പോർട്ട് ഭരണവകുപ്പ് ധനകാര്യ പരിശോധനാ വകുപ്പിൽ ലഭ്യമാക്കിയിട്ടില്ല. |
| 226 | ഐ.റ്റി.ഐ, ചാലക്കുടി | 2005 മേയ് മുതൽ 2016 ഒക്ടോബർ വരെയുള്ള കാലയളവിൽ ക്യാഷ് സെക്ഷനിലെ ക്ലാർക്ക് ചുമതലയുണ്ടായിരുന്ന ശ്രീ. പി.കെ നന്ദകുമാറിന്റെ ഭാഗത്ത് നിന്ന് കടുത്ത സാമ്പത്തിക കൃത്യവിലോപം മൂലം ജീവനക്കാർക്കും ട്രെയിനികൾക്കും അർഹമായ ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടു. | അംഗീകരിച്ച പരിശോധനാ റിപ്പോർട്ട് ഭരണവകുപ്പിനു കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.. |
| 227 | കാപെക്സ്, കൊല്ലം | 2002-2007 കാലഘട്ടങ്ങളിൽ കാപെക്സിൽ നടന്ന പർച്ചേസുകളിൽ ഒന്നും തന്നെ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ചിട്ടില്ല. സ്റ്റോർ പർച്ചേസ് ചട്ടം മറികടന്നതിനാൽ പൊതുപണം നഷ്ടം സംഭവിച്ചിട്ടുണ്ട്. . | അംഗീകരിച്ച പരിശോധനാ റിപ്പോർട്ട് ഭരണവകുപ്പിനു കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 228 | മണ്ണുസംരക്ഷണ പര്യവേക്ഷണ വകുപ്പ് ഡയറക്ടറേറ്റ് | കുട്ടനാട് പാക്കേജിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 46,15,168/-രൂപ വിനിയോഗിച്ചു. | അംഗീകരിച്ച പരിശോധനാ റിപ്പോർട്ട് ഭരണവകുപ്പിനു കൈമാറിയിട്ടുണ്ട്.<br>അന്തിമ നടപടി റിപ്പോർട്ട് ഭരണവകുപ്പ് ധനകാര്യ |

| | | | |
|---|---|---|---|
| | | | പരിശോധനാ വകുപ്പിൽ ലഭ്യമാക്കിയിട്ടില്ല. |
| 229 | കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് | ശാസ്ത്ര സാങ്കേതിക&പരിസ്ഥിതി വകുപ്പിന്റെ 02.08.1999 തീയതിയിലെ G.O(P)No.82/99/STED നമ്പർ ഉത്തരവ് ദുർവ്യാഖ്യാനം ചെയ്ത് നോൺ സയന്റിഫിക്ക് (ടെക്നിക്കൽ) ജീവനക്കാരെ സയന്റിസ്റ്റ് തസ്തികയിലേക്ക് പ്രമോഷൻ നൽകി.. | അംഗീകരിച്ച പരിശോധനാ റിപ്പോർട്ട് ഭരണവകുപ്പിനു കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 230 | കുമാരനാശാൻ നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ | 1.കരാർ വേതന അടിസ്ഥാനത്തിൽ കൾച്ചറൽ ഡവലപ്മെന്റ് ഓഫീസർ തസ്തികയിൽ പ്രവേശിച്ച ശ്രീ.എം.പി സുഭാഷ് ഇൻഫർമേഷൻ&പബ്ലിക്ക് റിലേഷൻസ് വകുപ്പിലെ കൾച്ചറൽ ഡവലപ്മെന്റ് ഓഫീസറുടെ ശമ്പള സ്കെയിലിൽ ശമ്പളം വാങ്ങി വന്നിരുന്ന നടപടി ക്രമവിരുദ്ധമാണ്.<br><br>2. കരാർ വേതന അടിസ്ഥാനത്തിൽ കൾച്ചറൽ ഡവലപ്മെന്റ് ഓഫീസർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.എം.പി സുഭാഷിന് 21.07.1997 മുതൽ ഇൻഫർമേഷൻ&പബ്ലിക്ക് റിലേഷൻസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസറുടെ ശമ്പളസ്കെയിലിൽ ശമ്പളം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ച ആശാൻ സ്മാരക സെക്രട്ടറിയുടെ നടപടി ക്രമവിരുദ്ധമാണ്. | അംഗീകരിച്ച പരിശോധനാ റിപ്പോർട്ട് ഭരണവകുപ്പിനു കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.. |
| 231 | ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റി | 2016 ജൂലൈ മാസം മുതൽ നഗര സഭ വനിത ഹോസ്റ്റൽ നടത്തിപ്പ് വഴി നിലവിലെ ഏജൻസി ആർജ്ജിച്ച വരുമാനമായ 2,68,260/ രൂപ മുൻസിപ്പലിറ്റിയുടെ അക്കൗണ്ടിൽ ഒടുക്ക് വരുത്തിയിട്ടില്ല | ഹോസ്റ്റലിന്റെ 07/16 മുതൽ 03/19 വരെയുള്ള വാടകയും അനുബന്ധ നികുതികളും ഉൾപ്പെടെ 3,90,017/- രൂപയും 18% പിഴ പലിശ തുകയായ 75,020/- രൂപയും നിലവിലെ ലൈസൻസിയായ |

| | | | |
|---|---|---|---|
| | | | ജനാധിപത്യ മഹിളാ അസോസിയേഷൻ നഗരസഭാ തനത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു. |
| 232 | ടൂറിസം ഡയറക്ടേറ്റ് | ടൂറിസം വകുപ്പിലെ ഉദ്യോഗസ്ഥർ യഥാസമയം അഡ്വാൻസ് ക്രമീകരിക്കാതിരിക്കുന്നു.<br><br>അഡ്വാൻസ് ക്രമീകരിക്കാത്ത ഉദ്യോഗസ്ഥർക്കായി വീണ്ടും അഡ്വാൻസ് ഇനത്തിൽ തുക അനുവദിച്ചു.<br><br>പിൻ അപ് ബോർഡുകളുടെ വാങ്ങലുമായി ബന്ധപ്പെട്ട് സാമ്പത്തിക നഷ്ടം വരുത്തി. | അംഗീകരിച്ച പരിശോധനാ റിപ്പോർട്ട് ഭരണവകുപ്പിനു കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 233 | കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ ,എറണാകുളം | സ്റ്റോർ പർച്ചേസ് മാന്വൽ ചട്ടത്തിനു വിരുദ്ധമായി വർക്ക് നടപടികൾ സ്വീകരിച്ചു | അംഗീകരിച്ച പരിശോധനാ റിപ്പോർട്ട് ഭരണവകുപ്പിനു കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 234 | കാലിക്കറ്റ് യൂണിവേഴ്സിറ്റി | കാലിക്കറ്റ് സർവകലാശാലയിൽ ലാൻ നെറ്റ് വർക്കിങ് സംവിധാനം നടപ്പിലാക്കുന്നതിൽ ഗുരുതര ക്രമക്കേട് സംഭവിച്ചു.<br><br>ലാൻ നെറ്റ് വർക്ക് പ്രവൃത്തികളിലെ ടെണ്ടറിലെ Part D-5 ഇനവുമായി ബന്ധപ്പെട്ട ചെലവിനത്തിൽ ക്രമാതീതമായ വർദ്ധനവുണ്ടായി.കേബിൾ ചെലവ്, കേബിൾ laying ചെലവ് ഇനവുമായി ബന്ധപ്പെട്ട അധിക ചെലവും ഉൾപ്പെടെ ഏകദേശം 30,60,438 രൂപ (27,06,116+ 3,54,322) അധിക തുക കരാറുകാരനു നല്കി. | പരിശോധനാ റിപ്പോർട്ടിലെ കണ്ടെത്തലുമായി ബന്ധപ്പെട്ട് കാലിക്കറ്റ് സർവകലാശാല USIC എൻജിനീയറെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തതായി ഭരണവകുപ്പ് അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | പാർട്ട് ഡി-5 എന്ന കൺസ്യൂമബിൾ ഐറ്റത്തിനു മുൻ ടെണ്ടറിൽ നിശ്ചയിച്ച "ലോട്ട്"(ഒരു റ്റം ചെയ്യുന്നതിനുള്ള നിരക്ക്) എന്ന അളവിൽ നിന്ന് വ്യത്യസ്തമായി പുതിയ ടെണ്ടർ നോട്ടീസിൽ യാതൊരു അളവ് നിശ്ചയിക്കാതെയും തുടർന്ന് കൺസ്യൂമബിൾ ഐറ്റത്തിനു "മീറ്റർ" നിരക്ക് ക്വൊട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടർ സാധൂകരിക്കുകയും, ടി കമ്പനി നൽകിയ ബില്ലുകൾ ശരിയായി വിലയിരുത്താതെ ബില്ലുകൾ സാക്ഷ്യപ്പെടുത്തിയ USIC എഞ്ചിനീയറുടെ ഭാഗത്തു നിന്ന് ഗുരുതര വീഴ്ചയുണ്ടായി. | |
| 235 | ഐ.ഐ.ഐ.ടി .എം.കെ,കഴക്കൂട്ടം | ഐ.ഐ.ഐ.ടി.എം.കെയ്ക്ക് അനുവദിച്ച 50 കോടി രൂപ ധനകാര്യ വകുപ്പിന്റെ വേയ്സ് ആൻഡ് മീൻസ് ചട്ടങ്ങൾക്ക് വിരുദ്ധമായി 10 തവണയായി 5 കോടി രൂപ വീതം വിവിധ ചെക്ക് പേയ്മെന്റുകൾ മുഖേന തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ കൈകാര്യം ചെയ്യുന്ന പി.എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ നിന്നും കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നവേഷൻ ആൻറ് ടെക്നോളജി(KUDSIT) യൂണിവേഴ്സിറ്റിയുടെ കാനറാ ബാങ്ക് കഴക്കൂട്ടം ബ്രാഞ്ചിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് 2021 മാർച്ച് മാസത്തിലെ വിവിധ തീയതികളിലായി ചട്ടവിരുദ്ധമായി തുക കൈമാറി. | അംഗീകരിച്ച പരിശോധനാ റിപ്പോർട്ട് ഭരണവകുപ്പിനു കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 236 | ഡി.റ്റി.പി.സി, കൊല്ലം | ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിൽ കൊല്ലം ആശ്രാമത്തുള്ള പാരമ്പര്യ മ്യൂസിയത്തിൽ ആർട്ട് ഗ്യാലറി നടത്തുന്നതിന് സ്വകാര്യ വ്യക്തിയ്ക്ക് കൈമാറിയ ശേഷം ആർട്ട് ഗ്യാലറിയുടെ ഉദ്ഘാടനച്ചടങ്ങുകൾക്ക് ഡി.റ്റി.പി.സി. ഫണ്ടിൽ നിന്നും 1,06,150/- രൂപ ചെലവാക്കിയതായി കണ്ടെത്തി. | അംഗീകരിച്ച പരിശോധനാ റിപ്പോർട്ട് ഭരണവകുപ്പിനു കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 237 | ആർ.ബി .സബ്ഡിവിഷൻ (നം.2), കെ.ഐ.പി. | കല്ലട ജലസേചന പദ്ധതിയുടെ ഓപ്പറേഷൻ & മെയിന്റനൻസ് വിഭാഗത്തിന് അനുവദിച്ച ഔദ്യോഗിക വാഹനം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീമതി.സുജ.എസ്.എസ്. | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീമതി .സുജ.എസ്.എസ്. |

| | | | |
|---|---|---|---|
| | | ദുരുപയോഗം ചെയ്തതായി കണ്ടെത്തി. | ക്രമവിരുദ്ധമായി കൈപ്പറ്റിയ യാത്രാബത്ത 1600/- രൂപ 18% പലിശ സഹിതവും ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തതിന് 3007/- രൂപയും ഈടാക്കിയിട്ടുണ്ട് എന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |
| 238 | റീ സർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്, കൊല്ലം | 2012-13 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ അനുരഞ്ജനം നടത്തുന്നതിനായി നിയോഗിച്ചിരുന്ന ജൂനിയർ സൂപ്രണ്ട് ശ്രീ.എസ്.രാധാകൃഷ്ണൻ, യു.ഡി.ക്ലാർക്കുമാരായ ശ്രീ.അനിൽകുമാർ, ശ്രീ.ധനേഷ് എന്നിവർ ഔദ്യോഗിക യാത്രകൾ നടത്തിയെന്ന് കാണിച്ച് യാത്രാപ്പടി കൈപ്പറ്റിയിരുന്നു.അനുരഞ്ജന പത്രിക സമർപ്പിച്ചിരുന്നില്ല എന്ന് കണ്ടെത്തി. | അംഗീകരിച്ച പരിശോധനാ റിപ്പോർട്ട് ഭരണവകുപ്പിനു കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 239 | പൊതുമരാമത്ത് (കെട്ടിട വിഭാഗം), കൊല്ലം | പൊതുമരാമത്ത് വകുപ്പിന്റെ (കെട്ടിട വിഭാഗം) കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായിരുന്ന ശ്രീമതി.ജയ.കെ.എ, ശ്രീമതി.നസീം.വി.ഐ. എന്നിവർ ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തതായി കണ്ടെത്തി. | അംഗീകരിച്ച പരിശോധനാ റിപ്പോർട്ട് ഭരണവകുപ്പിനു കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 240 | ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷൻ | ഇക്കോ ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി 15 സീറ്റുള്ള ഡബിൾ ഹൾ, ഡബിൾ എഞ്ചിൻ ബോട്ട് വാങ്ങുന്നതുമായി ബന്ധപ്പെട്ട് വൈൽഡ് ലൈഫ് വാർഡനായിരുന്ന ശ്രീമതി.ലക്ഷ്മി.ആർ ഗുരുതരമായ കൃത്യവിലോപം നടത്തിയതുമൂലം പൊതുഖജനാവിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയതായി കണ്ടെത്തി. | പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശെന്തുരുണി വൈൽഡ് ലൈഫ് വാർഡനായിരുന്ന ശ്രീമതി.ആർ.ലക്ഷ്മിയ്ക്ക് 1960 കേരള സി.സി.എ റൂൾസ് ചട്ടം 15 പ്രകാരം കഠിനശിക്ഷയ്ക്കു |

| | | | |
|---|---|---|---|
| | | | ള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ച വിവരം ഭരണവകുപ്പ് (വനം വന്യജീവി എ വകുപ്പ്) ധനകാര്യ പരിശോധനാ വകുപ്പിൽ അറിയിച്ചിട്ടുണ്ട്. |
| 241 | മേജർ ഇറിഗേഷൻ സെക്ഷൻ ഓഫീസ്, കൊല്ലം | അസി.എഞ്ചിനീയറായ ശ്രീ.ശിവാനന്ദൻ. എം ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററും വിശദാംശങ്ങളും കൃത്യമായി സൂക്ഷിച്ചിരുന്നില്ല. | എം ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാതിരുന്നതിന് അസി.എഞ്ചിനീയറായ ശ്രീ.ശിവാനന്ദൻ. എം.ന് 31.01.2019.ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ താക്കീത് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. |
| 242 | ഭക്ഷ്യ സുരക്ഷാ അസി.കമ്മീഷണറുടെ കാര്യാലയം, കൊല്ലം | 1). വിവിധ സ്ഥാപനങ്ങൾക്ക് പിഴ ഇനത്തിൽ ചുമത്തിയിട്ടുള്ള 9,70,000/- രൂപ സർക്കാരിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.<br>2).2017-18 സാമ്പത്തിക വർഷം മയ്യനാട് പഞ്ചായത്തിൽ ഭക്ഷ്യസുരക്ഷാ പഞ്ചായത്ത് പദ്ധതി നടപ്പാക്കുന്നതിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് 1000/- രൂപയുടെ വ്യാജബില്ല് ഇരവിപുരം സർക്കിൾ ഭക്ഷ്യസുരക്ഷാ ഓഫീസർ സമർപ്പിച്ചതായി കണ്ടെത്തി. | അംഗീകരിച്ച പരിശോധനാ റിപ്പോർട്ട് ഭരണവകുപ്പിനു കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 243 | ഗവ.എച്ച് .എസ് .എസ്,തൊടിയൂർ | 1). പി.റ്റി.എ.ഫണ്ട് അധികമായി വാങ്ങുന്നു.<br>2). മോണോഗ്രാം പതിച്ച ഉത്തരക്കടലാസ് ഉത്തരവാദിത്തമില്ലാതെ കൈകാര്യം ചെയ്യുന്നതായി കണ്ടെത്തി.<br>3). 2014. നു ശേഷം സ്കൂളിൽ നിന്നും PASS OUT ആയ വിദ്യാർത്ഥികൾക്ക് 2019 ആയിട്ടും കോഷൻ ഡെപ്പോസിറ്റ് വിതരണം ചെയ്തിട്ടില്ല. | അംഗീകരിച്ച പരിശോധനാ റിപ്പോർട്ട് ഭരണവകുപ്പിനു കൈമാറിയിട്ടുണ്ടെങ്കിലും അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 244 | ഗവ.മോഡൽ | 1). രസീത് ഇല്ലാതെ വിദ്യാർത്ഥികളിൽ നിന്നും | പരിശോധനാ |

| | | | |
|---|---|---|---|
| | ബോയ്സ് എച്ച്.എസ്.എസ്, കൊല്ലം | തുക ഈടാക്കുന്നു. 2).2015. ന ശേഷം സ്കൂളിൽ നിന്നും PASS OUT ആയ വിദ്യാർത്ഥികൾക്ക് 2019 ആയിട്ടും കോഷൻ ഡെപ്പോസിറ്റ് വിതരണം ചെയ്തിട്ടില്ല. 3). പി.റ്റി.എ.ഫണ്ട് ചെലവഴിച്ചതിന്റെ വ്യക്തമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. | റിപ്പോർട്ടിന്റെ അടിസ് ഥാനത്തിൽ സ്കൂൾ പ്രിൻസിപ്പലിനെ സസ്പെൻഡ് ചെയ്തതായി ഭരണവകുപ്പ് അറിയിച്ചിട്ടുണ്ട്. |
| 245 | കുണ്ടറ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിലുള്ള എൽ.പി, യു.പി.സ്കൂളുകൾ | സ്പാർക്കിൽ ലോഗിൻ ചെയ്യുന്നതിനുള്ള USER ID/PASSWORD, പ്രഥമാദ്ധ്യാപകർക്ക് നൽകിയിട്ടുള്ള ഡിജിറ്റൽ സിഗ് നേച്ചർ എന്നിവ ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തി. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 246 | സർവ്വീസ് സഹകരണ ബാങ്ക്, പേരയം | ഗുണഭോക്താക്കളിൽ പലരുടേയും മരണശേഷവും പെൻഷൻ വിതരണം ചെയ്തിരിക്കുന്നതായി കണ്ടെത്തി. | പരിശോധനയുടെ റിപ്പോർട്ട് അനന്തര നടപടികൾക്കായി ധനകാര്യ(എസ് .എഫ്.സി-ബി) വകുപ്പിന് കൈമാറിയിട്ടുണ്ട്. |
| 247 | പശ്ചിമഘട്ട വികസന പദ്ധതി നിർവ്വഹണം, വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് No. 378/FIW-K1/2016/Fin. | PAASS(പഴകുളം അഗ്രികൾച്ചർ ആന്റ് സർവ്വീസ് സൊസൈറ്റി) സെക്രട്ടറി കൈപറ്റിയിട്ടുള്ള 6 ലക്ഷം രൂപയും (നരിക്കുഴി:3 ലക്ഷം-05.01.2011, കിടങ്ങാമൂഴി:3 ലക്ഷം-10.03.2011), നരിക്കുഴി നീർത്തട പദ്ധതിയിൽ പച്ചക്കറി വിത്ത് വിതരണവുമായി ബന്ധപ്പെട്ട് PAASS-ന് അധികമായി നൽകിയ 500/- രൂപയും ടി തുകകൾ കൈപറ്റിയ തീയതി മുതലുള്ള 18% പലിശയും കണക്കാക്കി PAASS സെക്രട്ടറി ശ്രീ.ജയിംസ് അലക്സാണ്ടറിൽ നിന്ന് നിയമാനുസൃത മാർഗ്ഗങ്ങളിലൂടെ ഈടാക്കുന്നതിനും ടിയാൾ വാട്ടർഷെഡ് അക്കൗണ്ടിൽ തിരികെ ഒടുക്കിയിട്ടുള്ള തുകകളുടെ കൈവശം വച്ച കാലയളവിലെ | നടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | 18% പലിശയും നിയമാനുസൃത നടപടികൾ സ്വീകരിച്ച് ഈടാക്കുന്നതിനും PAASS-എന്ന സ്ഥാപനത്തിനെതിരെ നിയമപരമായ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.പ്രസാദ് പി.രവിക്ക് (05.08.2011 മുതൽ 31.03.2012 വരെ) കർശനമായ താക്കീത് നൽകുന്നതിനും , പശ്ചിമഘട്ട വികസന പദ്ധതി പ്രവർത്തനങ്ങളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കൃഷി ഓഫീസറുടെ നിരുത്തരവാദപരമായ പ്രവൃത്തി മൂലം സർക്കാരിന് നഷ്ടപ്പെട്ടിട്ടുള്ള 2,93,566/- രൂപ കൃഷി ഓഫീസർ ശ്രീ.ലിജു ജോണിന്റെ വ്യക്തിപരമായ ബാധ്യതയായി നിജപ്പെടുത്തി ടിയാനിൽ നിന്നും ഈടാക്കുന്നതിനും ടിയാനെതിരെ കർശനമായ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. | |
| 248 | ഗ്രാമപഞ്ചായത്ത്, ഏറത്ത്, സംസ്ഥാന ഓഡിറ്റ് വകുപ്പ് ജില്ലാ ഓഫീസ് No.1545/FIW-K1/2016/Fin. | 1) ചിറ്റാണി മുക്ക്-മണ്ണടി റോഡ് PMGSY സ്കീമിൽ ഉൾപ്പെടുത്തി പണിയുന്നതിനുള്ള സ്ഥലം സൗജന്യമായി വിട്ടുകൊടുക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി കൈക്കൊണ്ട തീരുമാനം പഞ്ചായത്ത് സെക്രട്ടറി (ശ്രീ.പ്രഭകുമാരൻ നായർ.വി) അസിസ്റ്റന്റ് എഞ്ചിനീയറെ കൃത്യമായി അറിയിക്കാതിരുന്നത് മൂലം മെയിന്റനൻസ് ഫണ്ടിനത്തിൽ 863989/-രൂപ പാഴ്ച്ചെലവ് സംഭവിച്ചിട്ടുണ്ട്. ടി തുക കൃത്യ നിർവ്വഹണത്തിൽ വീഴ്ചവരുത്തിയ പഞ്ചായത്ത് സെക്രട്ടറി ശ്രീ.പ്രഭകുമാരൻ നായർ.വി-യുടെ വ്യക്തിഗത ബാദ്ധ്യതയായി കണക്കാക്കി ടിയാനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.<br><br>2) ജില്ലാ ഓഡിറ്റ് ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ.വി.കെ.ഷാജിയുടെ നിരുത്തരവാദപരമായ പ്രവർത്തി മൂലമാണ് ഓഡിറ്റിൽ നിരാകരിച്ച 953074/- | നടപടി റിപ്പോർട്ട് ഭരണവകുപ്പ് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | (863989+89085) രൂപ തിരിച്ചു പിടിക്കാനുള്ള സാഹചര്യം ഒഴിവായിട്ടുള്ളത്. ഈ വിഷയത്തിൽ അനാവശ്യ തിടുക്കം കാണിച്ച് തുക നിരാകരിച്ചത് സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ക്രമരഹിതമായി ഒഴിവാക്കി നൽകിയത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.വി.കെ ഷാജിയുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. ടിയാനെതിരെ കർശനമായ വകുപ്പ്തല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും ഡെപ്യൂട്ടി ഡയറക്ടർ കൈക്കൂലി വാങ്ങിക്കൊണ്ട് ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കിക്കൊടുത്തുവെന്ന പരാതിയിലെ ആരോപണം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ചുമതലപ്പെടുത്തുന്നതിനും ശുപാർശ ചെയ്തു. | |
| 249 | കില, തൃശ്ശൂർ No.519/FIW-K1/2016/Fin. | ഉദ്യോഗകയറ്റത്തിന്റെ മറവിൽ ചട്ട വിരുദ്ധമായി ശമ്പള നിർണ്ണയം നടത്തി ശമ്പളകുടിശ്ശികയിനത്തിൽ ജീവനക്കാർക്ക് അനുവദിച്ച് നൽകിയ 16,34,173/- രൂപ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും അടിയന്തിരമായി തിരിച്ചു പിടിക്കേണ്ടതാണ് . ടി തുക ജീവനക്കാരിൽ നിന്നും തിരിച്ച് പിടിക്കാത്ത പക്ഷം ആയത് കില ഡയറക്ടർ ആയ ഡോ.പി.പി.ബാലന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി ടിയാനിൽ നിന്നും തിരിച്ചു പിടിക്കുവാൻ ശുപാർശ നൽകിയിരുന്നു. | ഭരണവകുപ്പ് നടപടി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല |
| 250 | പ്രാഥമിക ആരോഗ്യ കേന്ദ്രം, പാമ്പാടുംപാറ No.40/FIW-K2/2017/Fin. | പാമ്പാടുംപാറ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സായ ശ്രീമതി.ശ്രീദേവി.എം.പിയും കെ.പി.കോളനി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ആയ ശ്രീ.രാജേഷ്.എം.കെയും കൈപ്പറ്റിയ 10,00,000/- (പത്ത് ലക്ഷം രൂപ) രൂപയുടെ ഭവനനിർമ്മാണ വായ്പ വായ്പാ വ്യവസ്ഥകൾക്ക് വിരുദ്ധമായി വകമാറ്റി ചെലവഴിച്ച സാഹചര്യത്തിൽ അവർ തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പതുകയും പലിശയും | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | ചേർത്ത് ഒറ്റത്തവണയായി റവന്യൂറിക്കവറി ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി അടിയന്തിരമായി സർക്കാരിലേയ്ക്ക് തിരിച്ചടപ്പിക്കാൻ നടപടികൾ സ്വീകരിക്കുവാനും, ഭവനനിർമ്മാണ വായ്പാ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള ഉദ്ദേശ്യത്തിന് വായ്പാതുക ഉപയോഗിക്കാതെ വകമാറ്റി ചെലവഴിച്ചതിന് വായ്പതുകയുടെ മേൽ നിലവിലെ പലിശനിരക്കിനെക്കാൾ 2.5 ശതമാനം കൂടുതൽ പിഴ പലിശ കണക്കാക്കി വായ്പാക്കാരിൽ നിന്നും ഈടാക്കുവാനും ശുപാർശ ചെയ്യു. | |
| 251 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, ചെറുവത്തൂർ No. 1493/FIW-K2/2017/Fin. | ചെറുവത്തൂർ ജി.എഫ്.വി.എച്ച്.എസിലെ സീനിയർ ക്ലാർക്കായിരുന്ന (നിലവിൽ ചെറുവത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക്) ശ്രീ.സന്തോഷ് കൃഷ്ണ കൈപ്പറ്റിയ 3,60,000/- (മൂന്ന് ലക്ഷത്തി അറുപതിനായിരം രൂപ) രൂപയുടെ ഭവനനിർമ്മാണവായ്പ വായ്പാ വ്യവസ്ഥകൾക്ക് വിരുദ്ധമായി വകമാറ്റി ചെലവഴിച്ച സാഹചര്യത്തിൽ ടിയാൻ തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പതുകയും പലിശയും ചേർത്ത് ഒറ്റത്തവണയായി അടിയന്തിരമായി സർക്കാരിലേയ്ക്ക് തിരിച്ചടപ്പിക്കാൻ നടപടികൾ സ്വീകരിക്കുന്നതിനും , ഭവനനിർമ്മാണ വായ്പാ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള ഉദ്ദേശ്യത്തിന് വായ്പാതുക ഉപയോഗിക്കാതെ വകമാറ്റി ചെലവഴിച്ചതിന് വായ്പ തുകയുടെ മേൽ നിലവിലെ പലിശനിരക്കിനേക്കാൾ 2.5 ശതമാനം പിഴ പലിശ കൂടി കണക്കാക്കി വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതിനും ശുപാർശ ചെയ്യു. | റിപ്പോർട്ടിലെ ശുപാർശകൾ ഭരണവകുപ്പ് നടപ്പിലാക്കി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 252 | സർവീസ് സഹകരണ ബാങ്ക് , പുൽപ്പള്ളി No.519/FIW-K1/2017/Fin. | ബാങ്കിന്റെ ഹെഡ് ഓഫീസ് നവീകരണത്തിന് തുക ചെലവഴിച്ചത് സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിക്കാതെയാണ്. ഇതിലുപരിയായി പത്ര പരസ്യം നൽകി ക്വട്ടേഷൻ സ്വീകരിച്ചത് സംബന്ധിച്ച് തെളിവ് ഹാജരാക്കാൻ ബന്ധപ്പെട്ടവർക്ക് സാധിച്ചിട്ടില്ല. | ഭരണവകുപ്പ് നടപടി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല |

| | | | |
|---|---|---|---|
| | | ഈ സാഹചര്യത്തിൽ, ഹെഡ് ഓഫീസ് നവീകരണത്തിന് അംഗീകരിച്ച ക്വട്ടേഷൻ തുകയായ 7,45,000/- രൂപയിൽ അധികരിച്ച് ഏജൻസിക്ക് നൽകിയ 2,17,870/- രൂപ ഡയറക്ടർ ബോർഡ് അംഗങ്ങളിൽ നിന്നും സെക്രട്ടറിയിൽ നിന്നും തുല്യമായി തിരിച്ച് പിടിക്കുവാൻ ശുപാർശ നൽകിയിട്ടുണ്ട്. | |
| 253 | വേളി ടൂറിസ്റ്റ് വില്ലേജ് No.218/FIW-K1/2017/Fin. | വേളി ടൂറിസ്റ്റ് വില്ലേജിലെ പ്രവേശനഫീസ്, ഷൂട്ടിംങ്ങ് ചാർജ് പിരിവുകളിൽ നിന്നും സർക്കാരിന് കരാർ പ്രകാരം ലഭിക്കേണ്ട പാട്ടകുടിശ്ശികയായ 95,70,000/- രൂപ ഡി.റ്റി.പി.സിയിൽ നിന്നും കരാർ പ്രകാരമുള്ള 12% പിഴ പലിശസഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത തുക പ്രതിമാസ പാട്ടത്തുകയോടൊപ്പം തവണകളായി ഈടാക്കേണ്ടതാണ്. | 03/09/18 ലെ സ.ഉ(സാ.ധാ) 409/2018/ടൂറിസം (ന.ഫ. പേജ് 110) പ്രകാരം വേളി ടൂറിസ്റ്റ് വില്ലേജിലെ ഫീസിനത്തിലിതുവരെ യുള്ള കുടിശ്ശിക തിരുവനന്തപുരം ഡി.റ്റി.പി.സി യിൽ നിന്ന് അടിയന്തിരമായി ഈടാക്കാനുള്ള നടപടികൾ ടൂറിസം ഡയറക്ടർ സ്വീകരിക്കേണ്ടതും കുടിശ്ശിക തീർക്കുന്നതിന് ഡിറ്റിപിസി നടപടി സ്വീകരിക്കേണ്ടതുമാണെന്ന് ഉത്തരവായിട്ടുണ്ട്. |
| 254 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം (1478/k2/17) | ജോൺ മത്തായി Vs UEIL വ്യവഹാരവുമായി ബന്ധപ്പെട്ട കരാർ വ്യവസ്ഥയിൽ പ്രവൃത്തി പൂർത്തികരിക്കുന്നതിന് സമയപരിധി നിശ്ചയിച്ച് കരാറുകാരനെ അറിയിക്കുന്നതിൽ വീഴ്ച വരുത്തിയതും, കരാർ വ്യവസ്ഥയിൽ സമയപരിധി നിഷ്കർഷിക്കാതിരുന്നതും ടി കരാർ ഒപ്പ് വച്ച കാലയളവിൽ UEIL മാനേജിംഗ് ഡയറക്ടർ ആയിരുന്ന ശ്രീ. മുഹമ്മദ് ഷെരീഫിന്റെ വീഴ്ചയാണ്. അതുമായി ബന്ധപ്പെട്ട വ്യവഹാരത്തിന്റെ നടത്തിപ്പിനായി | നടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | | UEIL ന് ചെലവായ തുകയായ 2,44,273/-രൂപ ടി കരാർ ഒപ്പ വച്ച കാലയളവിൽ UEIL ഡയറക്ടറായി സേവനമനുഷ്ഠിച്ചതും , കേരഫെഡിൽ നിന്നും 31.05.2018-ൽ വിരമിച്ചതുമായ ശ്രീ. മുഹമ്മദ് ഷെരീഫിൽ നിന്നും 18% പലിശ സഹിതം റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കാൻ ശുപാർശ ചെയ്യു. കരാർ ഇല്ലാതെ അവനീർ പവർ ടെക്നോളജീസിൽ നിന്നും എനർജി മീറ്ററിന്റെ ഭാഗങ്ങൾ വാങ്ങിയത് അനാവശ്യ കോടതി വ്യവഹാരങ്ങൾക്കും അതുമൂലം കമ്പനിക്ക് (35,96,399-19,63,240= 16,33,159) 16,33,159 രൂപയും 7,63,506 രൂപ വ്യവഹാരത്തിനുമുൾപ്പെടെ 23,96,665 രൂപയുടെ നഷ്ടം സൃഷ്ടിച്ചു. പ്രസ്തുത കാലഘട്ടത്തിൽ UEIL മാനേജിംഗ് ഡയറക്ടർ ആയിരുന്ന ശ്രീ. കെ.വി. സെയ്തു മുഹമ്മദ് മരണപ്പെട്ട സാഹചര്യത്തിൽ കമ്പനിക്ക് ഇതിന്മേൽ ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണ് എന്ന് ശുപാർശ ചെയ്യു.<br>അവനീർ പവർ ടെക്നോളജീസ് ഫയൽ ചെയ്ത വിധി നടത്തു ഹർജി സ്റ്റേ ചെയ്യുന്നതിലേയ്ക്ക് ബഹു.കോടതിയിൽ കെട്ടിവയ്ക്കുന്നതിനായി അനുവദിച്ച 35,96,399.60 രൂപ 05/06/2017 ലെ സർക്കാർ ഉത്തരവ് (സാധാ) നം.767/2017/ഐഡിയിൽ നിഷ്കർഷിച്ചിരിക്കും പ്രകാരം വേറെ ഏതെങ്കിലും തരത്തിൽ കണ്ടെത്തി UEIL അടിയന്തിരമായി തിരികെ നിക്ഷേപിക്കേണ്ടതും, ആയത് തിരികെ നിക്ഷേപിച്ചശേഷം മാത്രമെ മറ്റേതെങ്കിലും തരത്തിലുള്ള സർക്കാർ സാമ്പത്തിക സഹായം കമ്പനിയ്ക്ക് അനുവദിക്കുന്നുള്ളുവെന്ന് ഭരണവകുപ്പ് ഉറപ്പുവരുത്തേണ്ടതുമാണ് എന്നും ശുപാർശ ചെയ്യു. | |
| 255 | അംഗപരിമിതർക്ക് | കേരള വികലാംഗ ക്ഷേമ കോർപ്പറേഷനെ | നടപടി റിപ്പോർട്ട് |

| | | | |
|---|---|---|---|
| | ട്രൈസ്കൂട്ടർ വിതരണം ഐ.സി.ഡി.എസ് പ്രോജക്റ്റ് ഓഫീസ്, പറക്കോട് No.2403/FIW-K1/2017/Fin. | സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ മറികടന്നുള്ള വാങ്ങൽ നടപടികളിൽ ഏർപ്പെടുന്നതിൽ നിന്നും പരിപൂർണ്ണമായും നിരോധിക്കുവാനും സർക്കാർ പണം ഒന്നര വർഷത്തിലധികം കൈവശം വച്ചതിനും ഗുണഭോക്താക്കൾക്ക് ഭൗതിക ലക്ഷ്യം ലഭ്യമാകാതിരിക്കുന്നതിനും ടി സ്ഥാപനത്തിൽ നിന്നും 2145000/- രൂപ കൈപ്പറ്റിയ തീയതി മുതലുള്ള സർക്കാർ നിരക്കിലുള്ള പലിശ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | ഭരണവകുപ്പ് ലഭ്യമാക്കിയിട്ടില്ല. |
| 256 | പി.ഡബ്ല്യു.ഡി ബിൽഡിംഗ്സ്, സബ് & ഡിവിഷൻ, പത്തനംതിട്ട പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ സബ് ഡിവിഷൻ, പത്തനംതിട്ട No.508/FIW-K2/2018/Fin. | ഭരണാനുമതിയില്ലാതെ **46.32 ലക്ഷം** (4632206/- രൂപ) ചെലവഴിച്ച് സ്കൂൾ കോമ്പൗണ്ടിലൂടെ വാട്ടർ ചാനൽ നിർമ്മിച്ചപ്രവൃത്തിയും ,സ്കൂൾ അതിർത്തിയിൽ വേലി (Fencing) സ്ഥാപിക്കുന്നതിനും പുതുക്കി പണിയുന്നതിനും രണ്ട് തവണകളിലായി **8,14,082/-** രൂപ ചെലവഴിച്ചെങ്കിലും വിഭാവനം ചെയ്ത ഭൗതിക ലക്ഷ്യം കൈവരിക്കാൻ ഇപ്പോഴും സാധിച്ചിട്ടില്ല. ഔദ്യോഗിക വാഹനം അനുവദിക്കപ്പെട്ടിട്ടില്ലാത്ത മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ജീപ്പ് ഷെഡ് നിർമ്മാണത്തിനു **1,95,041 രൂപ** ചെലവഴിച്ചത് നിയമാനുസൃതം അല്ല. **36.5 ലക്ഷം** രൂപ ചെലവഴിച്ച് പുനരുദ്ധരിച്ച കെട്ടിടം കേവലം 4 അദ്ധ്യയന വർഷക്കാലയളവിനു ശേഷം ഉപയോഗ യോഗ്യമല്ലാതായി മാറിയിട്ടുണ്ട്. ഇത് സ്വാഭാവിക യുക്തിക്ക് നിരക്കുന്നതല്ല . വടശ്ശേരിക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ഇലക്ട്രിക്കൽ മെയിന്റനൻസ് പദ്ധതിയ്ക്കായി പത്തനംതിട്ട പൊതുമരാമത്ത് വകുപ്പ് വൈദ്യുത വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ തയ്യാറാക്കിയ 1.96 ലക്ഷം രൂപയുടെ നിർവ്വഹണത്തിനു ശേഷം അവശേഷിക്കുന്ന തുക ബന്ധപ്പെട്ട സർക്കാർ അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല. പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന നിക്ഷേപ പ്രവൃത്തിയായി നടപ്പാക്കിയ മറ്റു വകുപ്പുകളിലെ വിവിധ നിർമ്മാണ | നടപടി റിപ്പോർട്ട് ഭരണവകുപ്പ് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | പ്രവൃത്തികളുടെ നിർവ്വഹണത്തിനു ശേഷം പൊതുമരാമത്ത് വകുപ്പിന്റെ ഡെപ്പോസിറ്റ് ഹെഡിൽ **47,61,656/-** രൂപ അവശേഷിക്കുന്നു. ടി തുക സർക്കാർ ഖജനാവിലേക്ക് മാറ്റുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. | |
| 257 | പന്തളം ബ്ലോക്ക് പഞ്ചായത്ത് -അനെർട്ട്<br>No.1417/FIW-K1/2018/Fin. | പട്ടികജാതി സങ്കേതങ്ങളിൽ കഴിയുന്ന പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ പട്ടികജാതിക്കാരുടെ രാത്രികാല യാത്രാ ദുരിതം പരിഹരിക്കുന്നതിനു വേണ്ടി,ആവിഷ്കരിച്ച പ്രോജക്ടുകൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിൽ അനെർട്ട് ഗുരുതരമായ വീഴ്ച വരുത്തിയ സാഹചര്യത്തിൽ പദ്ധതി വിഹിതം ഇനത്തിൽ മുൻകൂറായി കൈപ്പറ്റിയിട്ടുള്ള 18,40,058/- രൂപയുടെ കൈപ്പറ്റിയ തീയതി (കൈപ്പറ്റ് രസീത് തീയതി 27.06.13.) മുതൽ പദ്ധതി നിർവഹണം പൂർത്തിയാക്കി റിപ്പോർട്ട് ചെയ്യുന്ന കാലയളവ് വരെയുള്ള 18 % പലിശ സർക്കാർ അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്. | നടപടി റിപ്പോർട്ട് ഭരണവകുപ്പ് ലഭ്യമാക്കിയിട്ടില്ല. |
| 258 | കോന്നി ബ്ലോക്ക് പഞ്ചായത്ത് -സൗരദീപ്തി-അനെർട്ട്<br>No.509/FIW-K1/2018/Fin. | 1.. "സൗരദീപ്തി" എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിനായി മുൻകൂറായി കൈപ്പറ്റിയിട്ടുള്ള 20.9 ലക്ഷം രൂപയിൽ നിന്നും പ്രവൃത്തിയുടെ നിർവ്വഹണത്തിനു വേണ്ടി വർക്ക് ഓർഡർ നൽകിയിട്ടുള്ള തുകയായ 11.991 ലക്ഷം രൂപയും , നിക്ഷേപ പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് അനെർട്ട് ആവശ്യപ്പെടുന്ന എസ്റ്റിമേറ്റ് തുകയുടെ 10% തുകയായ 1.35 ലക്ഷം രൂപയും കിഴിച്ചുള്ള തുകയായ 7.559 ലക്ഷം രൂപ (20.9 – (11.991+1.35 ലക്ഷം)) ബന്ധപ്പെട്ട സർക്കാർ അക്കൗണ്ടിൽ ഒടുക്കുന്നതിനു വേണ്ടി ബ്ലോക്ക് പഞ്ചായത്തിന് തിരികെ നൽകുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്. പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് തുകയുടെ 30 % കേന്ദ്ര സർക്കാർ സബ്സിഡി ലഭ്യമാകുന്നില്ലായെങ്കിൽ ടി തുകയും അനെർട്ടിൽ നിന്ന് ഈടാക്കി സർക്കാർ | നടപടി റിപ്പോർട്ട് ഭരണവകുപ്പ് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | അക്കൗണ്ടിൽ ഒടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. | |
| 259 | ക്ലീൻ കേരള കമ്പനി ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിൽപ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിച്ചത്<br>No.1477/FIW-K1/2018/Fin. | 19.05.2017 ലെ സ.ഉ (സാധാ) നം. 1641/2017 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ വഴി ഉത്പാദിപ്പിക്കുന്ന ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് ക്ലീൻ കേരള ലിമിറ്റഡ് വാങ്ങി റോഡ് ടാറിംഗിനു വേണ്ടി പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിഭാഗം എന്നിവർക്ക് വിതരണം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് വിഭാവനം ചെയ്തിട്ടുള്ള പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് വഴി ഉത്പാദിപ്പിക്കുന്ന പ്ലാസ്റ്റിക് വാങ്ങുന്നതിന് ക്ലീൻ കേരള ലിമിറ്റഡ് എന്ന സ്ഥാപനം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല<br>"ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിൽ പ്ലാസ്റ്റിക് ഷെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കലും അനുബന്ധ ചെലവുകളും". എന്ന പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്ന് 3,93,177/- രൂപ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മുൻകൂറായി കൈപ്പറ്റി വാണിജ്യ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള സാഹചര്യത്തിൽ ടി തുകയുടെ 28.03.18 മുതൽ പദ്ധതി നിർവ്വഹണം പൂർത്തിയാക്കുന്ന തീയതി വരെയുള്ള കാലയളവിലെ 18% പലിശ കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. | നടപടി റിപ്പോർട്ട് ഭരണവകുപ്പ് ലഭ്യമാക്കിയിട്ടില്ല. |
| 260 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്- ഇ-പേയ്മെന്റ് അക്കൗണ്ടുകൾ<br>No.274/FIW-K1/2019/Fin | കർഷകർക്ക് അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് സബ്സിഡി അനുവദിക്കുന്നതിനായി സർക്കാർ നിർദ്ദേശപ്രകാരം ആരംഭിച്ചിരുന്നതും എന്നാൽ നിലവിൽ ടി ആവശ്യത്തിനായി പൂർണ്ണമായി ഉപയോഗിക്കാതിരിക്കുന്നതുമായ ( പത്തനംതിട്ട | സർക്കാർ തല നടപടി റിപ്പോർട്ട് ഭരണവകുപ്പ് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | ജില്ലയിലെ വിവിധ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിലെ ) ഇ-പേയ്മെന്റ് അക്കൗണ്ടുകളിൽ, അവകാശവാദം ഉന്നയിച്ചിട്ടില്ലാത്തതിനാൽ (Unclaimed ആയതിനാലും ) മുതനിക്ഷേപമായി തുടരുന്ന 3261334.72 രൂപ സർക്കാർ ഖജനാവിൽ അടയ്ക്കുവാൻ ശുപാർശ ചെയ്തിരുന്നു. | |
| 261 | പന്തളം നഗരസഭ<br>No.940/FIW-K1/2019/Fin. | 01.06.2018 മുതൽ 30.06.2019 വരെയുള്ള കാലയളവിൽ, പന്തളം നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് ക്വാർട്ടേഴ്സ് വാടകയിനത്തിൽ നടത്തിയിട്ടുള്ള പിൻവലിക്കലുകൾ സുതാര്യത ഇല്ലാത്തതും, അനുവദിക്കാൻ കഴിയാത്തതുമാകയാൽ, ടി കാലയളവിൽ പന്തളം സെക്രട്ടറി ആയിരുന്ന ശ്രീ സനിൽ എസ്. വാടകയിനത്തിൽ നാളിതുവരെ ക്യാഷ് ചെക്ക് മാറി നേരിട്ട് കൈപ്പറ്റിയിട്ടുള്ള 1,95,000/- രൂപയും, തുക പിൻവലിച്ച തീയതി (അനുബന്ധം 3 കാണുക) മുതൽ നാളിതുവരെയുള്ള ഉള്ള കാലയളവിലെ 18 ശതമാനം പലിശയും ചേർന്ന തുക തിരികെ ഈടാക്കേണ്ടതാണ്. | നടപടി റിപ്പോർട്ട് ഭരണവകുപ്പ് ലഭ്യമാക്കിയിട്ടില്ല. |
| 262 | സി .എം.ഡി.ആർ.എഫ്.- തിരുവല്ല താലൂക്കിലെ പ്രളയ ധനസഹായ വിതരണം<br>ഫിംസ് നം. 355/2021 | 1) 2018 ലെ പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് ഭവന പുനരുദ്ധാരണ ധനസഹായ (റീ ബിൽഡ് കേരള) ഇനത്തിൽ അനർഹമായി വിതരണം ചെയ്തിട്ടുള്ളതും തിരികെ ഈടാക്കാൻ അവശേഷിക്കുന്നതുമായ 97,32,900/- രണ്ട് തവണ ആശ്വാസ ധനസഹായം അനുവദിക്കപ്പെട്ടതായി 1048000/- രൂപ തിരികെ ഈടാക്കുന്നതിനും ഈടാക്കാൻ സാധിക്കാത്ത പക്ഷം ആയത് ബന്ധപ്പെട്ട കാലയളവിൽ തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ചുമതലകൾ നിർവഹിച്ചിട്ടുള്ള ജീവനക്കാരുടെ തുല്യ വ്യക്തിഗത ബാധ്യതയായി നിജപ്പെടുത്തി പ്രസ്തുത ജീവനക്കാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട സർക്കാർ അക്കൗണ്ടുകളിൽ ഒടുക്കുന്നതിനും ശുപാർശ ചെയ്യുന്നു.<br>2) 2018 ലെ പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് | നടപടി റിപ്പോർട്ട് ഭരണവകുപ്പ് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | തിരുവല്ല താലൂക്കിൽ നിന്നും ഒന്നിലധികം തവണ അനർഹമായി ധനസഹായം വിതരണം ചെയ്യപ്പെട്ട 17 ഗുണഭോക്താക്കളിൽ നിന്നും ആയത് തിരികെ ഈടാക്കിയതും ബന്ധപ്പെട്ട സർക്കാർ അക്കൌണ്ടുകളിൽ ഒടുക്ക് വരുത്തിയതും സംബന്ധിച്ച് സാധൂകരിക്കുന്ന രേഖകൾ സമർപ്പിക്കാത്ത തുകകൾ ആയതിന് ചുമതലയുണ്ടായിരുന്ന ജീവനക്കാരുടെ ഉല്ല്യ വ്യക്തിഗത ബാധ്യതയായി നിജപ്പെടുത്തി ബന്ധപ്പെട്ട സർക്കാർ അക്കൌണ്ടുകളിൽ (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (സി.എം.ഡി.ആർ.എഫ്.) നിന്നുള്ള വിഹിതത്തിന്റെയും, സംസ്ഥാന ദുരന്ത പ്രതികരണ നിധി (എസ്.ഡി.ആർ.എഫ്.) വിഹിതത്തിന്റെയും തിരിച്ചടവ് ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് തന്നെ ) ഒടുക്ക് വരുത്തുന്നതിനും ശുപാർശ ചെയ്യു. | |
| 263 | സി-ഡിറ്റ് ഇലക്ട്രോണിക്സ്-ഐ.ടി വകുപ്പ് | സി-ഡിറ്റിൽ കരാർ/താൽകാലിക ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി അല്ലാതെ നിയമിക്കപ്പെടുകയും പ്രോജക്ട് കാലാവധി കഴിഞ്ഞും ജോലിയിൽ തുടരാൻ അനുവദിക്കുന്നു. ഇവരെ സ്ഥിരപ്പെടുത്തിയിരിക്കുന്നത് നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. തസ്തികകളുടെ വിജ്ഞാപനത്തിൽ യോഗ്യത, ശമ്പളം, ശമ്പള സ്കെയിൽ എന്നിവ രേഖപ്പെടുത്താതിരിക്കുകയും യോഗ്യത മാനദണ്ഡങ്ങൾ മറി കടന്ന് നിയമനം നൽകി ശമ്പളം നൽകിയതായും കാണുന്നു.<br>കൂടാതെ സി-ഡിറ്റിൽ ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സി.എസ്.ഐ.ആർ യോഗ്യതയുള്ള സയന്റിസ്റ്റ് കാറ്റഗറിയിലുള്ളവർക്ക് മാത്രമേ അനുവദനീയമായ സി.എസ്.ഐ.ആർ/ ഐ.സി.എ.ആർ/യു.ജി.സി ശമ്പള സ്കെയിൽ അനുവദിക്കാവൂ ഇതിന് വിരുദ്ധമായി ശമ്പളം നൽകിയതായി കാണുന്നു. | നടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 264 | കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപറേഷൻ No.FIW-K2/6/2021/Fin. | ഇന്ധന വിതരണ കമ്പനികളിൽ നിന്നും ടാങ്കർ ലോറികൾ മുഖേന ഡിപ്പോകളിൽ (HSD) ഇന്ധനം വിതരണം ചെയ്യുമ്പോൾ അനുവദനീയമായ നഷ്ടം 0.1% ആയിരിക്കെ KSRTC fuel cell പ്രസ്തുത നഷ്ടം 0.4% വരെയാണ് നിലവിൽ അനുവദിക്കുന്നത്. Filling centre കളിൽ നിന്നും ഉച്ച സമയത്ത് ഇന്ധനം ടാങ്കറുകളിൽ നിറയ്ക്കുന്നത്. ഉച്ച സമയത്തെ ഉയർന്ന താപനില മൂലം ഉണ്ടാകുന്ന Thermal expansion പ്രതിഭാസം മൂലമാണ് ടി നഷ്ടം സംഭവിക്കുന്നത് എന്നാണ് കേരള സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന Energy Management Centre(EMC) പഠനത്തിൽ പ്രതിപാദിക്കുന്നത്. ആയതിനാൽ ടി നഷ്ടം കുറയ്ക്കുന്നതിനായി ഇന്ധന പർച്ചേസിനുള്ള indent തലേദിവസം നൽകത്തക്കവിധത്തിൽ പണം തലേ ദിവസം തന്നെ മുൻകൂറായി നൽകുന്നതിനും EMC ശുപാർശ ചെയ്യുന്നു. ഇതിലൂടെ ഇന്ധനം രാത്രി സമയം തന്നെ ടാങ്കറുകളിൽ നിറയ്ക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്തുന്നതിനും തൻമൂലം Thermal expansion മുഖേനയുള്ള നഷ്ടം ഒഴിവാക്കണമെന്നും ശുപാർശ ചെയ്തു.<br>ഇന്ധനത്തിന്റെ ഉപയോഗം കുറ്റമറ്റതും കാര്യക്ഷമമാക്കുന്നതിനായും fuel Accounts ന്റെ കൃത്യത ഉറപ്പുവരുത്തുന്നതിനായും പ്രവർത്തനക്ഷമമല്ലാത്ത service നടത്തുന്ന ഡീസൽ എൻജിൻ ബസുകളിൽ അടിയന്തിരമായി odometer പ്രവർത്തനക്ഷമമാക്കേണ്ടതാണെന്നും ശുപാർശ ചെയ്തു. | നടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല |